33rd Year of Service 2025

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

June 27, 2025 | Vol. XXXIII No. 26 | Periodicals Postage Paid




# ഉജ്വല വിജയം നേടി ആര്യാടൻ ഷൗക്കത്ത്


കോഴിക്കോട്: ജൂൺ 19-ന് നടന്ന നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ യുഡിഎഫിന് ഉജ്വല വിജയം. 2016 മുതൽ കൈവിട്ടുപോയ മണ്ഡലം ആര്യാടൻ ഷൗക്കത്തിലൂടെ യു.ഡിഎഫ് പിടിച്ചെടുത്തു. വോട്ടെണ്ണൽ പൂർത്തിയായപ്പോൾ യുഡിഎഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന് 77737 വോട്ട് ലഭിച്ചു. 11077 വോട്ടാണ് ഷൗക്കത്തിന്റെ ഭൂരിപക്ഷം. എൽ.ഡി.എഫിന്റെ എം. സ്വരാജിന് 66660 വോട്ടും ഒറ്റയ്ക്കു പൊരുതിയ മുൻ എംഎൽഎ പി.വി. അൻവർ 19760 വോട്ട് നേടി കരുത്തു കാട്ടി. എൻഡിഎയുടെ മോഹൻ ജോർജിന് 8648 വോട്ട് നേടാനേ ആയുള്ളൂ.

ഇടതു സ്വതന്ത്രനായി 2016-ലും 2021-ലും വിജയിച്ചു കയറിയ പി.വി. അൻവർ സിപിഎമ്മുമായി തെറ്റിപ്പിരിഞ്ഞതോടെയാണ് ഉപതെരഞ്ഞെടുപ്പിനു കളമൊരുങ്ങിയത്. തുടക്കത്തിൽ വോട്ടെണ്ണിയ വഴിക്കടവ് പഞ്ചായത്ത് മുതൽ പി.വി. അൻവർ ഉയർത്തിയ ഭീഷണി മറികടന്നുകൊണ്ടാണ് ആര്യാടൻ ഷൗക്കത്ത് വിജയത്തിലേക്ക് കുതിച്ചത്. ആദ്യം യുഡിഎഫ് സ്ഥാനാർത്ഥി ഒന്നു പതറിയെങ്കിലും ആദ്യ അഞ്ച് റൗണ്ട് പൂർത്തിയായപ്പോൾ ഭൂരിപക്ഷം നാലായിരത്തിൽ എത്തിക്കാൻ കഴിഞ്ഞു. പിന്നീട് ആര്യാടന് തിരിഞ്ഞുനോക്കേണ്ടി വന്നില്ല. ഒരിക്കൽപ്പോലും എൽഡിഎഫ് സ്ഥാനാർത്ഥി എം. സ്വരാജിന് ലീഡ് നേടാനായില്ല.



പോസ്റ്റൽ ബാലറ്റ് എണ്ണിത്തുടങ്ങിയതു മുതൽ ലീഡ് പിടിച്ച യുഡിഎഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് ഒരു ഘട്ടത്തിലും ലീഡ് കൈവിടാതെ മുന്നേറി. സ്വരാജിന്റെ സ്വന്തം പഞ്ചായത്തായ പോത്തുകല്ലിൽ യുഡിഎഫ് 800 വോട്ട് ലീഡ് നേടി. അതേസമയം യുഡിഎഫ് പ്രതീക്ഷിച്ച വിജയം വഴിക്കടവിൽ ലഭിച്ചില്ല. എന്നതും ശ്രദ്ധേയമാണ്.സ്വതന്ത്ര സ്ഥാനാർത്ഥി അൻവർ ആദ്യറൗണ്ടുകൾ (ശേഷം 30-ാം പേജിൽ)


BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY
SUNNY
FINANCIAL STRATEGIES, LLC
Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116 tom@sunnyfinancial.com
Comprehensive Financial Planning
Risk Management & Insurance: Life/Disability/Long Term Care/Health/Medicare
401(k), 403(b), IRA, Roth IRA Rollovers & Account Set-ups
Professional Investment Management & Guidance
Business Plans/Employee Benefits/Pension
Retirement Income/Retirement Savings
Tax Planning Strategies
Estate Planning: Trusts/Wills
Education Funds
www.sunnyfinancial.com
475 N Martingale Rd, Suite 1250, Schaumburg, IL 60173
Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

33rd Year of Service 2025
കേരളാ എക്സ്പ്രസ്
KERALA EXPRESS
Price $1.00
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 'കുഞ്ഞാക്കയുടെ ബാപ്പൂട്ടി'ക്കൊപ്പം
8 വയനാട് തുരങ്കപാതയ്ക്ക് പാരിസ്ഥിതിക അനുമതി
11 വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്
12 ഇന്ത്യക്കു മാത്രമായി വ്യോമപാത തുറന്ന് ഇറാൻ
15 ചിക്കാഗോ സെ. മേരീസിൽ ഫാദേഴ്സ് ഡേ ആഘോഷിച്ചു

# ഇറാനിൽ അമേരിക്കയുടെ 'ഓപ്പറേഷൻ മിഡ്നൈറ്റ് ഹാമർ'

ടെഹ്റാൻ: ഇറാനിലെ മൂന്ന് ആണവകേന്ദ്രങ്ങൾ അമേരിക്ക ആക്രമിച്ചു തകർത്തു. ബങ്കർ ബസ്റ്റർ ബോംബുകൾ ഉപയോഗിച്ചായിരുന്നു ഫോർഡോ, ഇസ്ഫഹാൻ, നതാൻസ് എന്നീ ആണവകേന്ദ്രങ്ങളിൽ ജൂൺ 21-ന് ശനിയാഴ്ച രാത്രി ആക്രമണം നടത്തിയത്. ഇറാനെതിരെയുള്ള സൈനികനടപടിയുടെ കാര്യത്തിൽ രണ്ടാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കുമെന്നു പ്രഖ്യാപിച്ച അമേരിക്ക രണ്ടു ദിവസത്തിനകം ആക്രമണം നടത്തുകയായിരുന്നു. ബി-2 സ്റ്റെൽത്ത് ബോംബറുകൾ 13,600 കിലോഗ്രാം ഭാരമുള്ള ബങ്കർ ബസ്റ്റർ ബോംബുകൾ വർഷിച്ചായിരുന്നു 'ഓപ്പറേഷൻ മിഡ്നൈറ്റ് ഹാമർ' എന്നു പേരിട്ട സൈനികനടപടി.

പർവതമേഖലയിൽ ഭൂമിക്കടിയിലാണ് ഫോർഡോ ആണവകേന്ദ്രം നിർമിച്ചിരിക്കുന്നത്. സ്ഫോടനത്തിനുമുമ്പ് ഭൂമി തുരന്ന് എത്ര കട്ടിയേറിയതുമായ കോൺക്രീറ്റ് പ്രതിബന്ധവും മറികടന്ന് അകത്തേക്കു കടക്കാൻ കഴിവുള്ളവയാണ് ബങ്കർ ബസ്റ്റർ ബോംബുകൾ എന്നറിയപ്പെടുന്ന മാസീവ് ഓർഡനൻസ് പെനിട്രേറ്റർ (എംഒപി). 30 ടോമാഹാക്ക് മിസൈലുകളും യുഎസ് അന്തർവാഹിനികൾ തൊടുത്തു. ഫോർഡോ അടക്കമുള്ള ആണവകേന്ദ്രങ്ങളിലുണ്ടായ നാശനഷ്ടത്തിന്റെ ഉപഗ്രഹചിത്രങ്ങൾ പുറത്തുവന്നു.

സമാധാനത്തിനു തയാറായില്ലെങ്കിൽ ഭാവിയിൽ ഇറാൻ മാരക ആക്രമണങ്ങൾ നേരിടേണ്ടിവരുമെന്ന് യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് മുന്നറിയിപ്പ് നൽകി. അമേരിക്കയും ഇസ്രയേലും ലോകത്തിനു ചരിത്രനിമിഷമാണു സമ്മാനിച്ചതെന്നായിരുന്നു ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ പ്രതികരണം. ആണവകേന്ദ്രങ്ങൾ മാത്രമാണ് ആക്രമിച്ചതെന്നും ഇറാനിലെ സാധാരണക്കാരെയും സൈനികരെയും ലക്ഷ്യമിട്ടില്ലെന്നും യുഎസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്തും ജോയിന്റ് ചീഫ് ഓഫ് സ്റ്റാഫ് ജനറൽ ഡാൻ കെയ്നും വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇറാനു സന്ദേശം നൽകിയ ശേഷമായിരുന്നു അമേരിക്കൻ ആക്രമണം. ഇസ്രയേൽ-ഇറാൻ യുദ്ധമാരംഭിച്ച് ഒമ്പതാം ദിവസമായിരുന്നു അമേരിക്ക ആക്രമണത്തിൽ പങ്കുചേർന്നത്.


ആണവകേന്ദ്രങ്ങൾ ആക്രമിക്കപ്പെട്ട കാര്യം ഇറാൻ അറ്റോമിക് എനർജി ഓർഗനൈസേഷൻ സ്ഥിരീകരിച്ചു. എന്നാൽ, ആണവപദ്ധതികൾ തുടരുമെന്ന് ഇറാൻ വ്യക്തമാക്കി. അണുവികിരണമില്ലെന്നാണ് ഇറാനും യുഎൻ ആണവ സംഘടനയും അറിയിച്ചത്.

അമേരിക്കൻ ആക്രമണത്തിനെതിരെ ഇറാൻ ശക്തമായ പ്രതിഷേധം അറിയിച്ചു. (ശേഷം 30-ാം പേജിൽ)



ഇറാന്റെ മിസൈൽ ആക്രമണത്തിൽ തകർന്ന ടെൽ-അവീവിലെ ബഹുനിലക്കെട്ടിടത്തിൽ രക്ഷാപ്രവർത്തകർ തെരച്ചിൽ നടത്തുന്നു.

## സിന്ധു നദീജല കരാർ ഒരിക്കലും പുനഃസ്ഥാപിക്കില്ല: അമിത് ഷാ



ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിനു പിന്നാലെ മരവിപ്പിച്ച സിന്ധു നദീജല കരാർ ഒരിക്കലും പുനഃസ്ഥാപിക്കില്ലെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. പാകിസ്ഥാനുമായുള്ള 1960-ലെ കരാർ മരവിപ്പിക്കാനുള്ള അവകാശം തങ്ങൾക്കുണ്ടെന്നും ഇന്ത്യക്ക് അവകാശപ്പെട്ട വെള്ളം കനാൽ നിർമിച്ചു രാജസ്ഥാനിലൂടെ വഴിതിരിച്ചു വിടുമെന്നും ഒരു ദേശീയ ദിനപത്രത്തിന് നൽകിയ അഭിമുഖത്തിൽ അമിത് ഷാ വ്യക്തമാക്കി. അന്താരാഷ്ട്ര കരാറുകൾ ഏകപക്ഷീയമായി റദ്ദാക്കാൻ കഴിയില്ലെങ്കിലും മരവിപ്പിക്കാനുള്ള അവകാശം തങ്ങൾക്കുണ്ടെന്നും (ശേഷം 30-ാം പേജിൽ)

## തൊഴിൽ നിയമനത്തിലെ അഴിമതി തടയാൻ വിവരാവകാശ കമ്മീഷൻ

തിരുവനന്തപുരം: തൊഴിൽനിയമനത്തിലെ അഴിമതി തടയാൻ അഭിമുഖങ്ങളിൽ ഉദ്യോഗാർത്ഥികൾക്കു നൽകുന്ന മാർക്ക് ഇനംതിരിച്ചു രേഖപ്പെടുത്തണമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ.

ഉദ്യോഗാർത്ഥികൾ നിയമപ്രകാരം ആവശ്യപ്പെട്ടാൽ അഭിമുഖത്തിന്റെ വിശദാംശവും നൽകണം.

കൊട്ടാരക്കര സെയ്ന്റ് ഗ്രിഗോറിയസ് കോളജിലെ ഓഫീസ് അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട ഹർജിയിലാണ് വിവരാവകാശ കമ്മീഷണർ ഡോ. എ. അബ്ദുൽ ഹക്കീമിന്റെ ഉത്തരവ്.

സമാനമായ രണ്ടുകേസുകൾ തീർപ്പാക്കിയ കമ്മീഷൻ, ഭാവിയിലെ തൊഴിൽനിയമനങ്ങളിലെല്ലാം കർശനവ്യവസ്ഥകൾ നടപ്പാക്കാൻ സർക്കാരിനോട് നിർദേശിച്ചു.

സ്കോർഷീറ്റിലെ എല്ലാ കോളങ്ങളും ഇന്റർവ്യൂ ബോർഡംഗങ്ങൾ പൂരിപ്പിക്കണമെന്നാണ് ചട്ടം. ഇതു കൃത്യമായി പാലിക്കാൻ പൊതുഭരണ സെക്രട്ടറി സർക്കുലർ പുറപ്പെടുവിക്കണം. അഭിമുഖത്തിൽ ഉദ്യോ

ഗാർത്ഥികൾ നേടുന്ന മൊത്തം മാർക്ക് സ്കോർഷീറ്റിലെ കോളങ്ങളിൽ ഇനംതിരിച്ച് രേഖപ്പെടുത്തണം. കൂടാതെ, അവയുടെ വിശദാംശം വിവരാവകാശ നിയമപ്രകാരം നൽകാൻ സൂക്ഷിക്കണം.

എല്ലാ സർക്കാർ, അർധസർക്കാർ, പൊതുമേഖലാസ്ഥാപനങ്ങളും സർവകലാശാലകളും അഫിലിയേറ്റഡ്, എയ്ഡഡ് കോളജുകളും സ്കൂളുകളും സമാനസ്വഭാവമുള്ള സ്ഥാപനങ്ങളും ഈ നിർദേശം നടപ്പാക്കണം- കമ്മീഷൻ ഉത്തരവിൽ വ്യക്തമാക്കി.

## സിറിയയിലെ പള്ളിയിൽ കുർബാനയ്ക്കിടെ ചാവേർ സ്ഫോടനം; 25 മരണം

ഡമാസ്കസ്: സിറിയയിലെ പള്ളിയിൽ കുർബാനയ്ക്കിടെയുണ്ടായ ചാവേർ സ്ഫോടനത്തിൽ 25 പേർ കൊല്ലപ്പെട്ടു. 80-ഓളം പേർക്കു പരുക്കേറ്റു. ഡമാസ്കസിനടുത്ത് ഡ്വേലയിലുള്ള മാർ ഏലിയാസ് ചർച്ചിൽ കുർബാന നടക്കുന്നതിനിടെ എത്തിയ ചാവേർ ആളുകൾക്കുനേരെ ആദ്യം വെടിവെക്കുകയായിരുന്നു. തുടർന്ന് സ്വയം സ്ഫോടനം നടത്തി. കുട്ടികൾ ഉൾപ്പെടെ ഒട്ടേറെപ്പേർ കുർബാനയ്ക്കായി പള്ളിയിലെത്തിയിരുന്നു. ഏറെ വർഷങ്ങൾക്കുശേഷമാണ് ഇത്തരമൊരു സംഭവം. ആരും ഇതുവരെ ഉത്തരവാദിത്തമേറ്റെടുത്തിട്ടില്ല.

ഇസ്ലാമിക് സ്റ്റേറ്റ് (ഐഎസ്) ഭീകരനാണ് ചാവേറായി എത്തിയതെന്ന് സിറിയൻ ആഭ്യന്തര മന്ത്രാലയം അറിയിച്ചു. ചാവേറിനൊപ്പം മറ്റു രണ്ടുപേർ കൂടി ഉണ്ടായിരുന്നെന്നും പള്ളിയുടെ പരിസരത്തെത്തിയപ്പോൾ അവർ സ്ഥലം വിട്ടെന്നും ദൃക്സാക്ഷികൾ പറഞ്ഞു.

ഡിസംബറിൽ പ്രസിഡണ്ട് ബഷാർ അൽ അസദിനെ സൈനിക അട്ടിമറിയിലൂടെ പുറത്താക്കിയശേഷം സിറിയയിൽ നടന്ന ഏറ്റവും വലിയ ഭീകരാക്രമണമാണിത്. ഇസ്ലാമിക ഭരണത്തിന് കീഴിലുള്ള സിറിയയിൽ നിലവിലുള്ള പ്രസിഡണ്ട് അഹമ്മദ് അൽ ഷറ ന്യൂനപക്ഷങ്ങളുടെ പിന്തുണ നേടാൻ ശ്രമിക്കുന്നതിനിടെയാണ് ചാവേർ സ്ഫോടനമുണ്ടായിരിക്കുന്നത്. രാജ്യത്ത് തീവ്രവാദ ഗ്രൂപ്പുകളുടെ സ്ലീപ്പർ സെൽ സാന്നിധ്യമുണ്ടെന്ന ആശങ്കകൾ ഇതോടെ ഉയർന്നിട്ടുണ്ട്.



സിറിയയിലെ ഡ്വേലയിൽ കുർബാനയ്ക്കിടെ ചാവേർ ആക്രമണമുണ്ടായ മാർ ഏലിയാസ് ചർച്ചിൽ നിന്നുള്ള കാഴ്ച.

# 'കുഞ്ഞാക്കയുടെ ബാപ്പൂട്ടി'ക്കൊപ്പം നിലമ്പൂർ

**വോ**ട്ടിങ് മെഷീനിൽ ആര്യാടൻ ഷൗക്കത്ത് എന്നാണ് യുഡിഎഫ് സ്ഥാനാർത്ഥിയുടെ പേരെങ്കിലും നിലമ്പൂരിലെ സാധാരണക്കാർക്ക് ഷൗക്കത്ത് 'കുഞ്ഞാക്കയുടെ ബാപ്പൂട്ടി'യാണ്. ആര്യാടൻ മുഹമ്മദ് എന്ന കോൺഗ്രസിന്റെ 'നിലമ്പൂർ സുൽത്താൻ' കുഞ്ഞാക്കയുടെ രാഷ്ട്രീയ പിൻമുറക്കാരൻ. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ ആ രാഷ്ട്രീയ പാരമ്പര്യം കൂടി കാത്തുസൂക്ഷിച്ച് ഷൗക്കത്ത് ജയിച്ചുകയറിയതോടെ മണ്ഡലത്തിനു പുറമെ സംസ്ഥാന രാഷ്ട്രീയത്തിലും അതിന്റെ പ്രതിഫലനങ്ങൾ ഏറെയാണ്. മാസങ്ങൾക്കപ്പുറം നടക്കാനിരിക്കുന്ന തദ്ദേശ-നിയമസഭാ തെരഞ്ഞെടുപ്പുകളിൽ യുഡിഎഫിന് ആത്മവിശ്വാസത്തിന്റെ ബൂസ്റ്റർ ഡോസാകുകയാണ് നിലമ്പൂർ ഉപതെരഞ്ഞെടുപ്പു ഫലം. ആര്യാടൻ ഷൗക്കത്തിനു വോട്ട് ചെയ്താൽ ആരുടെ മുന്നിലും തല കുനിക്കേണ്ട ഗതികേട് വരത്തില്ല. എല്ലാ പ്രചാരണയോഗത്തിലും ഷൗക്കത്ത് ഉറപ്പിച്ചു പറഞ്ഞ വാചകം. അതിനൊപ്പം മണ്ഡലത്തിന്റെ മനസ്സും ചേർന്നുനിന്നു. പ്രചാരണത്തിന്റെ ഒരു ഘട്ടത്തിലും പിന്നോട്ടു പോകാതെ കക്ഷികൾക്കപ്പുറത്തെ ഇഴയടുപ്പത്തോടെയാണ് യുഡിഎഫ് നേതാക്കൾ മണ്ഡലത്തിൽ പ്രചാരണത്തിന്റെ ഏകോപനം നിർവഹിച്ചത്. മുസ്‌ലിം ലീഗും കോൺഗ്രസും ഒരേ മനസ്സോടെ ഒത്തുപിടിച്ചാണ് മലപ്പുറം ജില്ലയിലെ ഈ അഭിമാനപോരാട്ടത്തിൽ ജയം പിടിച്ചെടുത്തത്.



നിലമ്പൂരിൽ ജയിച്ചതോടെ സംസ്ഥാനഭരണം തിരിച്ചുപിടിക്കാമെന്ന ആത്മവിശ്വാസവും യുഡിഎഫ് നേതൃത്വത്തിനു ലഭിച്ചു. പി.വി. അൻവറിന്റെ പിടിവാശിക്കു പിടികൊടുക്കാതെ ഷൗക്കത്തിനെ സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കുന്നതിൽ ഉറച്ച നിലപാടോടെ മുന്നോട്ടുപോയ പ്രതിപക്ഷനേതാവ് വി.ഡി. സതീശന് ഇനി മനസ്സ് നിറഞ്ഞു ചിരിക്കാം. മുന്നണിയിലും പാർട്ടിയിലും രാഷ്ട്രീയകേരളത്തിൽ തന്റെ സ്ഥാനം കൃത്യമായി അടയാളപ്പെടുത്തിയാണ് വി.ഡി. സതീശൻ ഇനി നിലയുറപ്പിക്കുക.

മുഖ്യമന്ത്രി പിണറായി വിജയനും പ്രിയങ്കാഗാന്ധിയും വരെ നിറഞ്ഞുനിന്ന നിലമ്പൂരിലെ പ്രചാരണ മാമാങ്കത്തിനൊടുവിലാണ് മണ്ഡലത്തിലെ രാഷ്ട്രീയമനസ്സ് ഷൗക്കത്തിനെ തുണച്ചത്. വെൽഫെയർ പാർട്ടിയുടെയും പിഡിപിയുടെയും പിന്തുണ മുതൽ ഇറാൻ-ഇസ്രയേൽ സംഘർഷം വരെ പ്രചാരണത്തിൽ ചർച്ചാവിഷയമായി.

2005-ൽ സിപിഎമ്മിന്റെ സിറ്റിങ് സീറ്റിൽ അട്ടിമറി ജയത്തോടെയാണ് നിലമ്പൂർ പഞ്ചായത്ത് അംഗമായി ആര്യാടൻ ഷൗക്കത്ത് കടന്നുവന്നത്. ആദ്യവരവിൽ തന്നെ പഞ്ചായത്ത് പ്രസിഡണ്ടായ ഷൗക്കത്ത് നിലമ്പൂർ നഗരസഭയായപ്പോൾ ആദ്യ ചെയർമാനുമായി. പതിന്നാലാം വയസ്സിൽ നിലമ്പൂരിലെ മാനവേദൻ സ്കൂൾ കെ.എസ്.യു സ്കൂൾലീഡറായാണ് ഷൗക്കത്തിന്റെ രാഷ്ട്രീയ ജീവിതത്തിന്റെ തുടക്കം. കെ.എസ്.യു താലൂക്ക് സെക്രട്ടറി, യൂത്ത് കോൺഗ്രസ് ജില്ലാ സെക്രട്ടറി, കേരള ദേശീയവേദി ജില്ലാ പ്രസിഡണ്ട്, സംസ്കാര സാഹിതി സംസ്ഥാന ചെയർമാൻ, രാജീവ്ഗാന്ധി പഞ്ചായത്ത്‌രാജ് സംഘടൻ ദേശീയ കൺവീനർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുള്ള ഷൗക്കത്ത് കെപിസിസി ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുമ്പോഴാണ് നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതും നിർണായകമായ രാഷ്ട്രീയവിജയം നേടുന്നതും.

കോഴിക്കോട് സർവകലാശാലയിൽ നിന്ന് സുവോളജിയിൽ ബിരുദം നേടിയിട്ടുള്ള ഷൗക്കത്ത് രാഷ്ട്രീയപ്രവർത്തനത്തിനൊപ്പം സാംസ്കാരിക, ചലച്ചിത്ര മേഖലകളിലും സജീവമാണ്.

(ശേഷം 30-ാം പേജിൽ)

## അൻവർ കരുത്തു തെളിയിച്ചു

കോഴിക്കോട്: വാചകക്കസർത്തു മാത്രമല്ല ബൂത്തിൽ കരുത്ത് തെളിയിക്കാനും അറിയാമെന്ന ശക്തമായ താക്കീതാണ് പി.വി. അൻവർ നിലമ്പൂരിൽ ഇരുമുന്നണികൾക്കും നല്കിയത്. ഒറ്റയാനായി ഇരുമുന്നണികളെയും വിറപ്പിക്കാൻ അൻവറിനു കഴിഞ്ഞു. വഴിക്കടവിൽ യുഡിഎഫിന്റെ വൻ ഭൂരിപക്ഷത്തിലേക്കുള്ള പോക്കിൽ വഴിതടഞ്ഞ അൻവർ ഭരണപക്ഷ വിരുദ്ധ വോട്ട് ചിതറിച്ചു പതിനായിരത്തിൽപ്പരം വോട്ടുകൾ പിടിച്ചെടുക്കാൻ കഴിഞ്ഞത് വലിയ നേട്ടമായി തന്നെ കരുതപ്പെടുന്നു. അൻവർ കുതിച്ചതോടെ തുടക്കത്തിൽ യുഡിഎഫ് കേന്ദ്രങ്ങളിൽ ആശങ്കയായി. എന്നാൽ, അൻവറിന്റെ ശക്തി നേരത്തെ മനസ്സിലാക്കിയതാണെന്നും അതും കടന്ന് വിജയിക്കാനുള്ള വോട്ട് തങ്ങൾക്ക് ലഭിക്കുമെന്ന് കരുതിയതാണെന്നും കോൺഗ്രസ് നേതാക്കൾ പറയുന്നു.



ഉറപ്പിച്ച 25,000 വോട്ട് നിലമ്പൂരിൽ തനിക്കുണ്ടെന്നായിരുന്നു അൻവറിന്റെ അവകാശവാദം. അത് പൂർണമായും കീശയിലാക്കാൻ കഴിഞ്ഞില്ലെങ്കിലും ശക്തി മനസ്സാലാക്കിക്കൊടുക്കാൻ അൻവറിനു കഴിഞ്ഞു. ഒന്നും രണ്ടും വോട്ടുകളിൽ പോലും ഭരണം മാറിമറിയുന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ പി.വി. അൻവറിനെ എങ്ങനെ കൈകാര്യം ചെയ്യുമെന്ന കാര്യത്തിൽ യുഡിഎഫിന് ഇരുത്തി ചിന്തിക്കേണ്ടിവരും.

## മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ആശുപത്രിയിൽ

തിരുവനന്തപുരം: മുൻ മുഖ്യമന്ത്രിയും സിപിഎമ്മിലെ ഏറ്റവും മുതിർന്ന നേതാവുമായ വി.എസ്. അച്യുതാനന്ദനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന് ഹൃദയാഘാതം ഉണ്ടായതായി ഡോക്ടർമാർ അറിയിച്ചു. നില തൃപ്തികരമാണെന്നു ഡോക്ടർമാർ പറഞ്ഞു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലാണ് വി.എസിനെ പ്രവേശിപ്പിച്ചിരിക്കുന്നത്.



## ജെസിബി സാഹിത്യപുരസ്കാരം നിർത്തലാക്കി

ന്യൂഡൽഹി: ഇന്ത്യയിൽ ഏറ്റവുമുയർന്ന സമ്മാനത്തുക നൽകിയിരുന്ന ജെസിബി സാഹിത്യപുരസ്കാരം നിർത്തിയെന്ന് റിപ്പോർട്ട്. ഔദ്യോഗിക സ്ഥിരീകരണമില്ലെങ്കിലും പുരസ്കാരവുമായി ബന്ധപ്പെട്ട ചിലർ വാർത്താ ഏജൻസിയോട് ഇക്കാര്യം വ്യക്തമാക്കി. സാധാരണനിലയിൽ ഓരോ വർഷവും മാർച്ച് ആദ്യവാരത്തോടെ പുരസ്കാരത്തിനായി കൃതികൾ ക്ഷണിക്കാറുള്ളതാണ്. ഇത്തവണ അതുണ്ടായില്ല. ഔദ്യോഗിക സാമൂഹികമാധ്യമ അക്കൗണ്ടുകളിലും അറിയിപ്പുകളൊന്നുമില്ല.

2018-ൽ ആരംഭിച്ച ജെസിബി സാഹിത്യപുരസ്കാര ജേതാക്കൾക്ക് 25 ലക്ഷം രൂപയായിരുന്നു സമ്മാനം. ഇന്ത്യക്കാരുടെ ഇംഗ്ലീഷിലുള്ള കൃതികൾക്കോ ഇംഗ്ലീഷിലേക്കുള്ള വിവർത്തനകൃതികൾക്കോ ആണ് പുരസ്കാരം നൽകിയിരുന്നത്. പ്രഥമപുരസ്കാരം മലയാളി എഴുത്തുകാരൻ ബെന്യാമിനായിരുന്നു. ബെന്യാമിന്റെ 'മുല്ലപ്പൂനിറമുള്ള പകലുകൾ' എന്ന നോവലിന്റെ ഇംഗ്ലീഷ് വിവർത്തനമാണ് ബഹുമതിക്കർഹമായത്. പിന്നീട് 2020-ൽ 'മീശ' നോവലിന്റെ ഇംഗ്ലീഷ് വിവർത്തനത്തിലൂടെ എസ്. ഹരീഷും 2021-ൽ 'ദൽഹി ഗാഥകൾ' നോവലിന്റെ ഇംഗ്ലീഷ് വിവർത്തനത്തിലൂടെ എം. മുകുന്ദനും പുരസ്കാരം നേടി. കഴിഞ്ഞ വർഷം ഇംഗ്ലീഷ് എഴുത്തുകാരൻ ഉപമന്യു ചാറ്റർജിക്കായിരുന്നു പുരസ്കാരം. മലയാളം സാഹിത്യകാരി സന്ധ്യാ മേരിയുടെ 'മരിയ വെറും മരിയ' നോവലിന്റെ ഇംഗ്ലീഷ് വിവർത്തനവും ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിരുന്നു.

ജെസിബി സാഹിത്യപുരസ്കാരം നൽകുന്നതിനെതിരെ കഴിഞ്ഞ വർഷം വിമർശനവുമുയർന്നിരുന്നു. അതിനുപിന്നാലെയാണ് പുരസ്കാരം നിർത്തിയെന്ന റിപ്പോർട്ടുകളെന്നതും ശ്രദ്ധേയമാണ്. ഇന്ത്യയിലും പലസ്തീനിലുമടക്കം ജെസിബി യന്ത്രങ്ങൾ നശീകരണ ഉപാധിയായി മാറുകയാണെന്നും സാഹിത്യസമ്മാനംകൊണ്ട് ജെസിബിയുടെ കൈകളിലെ ചോരക്കറ മായില്ലെന്നും സൂചിപ്പിച്ച് നൂറിലേറെ എഴുത്തുകാർ തുറന്ന കത്തെഴുതുകയായിരുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 26
June 27, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


**മഹദ്‌വചനം**

സാധാരണക്കാരായ ജനങ്ങളെയാണ് ഈശ്വരൻ കൂടുതൽ ഇഷ്ടപ്പെടുന്നത്. അതിനാലാകണം സാധാരണക്കാരെ കൂടുതൽ സൃഷ്ടിക്കുന്നത്.

**ഏബ്രഹാം ലിങ്കൺ**


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# മാലിന്യമുക്തമാകണം നാടും നഗരവും

പ്ലാസ്റ്റിക് പരിസ്ഥിതിക്ക് എത്രത്തോളം വിനാശകാരിയാണെന്ന് വീണ്ടും വീണ്ടും എടുത്തുപറയേണ്ട കാര്യമില്ല. ലോകം മുഴുവൻ അംഗീകരിച്ച വസ്തുതയാണത്. പരിസ്ഥിതിക്കും ആരോഗ്യത്തിനും അതു വരുത്തിവെക്കുന്ന മാരകമായ പ്രത്യാഘാതം കണക്കിലെടുത്ത് പ്ലാസ്റ്റിക്കിന്റെ നിർമാർജനവും ലോകം അംഗീകരിച്ചതാണ്. വിശേഷിച്ചും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കാണ് ഏറ്റവും അപകടകാരി. ഈ സാഹചര്യത്തിലാണ് പ്ലാസ്റ്റിക്കിനെതിരായ ഏതു നടപടിയും സ്വാഗതാർഹമാകുന്നത്. കേരളത്തിൽ പൊതുചടങ്ങുകളിലും ഔദ്യോഗിക ചടങ്ങുകളിലും പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് ഹൈക്കോടതി നിരോധിച്ചിരിക്കുകയാണ്. ഗാന്ധിജയന്തി ദിനം മുതൽ നിരോധനം നിലവിൽവരും. മലയോര ടൂറിസം മേഖലകളിൽ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പൂർണമായി നിരോധിച്ചു. അങ്ങേയറ്റം സ്വാഗതാർഹമാണ് ഹൈക്കോടതിയുടെ നടപടി. ബോധവത്കരണം എങ്ങും ഏശാത്ത സാഹചര്യത്തിൽ ചില കടുത്ത നടപടികൾ ഉണ്ടായേ തീരൂ. പരിസ്ഥിതി സംരക്ഷിക്കുകയെന്നത് പൗരന്റെ അടിസ്ഥാന കടമയാണെന്നു പറഞ്ഞുകൊണ്ടാണ് കോടതി നിരോധനത്തിന് ഉത്തരവിട്ടത്. ഹൈക്കോടതി നിരീക്ഷിച്ച മറ്റൊരു പ്രധാന കാര്യമുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനായി സർക്കാർ എന്തൊക്കെ നടപടികളെടുത്താലും ജനങ്ങളുടെ സഹകരണമുണ്ടെങ്കിലേ അതിന്റെ ഗുണം ലഭിക്കൂ എന്ന വസ്തുത. 2010-ലും 2018-ലും 2022-ലും നിർണായകമായ ചില നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിരുന്ന കാര്യവും കോടതി എടുത്തുപറഞ്ഞു.

സ്വന്തം വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്ന മലയാളിക്ക് മാലിന്യം വലിച്ചെറിയാൻ മടിയില്ലെന്നതിന് നമ്മുടെ വഴിയോരങ്ങളും ജലാശയങ്ങളും സാക്ഷ്യംപറയും. രണ്ടു വർഷം മുൻപ് വേമ്പനാട്ടു കായലിനെക്കുറിച്ച് കുഫോസ് പുറത്തുവിട്ട കണക്ക് ഞെട്ടിക്കുന്നതാണ്. കായലിന്റെ അടിത്തട്ടിൽ ഒരു മീറ്റർ കനത്തിൽ മൂവായിരത്തിലേറെ ടൺ പ്ലാസ്റ്റിക് മാലിന്യം അടിഞ്ഞു കിടക്കുന്നതായാണ് പഠനം വെളിപ്പെടുത്തിയത്. ഇത് ഒറ്റപ്പെട്ട അനുഭവമല്ല. രാത്രിയുടെ മറവിൽ കക്കൂസ് മാലിന്യമടക്കം പൊതുവിടങ്ങളിൽ തള്ളുന്ന സാമൂഹികദ്രോഹികളുള്ള നാടാണ് കേരളം. ഒരുവർഷം ഏകദേശം 25 ലക്ഷം ടൺ മാലിന്യമാണ് കേരളമെന്ന കൊച്ചു സംസ്ഥാനം പുറന്തള്ളുന്നത്. ഇതിൽ 69 ശതമാനം ജൈവമാലിന്യവും 31 ശതമാനം അജൈവ മാലിന്യവുമാണ്. ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കണമെന്നാണ് സർക്കാർ നയം. എന്നാൽ, സ്വന്തമായി ഭൂമിയില്ലാത്തവരും ഫ്ളാറ്റുകളിലുൾപ്പെടെ താമസിക്കുന്നവരും ഇതുകാരണം പ്രതിസന്ധി നേരിടുന്നുണ്ട്. ഇതിനുപുറമേ, ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ മുഴുവൻ വീടുകളിലുമെത്തിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിജയിക്കാനായിട്ടില്ല. 1950-കൾ മുതലാണ് പ്ലാസ്റ്റിക് വ്യാപകമായി നിലവിൽ വന്നത്. എല്ലാ വ്യവസായ മേഖലയിലും ഇവ ഉപയോഗിക്കപ്പെടുന്നുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് പാക്കേജിംഗാണ്. അതിവേഗം വർധിച്ചുകൊണ്ടിരിക്കുന്ന വാർഷിക പ്ലാസ്റ്റിക് ഉത്പാദനത്തിന്റെ ഏകദേശം 30-40 ശതമാനം നിലവിൽ പാക്കേജിംഗിനായാണ് ഉപയോഗിക്കുന്നത്. പ്ലാസ്റ്റിക് മലിനീകരണത്തിന്റെ സാമൂഹിക, സാമ്പത്തിക വശങ്ങളെക്കുറിച്ച് പഠിച്ചു തയാറാക്കിയ പല ഗവേഷണറിപ്പോർട്ടുകളും പരസ്പരവിരുദ്ധമായ പരിഹാരങ്ങൾ നിർദേശിക്കുന്നതും ഈ വിഷയത്തിലെ വെല്ലുവിളിയാണ്. യൂറോപ്പിലെ 33 രാജ്യങ്ങളിൽ തെറ്റായ പ്ലാസ്റ്റിക് സംസ്കരണം വരുത്തിവെച്ച പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. കേരളത്തിലെ വിവാഹച്ചടങ്ങുകളിലും മൂന്നാർ അടക്കമുള്ള 10 മലയോര വിനോദ സഞ്ചാരകേന്ദ്രങ്ങളിലും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ടാണ് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. കേരളത്തിൽ നേരത്തേ രണ്ടുപ്രാവശ്യം ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന് സർക്കാർ നിരോധനം കൊണ്ടുവന്നിട്ടും അവയുടെ ഉപയോഗം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ കോടതി വിധി സർക്കാരിന് തുടർനടപടികൾക്ക് ആത്മവിശ്വാസം പകരും. കേരളത്തെ മാലിന്യമുക്തമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് വിധി വലിയ സഹായമാണെന്നാണ് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പ്രതികരിച്ചത്.

ലോകരാജ്യങ്ങൾ ഈ വിഷയം ഗൗരവമായി ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ഉത്പാദന വെട്ടിക്കുറവിനെ എതിർക്കുന്ന രാജ്യങ്ങളോടൊപ്പമായിരുന്നു ഇന്ത്യ. പ്രതിവർഷം ഉത്പാദിപ്പിക്കുന്ന പ്ലാസ്റ്റിക്കിന്റെ മൂന്നിലൊന്ന് പുനരുപയോഗം ചെയ്യാനുള്ള ശേഷിയേ ഇന്ത്യയിലുള്ളൂ എന്ന കാര്യം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. സമ്പദ്‌വ്യവസ്ഥയ്ക്ക് പ്ലാസ്റ്റിക് ഒഴിച്ചുകൂടാനാകാത്തതാണ് എന്നത് ജനങ്ങളുടെ ആരോഗ്യത്തിലും നമ്മുടെ പരിസ്ഥിതിയിലും സമുദ്രപരിസ്ഥിതിയിലും ഉണ്ടാക്കുന്ന ആഘാതങ്ങൾ പഠിക്കുന്നത് തടസപ്പെടുത്തുന്നതിനു കാരണമായിക്കൂടാ. ചരിത്രത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും തെറ്റായ ഭാഗത്തുനിന്ന് നിരന്തരം അതിനെ ന്യായീകരിക്കുന്നതിലും നല്ലത് ക്രമാനുഗതവും ആസൂത്രിതവുമായ പിൻമാറ്റമാണ്. ഒപ്പം ജനങ്ങളുട പരിപൂർണമായ പിന്തുണയും ഇക്കാര്യത്തിൽ ആവശ്യമാണ്.

# ഗവർണറുടെയും രാജ്ഭവന്റെയും ചെലവിന് കേന്ദ്രസഹായം

തിരുവനന്തപുരം: സംസ്ഥാന സർക്കാരുകളുമായി ഉടക്കിനിൽക്കുന്ന ഗവർണർമാർക്ക് സാമ്പത്തിക സംരക്ഷണം ഒരുക്കാൻ കേന്ദ്രം. ഗവർണർമാരുടെയും രാജ്ഭവനുകളുടെയും പ്രവർത്തനത്തിന് കേന്ദ്രഫണ്ട് അനുവദിക്കുന്നതു പരിഗണനയിലാണെന്ന് കേന്ദ്ര സർക്കാർ രാജ്ഭവനുകളെ അറിയിച്ചു. നിലവിൽ സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ചാണ് ഗവർണറുടെയും രാജ്ഭവന്റെയും പ്രവർത്തനം നടക്കുന്നത്. ഇതാണ് കേന്ദ്രം ഏറ്റെടുക്കാനൊരുങ്ങുന്നത്.

നേരത്തേ പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തരമന്ത്രിയും വിളിച്ച ഗവർണർമാരുടെ യോഗത്തിൽ രാജ്ഭവന്റെ സാമ്പത്തിക ചെലവുകൾ കേന്ദ്രം ഏറ്റെടുക്കണമെന്നു വിവിധ സംസ്ഥാനങ്ങളിലെ ഗവർണർമാർ ആവശ്യപ്പെട്ടിരുന്നു. ഇതിനുള്ള മറുപടിയായാണ് രാജ്ഭവന്റെ ചെലവുകളുമായി ബന്ധപ്പെട്ട സാമ്പത്തിക പാക്കേജ് സംബന്ധിച്ചു മറുപടി അറിയിക്കാൻ കേന്ദ്രം ഗവർണർമാരോട് ആവശ്യപ്പെട്ടിരിക്കുന്നത്.

നേരത്തെ ആരിഫ് മുഹമ്മദ് ഖാൻ ഗവർണറായിരിക്കേ സർവകലാശാല വിഷയത്തിൽ അടക്കം പിണറായി വിജയൻ സർക്കാരുമായി വലിയ തോതിൽ കൊമ്പു കോർത്തിരുന്നു.

സർവകലാശാലകളെ എസ്എഫ്ഐയുടെ കുത്തകമേഖലയാക്കാൻ ശ്രമിക്കുന്നുവെന്നായിരുന്നു ആരിഫ് മുഹമ്മദ്ഖാന്റെ പ്രധാന ആരോപണം. ഇതേത്തുടർന്നുള്ള വാഗ്വാദവും സംഘർഷവും സർവകലാശാലാ ചാൻസലർ എന്ന നിലയിൽ ഗവർണറുടെ അധികാരങ്ങൾ പരിമിതപ്പെടുത്തുന്നതിനുള്ള ബില്ലുകൾ അടക്കം സർക്കാർ കൊണ്ടുവന്നു.

ചില ഓർഡിനൻസുകളും ബില്ലുകളും ഗവർണർ തടഞ്ഞുവെക്കുകയും ചിലതു രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. സംഘർഷാന്തരീക്ഷത്തിൽ രാജ്ഭവനുകൾക്കുള്ള വിഹിതവും, ഇടയ്ക്കിടെ വഴിയിൽ വീഴുന്ന ഗവർണറുടെ കാർ മാറ്റി വാങ്ങാനുള്ള ശിപാർശയും അടക്കം സംസ്ഥാന സർക്കാർ വൈകിച്ചു. ഏറെ സമ്മർദങ്ങൾക്കൊടുവിലാണ് രാജ്ഭവനുകൾക്കുള്ള ഫണ്ട് അന്നു സംസ്ഥാന സർക്കാർ അനുവദിച്ചത്. ഇപ്പോഴും രാജ്ഭവനുകൾക്കുള്ള ഫണ്ട് അനുവദിക്കാൻ ഏറെ സമ്മർദം വേണ്ടിവരുന്നുണ്ടെന്ന വിമർശനവും ഉയരുന്നുണ്ട്.

ഗവർണറുടെ ശമ്പളം, അതിഥിസത്കാരം, യാത്ര, രാജ്ഭവൻ ചെലവ്, ജീവനക്കാരുടെ ശമ്പളം, പെൻഷൻ, മറ്റു ദൈനംദിന ചെലവുകൾ എന്നിവയ്ക്കെല്ലാം സംസ്ഥാന ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയാണ് ഫണ്ട് അനുവദിക്കുന്നത്. ഈ ചെലവുകളെല്ലാം കേന്ദ്രസർക്കാർ ഏറ്റെടുക്കാനാണ് ആലോചന. ഗവർണർമാരുടെ സുരക്ഷയ്ക്ക് കേന്ദ്രസേനയെയും അനുവദിക്കും. ഇതുവഴി കേന്ദ്രസർക്കാരിന് സംസ്ഥാനങ്ങളെ പൂർണമായി നിയന്ത്രിക്കാനുള്ള സംവിധാനമാക്കി ഗവർണർമാരെ മാറ്റുകയാണു ലക്ഷ്യമെന്നാണു വിലയിരുത്തൽ.

നിലവിൽ രാജ്ഭവന് നൽകേണ്ട സംസ്ഥാന വിഹിതം നിശ്ചയിക്കുന്നത് കേന്ദ്രആഭ്യന്തര മന്ത്രാലയമാണ്. ആഭ്യന്തരമന്ത്രാലയം നിശ്ചയിക്കുന്ന വിഹിതത്തിന്റെ അടിസ്ഥാനത്തിലാണ് ബജറ്റിൽ രാജ്ഭവന്റെ ചെലവുകൾക്കു പണം വകയിരുത്തുന്നത്.

ആരിഫ് മുഹമ്മദ് ഖാൻ ഗവർണറായിരിക്കെ, 2023-24 സാമ്പത്തികവർഷം യാത്രാച്ചെലവ് ഉയർന്നിരുന്നു. നിരന്തരമായ വിമാനയാത്ര മൂലമാണ് ചെലവ് അധികരിച്ചത്. നിരന്തര കത്തെഴുതലുകൾക്കും സമ്മർദങ്ങൾക്കും ഒടുവിലാണ് പിന്നീട് രണ്ടു കോടിയോളം രൂപ കേരള സർക്കാർ ബജറ്റ് വിഹിതത്തിനു പുറമേ അധികഫണ്ടായി അനുവദിച്ചത്.

# തീരസംരക്ഷണത്തിനായി ജനരോഷമിരമ്പി

ഫോർട്ടുകൊച്ചി: എറണാകുളം ജില്ലയുടെ പടിഞ്ഞാറൻ അതിർത്തിയായ പശ്ചിമ കൊച്ചിയിലും ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലും കടലേറ്റത്തിന്റെ ദുരിതം ഇക്കുറിയും രൂക്ഷമാണ്. പഞ്ചായത്തിലെ കണ്ണമാലി പുത്തൻതോട് മുതൽ കൊച്ചി കോർപറേഷനിൽ ഉൾപ്പെട്ട ഫോർട്ടുകൊച്ചി ബീച്ച് വരെയുള്ള തീരത്തു കടൽഭിത്തി തകർന്നതിനാൽ ഇവിടുത്തെ വീടുകളിലേക്കും ഉപജീവനമാർഗങ്ങളിലേക്കും കടൽ കയറി. ചെറിയ കടവ് ഭാഗത്തെ വീടുകൾ കടലേറ്റത്തിൽ വാസയോഗ്യമല്ലാതായി തകർന്ന നിലയിലാണ്. ഈ കുടുംബങ്ങളെ ചെറിയകടവ് പള്ളി പാരിഷ് ഹാളിലെ ദുരിതാശ്വാസ ക്യാമ്പുകളിലേക്കു മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്. 13 വീടുകൾക്ക് നാശനഷ്ടങ്ങളുണ്ടായി.



കണ്ണമാലി പുത്തൻതോട് മുതൽ ഫോർട്ടുകൊച്ചി വരെയുള്ള തീരം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കെയർ ചെല്ലാനം കൊച്ചിയുടെ ആഭിമുഖ്യത്തിൽ വിവിധ കേന്ദ്രങ്ങളിൽനിന്ന് ആരംഭിച്ച ബഹുജന റാലികൾ തോപ്പുംപടി ബിഒടി ജംഗ്ഷനിൽ സംഗമിച്ചപ്പോൾ.

കടലേറ്റം രൂക്ഷമായ പ്രദേശത്ത് 1980-ൽ നിർമിച്ച കടൽഭിത്തി പലയിടത്തും തകർന്ന നിലയിലാണ്. ഇതിന്റെ പുനർനിർമാണം കാലങ്ങളായുള്ള ആവശ്യമാണെങ്കിലും അധികൃതർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. കടലേറ്റം രൂക്ഷമാകുമ്പോൾ ജില്ലാ ഭരണകൂടം യോഗങ്ങൾ വിളിച്ചുകൂട്ടുന്നതൊഴിച്ചാൽ കാര്യങ്ങൾ പഴയപടി തന്നെ. കണ്ണമാലി മുതൽ മാനാശേരി വരെയുള്ള ഏഴു കേന്ദ്രങ്ങളിൽ മണൽ നിറച്ച ജിയോ ബാഗുകൾ സ്ഥാപിച്ചു താത്കാലിക സുരക്ഷയൊരുക്കാൻ നിർദേശിച്ചിട്ടുണ്ടെങ്കിലും ഇതു ശാശ്വത പരിഹാരമല്ലെന്ന് നാട്ടുകാർ പറയുന്നു.

തീരജനതയ്ക്ക് പിന്തുണ അർപ്പിച്ചും അധികാരികളുടെ കണ്ണുതുറപ്പിക്കാനുമായി കൊച്ചി, ആലപ്പുഴ രൂപതകളിലെ വൈദികർ നടത്തിയ ഉപവാസ ധർണയിലും റാലിയിലും സമാപന സമ്മേളനത്തിലും ആയിരങ്ങൾ പങ്കെടുത്തു. സമാപന സമ്മേളനം കോട്ടപ്പുറം ബിഷപ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു. തീരശോഷണം തടയാനും കടലിന്റെ മക്കളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും ബാധ്യസ്ഥപ്പെട്ടവർ വൻപരാജയമാണെന്നതിന്റെ തെളിവാണ് അടിക്കടി ഉണ്ടാകുന്ന കടലാക്രമണമെന്ന് ബിഷപ് പറഞ്ഞു.

തോപ്പുംപടി ബിഒടി ജംഗ്ഷനു സമീപം നടന്ന സമാപന ചടങ്ങിൽ കൊച്ചി രൂപത വികാരി ജനറൽ മോൺ. ഷൈജു പര്യാത്തുശേരി അദ്ധ്യക്ഷത വഹിച്ചു.

വൈദികരുടെ ഉപവാസ ധർണയിൽ 200-ലേറെ വൈദികർ പങ്കെടുത്തു. ആലപ്പുഴ കൃപാസനം ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഡോ. വി.പി. ജോസഫ് വലിയവീട്ടിൽ ഉപവാസധർണ ഉദ്ഘാടനം ചെയ്തു. പള്ളുരുത്തിയിൽനിന്നാരംഭിച്ച ബഹുജന റാലി കെഎൽസിഎ സംസ്ഥാന പ്രസിഡണ്ട് അഡ്വ. ഷെറി ജെ. തോമസും സാന്തോമിൽ നിന്നാരംഭിച്ച റാലി ഫാ. ജോപ്പൻ അണ്ടിശേരിയും ഉദ്ഘാടനം ചെയ്തു.

# റ്റികെഎഫ് ഓണാഘോഷ പരിപാടികൾക്ക് ഉജ്വല തുടക്കം

**സുമോദ് തോമസ് നെല്ലിക്കാല**

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് ഏരിയയിലെ മലയാളികളുടെ മഹോത്സവമായ ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഓണാഘോഷ പരിപാടികൾക്ക് ഫിലാഡൽഫിയയിൽ കൊടിയേറി. മയൂര ഇന്ത്യൻ റെസ്റ്റോറന്റിൽ വെച്ച് നടത്തപ്പെട്ട പരിപാടിയിൽ അക്കരക്കാഴ്ച മെഗാ സീരിയ



ലിലൂടെ ജനപ്രീതി നേടിയ കലാകാരൻ ജോർജുകുട്ടി വലിയകല്ലുങ്കൽ മുഖ്യാതിഥിയായി പങ്കെടുത്തു.

ഓഗസ്റ്റ് 23-ന് ഫിലാഡൽഫിയയിൽ അരങ്ങേറുന്ന ഓണമഹോത്സവത്തിന് മുന്നോടിയായുള്ള ടിക്കറ്റ് കിക്കോഫ് അക്കരക്കാഴ്ച താരം ജോർജുകുട്ടി വലിയകല്ലുങ്കൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ വിൻസെന്റ് ഇമ്മാനുവേൽ, ബ്രിജിറ്റ് വിൻസെന്റ് എന്നിവർക്ക് ആദ്യ ടിക്കറ്റ് നല്കിക്കൊണ്ട് നിർവഹിച്ചു.

ചെയർമാൻ ബിനു മാത്യു അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ഓണം ചെയർമാൻ അഭിലാഷ് ജോൺ





സ്വാഗതം അർപ്പിച്ചു. ജനറൽ സെക്രട്ടറി സാജൻ വർഗീസ്, ജോയിന്റ് സെക്രട്ടറി സുമോദ് റ്റി. നെല്ലിക്കാല, ഷിജി ഷാനി എന്നിവർ യോഗനടപടികൾ നിയന്ത്രിച്ചു. ട്രഷറർ ജോർജ് ഓലിക്കൽ നന്ദിപ്രകാശനം നടത്തി.

പമ്പ അസോസിയേഷൻ പ്രസിഡണ്ട് ജോൺ പണിക്കർ, കോട്ടയം അസോസിയേഷൻ പ്രസിഡണ്ട് സണ്ണി കിഴക്കേമുറി, ഫ്രണ്ട്സ് ഓഫ് തിരുവല്ല പ്രസിഡണ്ട് ഫിലിപ്പോസ് ചെറിയാൻ, പ്രസ്ക്ലബ് ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡണ്ട് അരുൺ കോവാട്ട്, ടികെഎഫ് വൈസ് ചെയർമാൻ അലക്സ് തോമസ്, ആശാ അഗസ്റ്റിൻ, സുധാ കർത്താ, ജോബി ജോർജ്, ജീമോൻ ജോർജ്, ടികെഎഫ് കേരളാ ഡേ ചെയർമാൻ രാജൻ സാമുവേൽ, കർഷകശ്രീ കോ-ഓർഡിനേറ്റർ ജോർജുകുട്ടി ലൂക്കോസ്, സാഹിത്യ വേദിക്കു വേണ്ടി ജോർജ് നടവയൽ, ഓർമ്മ ഇന്റർനാഷണൽ പ്രസിഡണ്ട് സജി സെബാസ്റ്റ്യൻ, ജോസ് ആറ്റുപുറം, സിമിയോയ്ക്കു വേണ്ടി ചാക്കോ എബ്രഹാം, മാതാ ഡാൻസ് അക്കാഡമിക്കു വേണ്ടി ബേബി തടവനാൽ, ഷാജി സുകുമാരൻ എന്നിവർ ആശംസ അറിയിച്ചു.

ട്രൈസ്റ്റേറ്റ് ഏരിയയിലെ മുഴുവൻ മലയാളികളെയും ഒന്നിച്ചൊരു കുടക്കീഴിൽ അണിനിരത്തിക്കൊണ്ട് ട്രൈസ്റ്റേറ്റ് കേരളാഫോറം അവതരിപ്പിക്കുന്ന ഓണാഘോഷ പരിപാടികൾ മെഗാതിരുവാതിര, വിഭവസമൃദ്ധമായ ഓണസദ്യ, മാവേലി എഴുന്നള്ളത്ത് എന്നിവകൊണ്ട് മുൻകാലങ്ങളിൽ ദേശീയതലത്തിൽ ജനശ്രദ്ധ നേടിയിട്ടുള്ള ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഓണാഘോഷ പരിപാടികൾക്ക് ഇത്തവണയും നയനമനോഹരമായ വിനോദപരിപാടികൾക്കാണ് രൂപം കൊടുത്തിരിക്കുന്നത്.

എംസിഇഎഫ്ഇഇ എന്റർടൈൻമെന്റ് കമ്പനി അവതരിപ്പിക്കുന്ന സ്പാർക് ഓഫ് കേരള സ്റ്റേജ് പ്രോഗ്രാം ട്രൈസ്റ്റേറ്റ് കേരളാ ഫോറവുമായി പങ്കുചേർന്നാണ് ഫിലാഡൽഫിയയിൽ അരങ്ങേറുക. സ്പാർക് ഓഫ് കേരളാ എന്റർടൈൻമെന്റിന്റെ താരങ്ങളും പിന്നണിഗായകരും ടികെഎഫ് ഓണാഘോഷ പരിപാടികൾക്ക് കൊഴുപ്പേകും.

പുതുമയാർന്ന ഓണാഘോഷ പരിപാടികൾ കൊണ്ട് വീണ്ടും ചരിത്രം രചിക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങിയതായി ആഘോഷക്കമ്മിറ്റി അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ബിനു മാത്യു 267 893 9571 (ചെയർമാൻ), സാജൻ വർഗീസ് 215 906 7118 (ജനറൽ സെക്രട്ടറി), ജോർജ് ഓലിക്കൽ 215 873 4365 (ട്രഷറർ), അഭിലാഷ് ജോൺ 267 701 3623 (ഓണാഘോഷ ചെയർമാൻ), വിൻസെന്റ് ഇമ്മാനുവേൽ 215 880 3341 (പ്രോഗ്രാം കോ-ഓർഡിനേറ്റർ), അരുൺ കോവാട്ട് 215 681 4472 (പ്രോഗ്രാം പ്രൊഡ്യൂസർ), രാജൻ സാമുവേൽ 215 435 1015 (കേരളാ ഡേ ചെയർമാൻ) എന്നിവരുമായി ബന്ധപ്പെടുക.









# അഞ്ച് ലിറ്ററിൽ താഴെയുള്ള പ്ലാസ്റ്റിക് കുപ്പികൾ നിരോധിച്ചു

കൊച്ചി: കേരളത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ആഘോഷപരിപാടികളിലും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ ഹൈക്കോടതി നിരോധിച്ചു. ഗാന്ധിജയന്തി ദിനമായ ഒക്ടോബർ രണ്ട് മുതൽ നിരോധനം പ്രാബല്യത്തിൽ വരും. ഇതുമായി ബന്ധപ്പെട്ട നടപടികൾക്കും കോടതി സർക്കാരിന് നിർദേശം നല്കി.

ബ്രഹ്മപുരം തീപിടിത്തത്തെത്തുടർന്ന് സ്വമേധയാ എടുത്ത ഹർജിയിലാണ് ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ്, ജസ്റ്റിസ് പി. ഗോപിനാഥ് എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. വിവാഹം അടക്കമുള്ള ചടങ്ങുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ, റസ്റ്ററന്റുകൾ, സർക്കാർ പരിപാടികൾ എന്നിവയിൽ അഞ്ച് ലിറ്ററിൽ താഴെയുള്ള പ്ലാസ്റ്റിക് വെള്ളക്കുപ്പികൾ, പ്ലാസ്റ്റിക് സ്ട്രോ, പ്ലേറ്റുകൾ, കപ്പ്, സ്പൂൺ, കത്തി മുതലായവ ഉപയോഗിക്കുന്നതും ഡിവിഷൻ ബെഞ്ച് നിരോധിച്ചു. നിർദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, പോലീസ് എന്നിവർ മുഖേന കർശനമായി നടപ്പാക്കണം. ചീഫ് സെക്രട്ടറി, തദ്ദേശഭരണ സ്പെഷൽ സെക്രട്ടറി എന്നിവർക്കാണ് നടപടികളുടെ ഏകോപനച്ചുമതല.

മലയോര വിനോദസഞ്ചാര മേഖലകളിൽ പ്ലാസ്റ്റിക് വ്യാപനം തടയാനാകാത്തവിധമാണെന്ന് കോടതി ചൂണ്ടിക്കാട്ടി. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുമായി മലയോര ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികൾ പ്രവേശിക്കുന്നതും തടയണം. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് മതിയായ ബോധവത്കരണവും ദൃശ്യ-അച്ചടി മാധ്യമങ്ങളുടെ കാമ്പയിനും ഉണ്ടാകണം. പ്ലാസ്റ്റിക് ഉത്പന്ന നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ കർശനമായി നടപ്പിലാക്കാനും കോടതി നിർദേശിച്ചു.

# വയനാട് തുരങ്കപാതയ്ക്ക് പാരിസ്ഥിതിക അനുമതി

കോഴിക്കോട്: കോഴിക്കോട്-മലപ്പുറം ജില്ലകളുടെ സമഗ്ര വികസനത്തിനുതകുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാത നിർമ്മാണ ഘട്ടത്തിലേക്ക് കടക്കുന്നു. നിർദിഷ്ട നാലുവരി തുരങ്കപാതയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിസ്ഥിതി അനുമതി ലഭിച്ചു.

മെയ് 14, 15 തീയതികളിൽ നടന്ന കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ യോഗത്തിൽ തുരങ്കപാതയുടെ പ്രവൃത്തി വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നടപ്പിലാക്കാൻ വിദഗ്ദ്ധ സമിതി ശിപാർശ ചെയ്തിരുന്നു.

നേരത്തെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട സംസ്ഥാന വിദഗ്ദ്ധ സമിതി മാർച്ചിൽ പദ്ധതിക്ക് അനുമതി നല്കിയിരുന്നു. ഈ നിർദേശങ്ങൾ അന്തിമമായി അംഗീകരിക്കേണ്ട സംസ്ഥാന പരിസ്ഥിതിയാഘാത വിലയിരുത്തൽ അതോറിറ്റി അംഗങ്ങളുടെ കാലാവധി അവസാനിക്കുകയും ചെയ്തിരുന്നു. ഇതോടെയാണ് കേന്ദ്ര വിദഗ്ദ്ധ സമിതിയുടെ പരിഗണനയ്ക്ക് വിട്ടത്. വിവിധ ഉപാധികളോടെയാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പാരിസ്ഥിതികാനുമതി നല്കിയിരിക്കുന്നത്.



ഇതോടെ കരാർ ഒപ്പിട്ട് തുരങ്ക പാതയുടെ പ്രവൃത്തി ആരംഭിക്കാനാകും. പൊതുമരാമത്ത് വകുപ്പ്, കിഫ്ബി, കൊങ്കൺ റെയിൽവേ എന്നിവയുടെ ത്രികക്ഷി കരാറിലാണ് തുരങ്കപാത നിർമ്മാണം നടക്കുക. ഭോപ്പാൽ ആസ്ഥാനമാക്കിയ ദിലീപ് ബിൽഡ്കോൺ, കൊൽക്കത്ത ആസ്ഥാനമാക്കിയ റോയൽ ഇൻഫ്രാസ്ട്രക്ചർ എന്നീ കമ്പനികളാണ് കരാർ ഏറ്റെടുത്തത്. 2134 കോടി രൂപയാണ് പദ്ധതിച്ചെലവ്.

ജൂലൈയിൽ മുഖ്യമന്ത്രി പ്രവൃത്തി ഉദ്ഘാടനം നിർവഹിക്കുമെന്ന് ലിന്റോ ജോസഫ് എംഎൽഎ അറിയിച്ചു.

# അന്തർവാഹിനികളെ ചെറുക്കാൻ ഇനി ഐഎൻഎസ് അർനാലയും

ന്യൂഡൽഹി: അന്തർവാഹിനികളിൽ നിന്നുള്ള ഭീഷണികൾ ചെറുക്കാൻ ഇനി ഐഎൻഎസ് അർനാലയുമുണ്ടാകും. നാവികസേനയുടെ ആദ്യത്തെ ആന്റി-സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റാകും (അന്തർവാഹിനി വേധ സംവിധാനം) അർനാല. ഉപരിതല നിരീക്ഷണം, തെരച്ചിൽ, രക്ഷാപ്രവർത്തനങ്ങൾ, കുറഞ്ഞ തീവ്രതയോടെയുള്ള ആക്രമണങ്ങൾ എന്നിവ നടത്തും.




വിശാഖപട്ടണം നാവിക ഡോക് യാർഡിൽ നടന്ന ഐഎൻഎസ് അർനാലയുടെ കമ്മീഷനിങ് ചടങ്ങിൽനിന്ന്.

77 മീറ്റർ നീളവും 1490 ടണ്ണിലധികം ഭാരവുമുണ്ട്. ഡീസൽ എഞ്ചിൻ-വാട്ടർജെറ്റ് സംയോജനം ഉപയോഗിച്ചുള്ള ഏറ്റവും വലിയ ഇന്ത്യൻ നാവിക യുദ്ധക്കപ്പലാണിത്. കൊൽക്കത്തയിലെ ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് ആൻഡ് എഞ്ചിനീയേഴ്സാണ് രൂപകല്പനചെയ്ത് നിർമിച്ചത്. പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ എൽ ആൻഡ് ടി ഷിപ്പ് ബിൽഡേഴ്സുമായി സഹകരിച്ചായിരുന്നു നിർമാണം. 80 ശതമാനത്തിലധികം തദ്ദേശീയ ഭാഗങ്ങളാണ്. വിശാഖപട്ടണം നാവിക ഡോക് യാർഡിൽ നടന്ന കമ്മീഷനിങ്ങിൽ സംയുക്ത സേനാമേധാവി ജനറൽ അനിൽ ചൗഹാൻ അധ്യക്ഷനായി. മഹാരാഷ്ട്ര വസായിലെ ചരിത്രപ്രസിദ്ധമായ അർനാല കോട്ടയുടെ പേരാണ് ഇതിനിട്ടത്.

# ഇരുപത്തിയൊന്ന് കരിങ്കൽ ക്വാറികൾക്ക് അനുമതി

തിരുവനന്തപുരം: സംസ്ഥാനത്ത് പുതുതായി 21 കരിങ്കൽ ക്വാറികൾക്ക് അനുമതി നല്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ അദ്ധ്യക്ഷനായ സംസ്ഥാന വന്യജീവി ബോർഡ് യോഗം തീരുമാനിച്ചു. ചില അംഗങ്ങളുടെ നേരിയ എതിർപ്പിനിടയിലും അനുമതി നല്കി. 22 ക്വാറികൾക്ക് അനുമതി തേടിയുള്ള അപേക്ഷയാണ് അജൻഡയിൽ ഉണ്ടായിരുന്നതെങ്കിലും അവസാനനിമിഷം ഒരു ക്വാറിക്ക് പ്രവർത്തനാനുമതി നിഷേധിച്ചു. വയനാട്, കോഴിക്കോട്, പാലക്കാട്, തൃശൂർ, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ നിന്നാണ് അപേക്ഷ ക്ഷണിച്ചത്. പ്രവർത്തനാനുമതി തേടിയുള്ള ക്വാറികളിൽ ഭൂരിഭാഗവും ആവാസ വ്യവസ്ഥയ്ക്ക് പ്രത്യാഘാതം സൃഷ്ടിക്കില്ലെന്നും ആനത്താര, കടുവ സങ്കേതം എന്നിവയിൽ ഉൾപ്പെടുന്നില്ലെന്നും ചൂണ്ടിക്കാട്ടിയതോടെയാണ് അനുമതി നല്കിയത്. കേരളത്തിലെ വിവിധ വന്യജീവി സങ്കേങ്ങളുടെയും നിർദിഷ്ട പരിസ്ഥിതിലോല മേഖലകളുടെയും പുറത്തും എന്നാൽ 10 കിലോമീറ്റർ ചുറ്റളവിലുള്ളതുമായ 21 ക്വാറികൾക്കാണ് അനുമതി. കേന്ദ്ര ബോർഡിന്റെയും മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെയും അനുവാദത്തോടെ 21 ക്വാറികൾക്കും ഖനനം ആരംഭിക്കാം. വന്യജീവികളുടെ ശരീരഭാഗങ്ങൾ നിയമപരമായി കൈവശം വെച്ചിരുന്നവരുടെ ആശ്രിതർക്ക് അവ നിയമവിധേയമായി സൂക്ഷിക്കാൻ ഒരു അവസരംകൂടി നല്കാൻ കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്യും. വയനാട് വന്യജീവി സങ്കേതത്തിലെ വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന 5 കമ്യൂണിറ്റി സെന്ററുകളും 5 റോഡുകളും ശിപാർശ ചെയ്യാനും തീരുമാനമായി.


HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service

• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE
George Kurian
Mortgage Specialist
NMLS ID 220917

1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# കെ.ഐ. കോര അന്തരിച്ചു



കോട്ടയം: കപ്പിലാംകുന്നേൽ കെ.ഐ. കോര (ബേബി-92) കോട്ടയത്ത് അന്തരിച്ചു. സംസ്കാരം കോട്ടയം പുത്തൻപള്ളിയിലെ കുടുംബകല്ലറയിൽ ഓർത്തഡോക്സ് സഭയിലെ യൂഹാനോൻ മാർ ദിയസ്കോറസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും മറ്റ് പട്ടക്കാരുടെ സഹകാർമ്മികത്വത്തിലും നടന്നു.

ഭാര്യ പരേതയായ എലിസബേത്ത് കോര (ആലീസ് ടീച്ചർ, സി.എം.എസ് എൽപി സ്കൂൾ റിട്ട. ഹെഡ്മിസ്ട്രസ്). ഒളശ്ശ കൂനാനിക്കൽ കുടുംബാംഗമാണ്.

മക്കൾ: റെയിച്ചൽ ഏബ്രഹാം മാത്യു (ലിസമ്മ-യുഎസ്എ), രേണു (റിട്ട. അദ്ധ്യാപിക എം.ഡി.എസ്എസ്എസ് കോട്ടയം), റോണി, റോബിൻ. മരുമക്കൾ: ഏബ്രഹാം മാത്യു (കൊച്ചുമോൻ, മലയാളം വാർത്താ പത്രം, യുഎസ്എ), ഫാ. ജോൺസ് ഏബ്രഹാം (വികാരി, പള്ളം സെന്റ് പോൾസ് ഓർത്തഡോക്സ് ഇടവക).


കോട്ടയത്തെ വീട്ടിൽ വെച്ച് നടന്ന പൊതുദർശനത്തിൽ കോട്ടയം എംഎൽഎ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മാർത്തോമ്മാ സഭയിലെയും ഓർത്തഡോക്സ് സഭയിലെയും ധാരാളം പട്ടക്കാർ വന്ന് സംബന്ധിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

അമേരിക്കയിലെ മാർത്തോമ്മാ സഭയുടെ ഭദ്രാസന എപ്പിസ്കോപ്പ അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് ആദരാഞ്ജലികൾ അർപ്പിച്ചു.

# ജൂലൈ-4 സ്വാതന്ത്ര്യദിന പരേഡിൽ ഗ്ലെൻവ്യൂ മലയാളികളുടെ സാംസ്കാരിക തനിമ

ഗ്ലെൻവ്യൂ (ചിക്കാഗോ): ഗ്ലെൻവ്യൂ മലയാളീസ് ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ജൂലൈ-4 സ്വാതന്ത്ര്യദിന പരേഡിൽ സാംസ്കാരിക തനിമ പ്രദർശിപ്പിക്കുന്നു. ഗ്ലെൻവ്യൂ മലയാളി സമൂഹത്തിന് തങ്ങളുടെ സാംസ്കാരിക പൈതൃകം പൊതുസമൂഹത്തിനു മുമ്പിൽ പ്രദർശിപ്പിക്കാനുള്ള സുവർണ്ണാവസരമാണ് ഗ്ലെൻവ്യൂ സ്വാതന്ത്ര്യ ദിനാഘോഷം.

ഗ്ലെൻവ്യൂവിലെ ഏറെ പാരമ്പര്യം അവകാശപ്പെടുന്ന സ്വാതന്ത്ര്യദിന പരേഡ് ജൂലൈ 4-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 മണിക്ക് ആരംഭിക്കും. അതോടെ ദേശഭക്തി ആഘോഷത്തിന്റെ ഏകദിന പ്രോഗ്രാമിന് തുടക്കം കുറിക്കപ്പെടും. ഗ്ലെൻവ്യൂ മലയാളികൾ പരേഡ് റൂട്ടിലൂടെ നീങ്ങുമ്പോൾ വർണ്ണപ്പകിട്ടിന്റെയും പരമ്പരാഗത വസ്ത്രങ്ങളുടെയും ആവേശകരമായ പ്രദർശനം കാണികൾക്ക് പ്രതീക്ഷിക്കാം. കൊച്ചുവീട്ടിൽ ബീറ്റ്സിന്റെ ചെണ്ടമേളം സാംസ്കാരിക ഘോഷയാത്രയെ അനശ്വരമാക്കും. പ്രോഗ്രാം വൻ വിജയമാക്കി മാറ്റുവാനുള്ള തീവ്ര ശ്രമത്തിലാണ് സംഘാടകർ. അനിൽ ചിറ്റലക്കാട്ട് (കെ.ഡബ്ല്യു. റിയൽ എസ്റ്റേറ്റ് ഏജന്റ്) ആണ് ഗ്രാൻഡ് സ്പോൺസർ. പരേഡിന് ശേഷം ജോർജ് ആൻഡ് ജിജി നെല്ലാമറ്റത്തിലിന്റെ ഭവനത്തിൽ പാർട്ടി ഉണ്ടായിരിക്കും.


സ്കറിയാക്കുട്ടി തോമസ്


ഷാനി ഏബ്രഹാം


ജോണി വടക്കുംചേരി


ജിനോ മഠത്തിൽ

കൈരളി ഫുഡിന്റെ നേതൃത്വത്തിൽ രുചികരമായ ഭക്ഷണവിഭവങ്ങളുടെ തട്ടുകടയും പ്രവർത്തിക്കും. ഗ്ലെൻവ്യൂ മലയാളികളുടെ ഈ കൂട്ടായ്മയിൽ പങ്കുചേരാൻ ഏവരെയും സന്തോഷപൂർവ്വം സംഘാടകർ സ്വാഗതം ചെയ്യുന്നു.

**വിശദവിവരങ്ങൾക്ക്:**

**സ്കറിയാക്കുട്ടി തോമസ് (847) 910-6487**

**ഷാനി ഏബ്രഹാം (847) 673-5299**

**ജോണി വടക്കുംചേരി (847) 293-5600**

**ജിനോ മഠത്തിൽ (224) 432-4590**

# ഇന്ത്യയുടെ കരുതൽ ശേഖരം ഉയർന്നു

മുംബൈ: ജൂൺ 13-ന് അവസാനിച്ച ആഴ്ചയിൽ ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 2.294 ബില്യൺ ഡോളർ ഉയർന്ന് 698.950 ബില്യൺ ഡോളറിലെത്തിയതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറത്തുവിട്ട ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു.

വിദേശനാണ്യ കരുതൽ ശേഖരത്തിലെ ഏറ്റവും വലിയ ഘടകമായ ഇന്ത്യയുടെ വിദേശ കറൻസി ആസ്തികൾ (എഫ്സിഎ) 589.426 ബില്യൺ ഡോളറാണെന്ന് ആർബിഐയുടെ ഏറ്റവും പുതിയ കണക്കുകൾ കാണിക്കുന്നു.

ഈ പ്രതിവാര കുതിപ്പോടെ, വിദേശനാണ്യ കരുതൽ ശേഖരം 2024 സെപ്റ്റംബറിലെ എക്കാലത്തെയും ഉയർന്ന നിരക്കായ 704.89 ബില്യൺ ഡോളറിനടുത്തെത്തി. വിദേശനാണ്യ കരുതൽശേഖരത്തിലെ ഏറ്റവും വലിയ ഘടകമായ ഇന്ത്യയുടെ വിദേശ കറൻസി ആസ്തികൾ (എഫ്സിഎ) 589.426 ബില്യൺ യുഎസ് ഡോളറാണെന്ന് ആർബിഐയുടെ ഏറ്റവും പുതിയ ഡാറ്റ കാണിക്കുന്നു. നിലവിൽ സ്വർണശേഖരം 86.316 ബില്യൺ യുഎസ് ഡോളറാണ്.

ലോകമെമ്പാടുമുള്ള കേന്ദ്ര ബാങ്കുകൾ അവരുടെ വിദേശനാണ്യ കരുതൽ ശേഖരത്തിൽ സുരക്ഷിത നിക്ഷേപമായി കരുതുന്ന സ്വർണം കൂടുതലായി ശേഖരിക്കുന്നുണ്ട്. ഇന്ത്യയും ഈ പാതയിലാണ്. 2021 മുതൽ, വിദേശനാണ്യ കരുതൽ ശേഖരത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിലനിർത്തുന്ന സ്വർണത്തിന്റെ പങ്ക് ഏകദേശം ഇരട്ടിയായി.

വിദേശ വിനിമയ കരുതൽ ശേഖരം എന്നത് ഒരു രാജ്യത്തിന്റെ കേന്ദ്ര ബാങ്കോ മോണിറ്ററി അതോറിറ്റിയോ കൈവശം വെച്ചിരിക്കുന്ന ആസ്തികളാണ്. കരുതൽ ശേഖരത്തിൽ പ്രധാനമായും യുഎസ് ഡോളറാണ്. യൂറോ, ജാപ്പനീസ് യെൻ, പൗണ്ട്, സ്റ്റെർലിംഗ് എന്നിവയുടെ ചെറിയ ഭാഗങ്ങളും ഇതിൽ വരും.

# ഇന്ത്യയും ചൈനയും ആണവായുധശേഖരം വർദ്ധിപ്പിച്ചെന്ന് റിപ്പോർട്ട്

ന്യൂഡൽഹി: ഇന്ത്യയും ചൈനയും തങ്ങളുടെ ആണവായുധശേഖരം വർദ്ധിപ്പിച്ചെന്ന് സ്റ്റോക്ക്ഹോം ഇന്റർനാഷണൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എസ്ഐപിആർഐ) റിപ്പോർട്ട്.

ആണവായുധം കൈവശം വെച്ചിരിക്കുന്ന ലോകത്തിലെ ഒൻപത് രാജ്യങ്ങളിൽ അയൽരാജ്യങ്ങളായ ഇന്ത്യയും ചൈനയും മാത്രമാണ് ആണവ പോർമുനകളുടെ (ന്യൂക്ലിയർ വാർഹെഡ്) ശേഖരത്തിൽ കഴിഞ്ഞ വർഷത്തേതിൽ നിന്ന് മുന്നോട്ടു പോയതെന്നാണ് എസ്ഐപിആർഐയുടെ അനുമാനം.

ഈ വർഷം ജനുവരി വരെയുള്ള കണക്കനുസരിച്ച് ഇന്ത്യ തങ്ങളുടെ ആണവ പോർമുനകളുടെ ശേഖരം കഴിഞ്ഞവർഷത്തെ 172-ൽ നിന്ന് 180 ആയി ഉയർത്തിയെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ചൈനയാകട്ടെ കഴിഞ്ഞവർഷത്തെ ശേഖരത്തിൽനിന്ന് 100 എണ്ണം കൂട്ടിച്ചേർത്ത് തങ്ങളുടെ ആണവ പോർമുനകളുടെ ശേഖരം 600 ആയി ഉയർത്തി.

എസ്ഐപിആർഐയുടെ വാർഷിക ഗ്രന്ഥത്തിലാണ് ലോകത്തിലെ ആണവശക്തികളുടെ ആണവായുധ ശേഖരം വ്യക്തമാക്കുന്നത്. റഷ്യയും അമേരിക്കയും ലോകത്തിലെ ആണവായുധങ്ങളുടെ 90 ശതമാനവും കൈവശപ്പെടുത്തിയിട്ടുള്ളപ്പോൾ ആണവ ശേഖരത്തിൽ മൂന്നാമത് ചൈനയാണ്.

ഈ വർഷം ജനുവരി വരെയുള്ള കണക്കനുസരിച്ച് റഷ്യയാണ് ആണവായുധ ശേഖരത്തിൽ മുന്നിട്ടുനിൽക്കുന്നത്. വിന്യസിച്ചിട്ടുള്ളതും ശേഖരണത്തിലുള്ളതും ഉപയോഗം കഴിഞ്ഞതുമടക്കം 5,459 ആണവ പോർമുനകൾ റഷ്യക്കുണ്ട്. അമേരിക്കക്കാകട്ടെ 5,177 ആണവ പോർമുനകൾ കൈവശമുണ്ട്.

കഴിഞ്ഞ വർഷത്തേതിൽ നിന്ന് ആണവായുധശേഖരം കുറഞ്ഞിട്ടുണ്ടെങ്കിലും റഷ്യയും അമേരിക്കയും ആയുധങ്ങളുടെ ആധുനീകരണ പദ്ധതി നടപ്പിലാക്കുന്നതു വഴി ഇരുരാജ്യങ്ങളുടെയും ആണവായുധ ശേഖരം ഭാവിയിൽ എണ്ണത്തിലും വൈവിധ്യത്തിലും വർദ്ധിക്കാമെന്ന് റിപ്പോർട്ട് പറയുന്നു.

ആണവായുധങ്ങൾ കൈവശം വെച്ചിരിക്കുന്ന മറ്റു രാജ്യങ്ങളായ ഫ്രാൻസ്, യുകെ, പാക്കിസ്ഥാൻ, ഉത്തരകൊറിയ, ഇസ്രയേൽ എന്നീ രാജ്യങ്ങളുടെ ആണവ പോർമുനകളുടെ ശേഷി കഴിഞ്ഞ വർഷത്തേതിൽനിന്ന് മാറ്റമില്ലാതെ തുടരുകയാണെന്നാണ് എസ്ഐപിആർഐയുടെ അനുമാനം. ആണവ പോർമുനകളുടെ എണ്ണം പാക്കിസ്ഥാന് കഴിഞ്ഞവർഷം 170ഉം ഇന്ത്യക്ക് 172ഉം ആയിരുന്നെങ്കിലും ആണവായുധ ശേഖരം വർദ്ധിപ്പിച്ചതിലൂടെ പാക്കിസ്ഥാനുമേൽ ഇന്ത്യക്ക് ഈ വർഷം മേൽക്കൈ നേടാൻ കഴിഞ്ഞു. ആണവായുധങ്ങൾ കൈവശം വെച്ചിരിക്കുന്ന ഒൻപത് രാജ്യങ്ങളിൽ ഏറ്റവുമധികം ആണവ പോർമുനകളുള്ള ആറാമത്തെ രാജ്യമാണ് നിലവിൽ ഇന്ത്യ.

കഴിഞ്ഞവർഷം ഇന്ത്യ തങ്ങളുടെ ആണവശേഖരം വർദ്ധിപ്പിച്ചെന്നും പുതിയ തരത്തിലുള്ള ആണവ വിതരണ സംവിധാനം വികസിപ്പിച്ചതായും വിശ്വസിക്കുന്നുവെന്ന് എസ്ഐപിആർഐ പറയുന്നു. പ്രവർത്തനക്ഷമമായി കഴിഞ്ഞാൽ ഇന്ത്യയുടെ പുതിയ 'കാനിസ്റ്ററൈസ്ഡ് മിസൈലുകൾക്ക്' (കാനിസ്റ്റർ എന്ന ഇരുണ്ട ലോഹ കണ്ടയ്നറുകളിൽ സൂക്ഷിക്കുന്ന മിസൈലുകൾ) പോർമുനകൾ മുൻകൂട്ടി ഘടിപ്പിച്ച് സുരക്ഷിതമായി ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് മാറ്റാനും സമാധാനകാലത്ത് ആണവ പോർമുനകൾ വഹിക്കാനും ഓരോ മിസൈലിലും നിരവധി പോർമുനകൾ വഹിക്കാനും കഴിയുമെന്ന് റിപ്പോർട്ടിൽ പറയുന്നു.

അതേസമയം, ആണവായുധ ശേഖരത്തിൽ മൂന്നാമതുള്ള ചൈനയാകട്ടെ ഈ വർഷം ജനുവരിയോടെ രാജ്യത്തിന്റെ വടക്കുള്ള മൂന്ന് പർവതപ്രദേശങ്ങളിലുമായി ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ (ഐസിബിഎം) സൂക്ഷിക്കാനും വിക്ഷേപിക്കാനും കഴിയുന്ന ഏകദേശം 350 പുതിയ ഐസിബിഎം സിലോസിന്റെ നിർമ്മാണം പൂർത്തിയാക്കുകയോ പൂർത്തിയാകലിന്റെ വക്കിലോ ആണെന്ന് എസ്ഐപിആർഐ ചൂണ്ടിക്കാട്ടുന്നു.

## കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം: അഖിൽ പി. ധർമജന് യുവസാഹിത്യ പുരസ്കാരം



ന്യൂഡൽഹി: 2025-ലെ കേന്ദ്ര സാഹിത്യ അക്കാദമിയുടെ യുവസാഹിത്യ പുരസ്കാരത്തിന് മലയാളത്തിൽനിന്ന് 'റാം കെയർ ഓഫ് ആനന്ദി' എന്ന നോവൽ രചിച്ച അഖിൽ പി. ധർമജൻ അർഹനായി. ബാലസാഹിത്യ പുരസ്കാരത്തിന് 'പെൻഗ്വിനുകളുടെ വൻകരയിൽ' എന്ന കുട്ടികളുടെ നോവൽ രചിച്ച ശ്രീജിത്ത് മൂത്തേടത്ത് അർഹനായി. അൻപതിനായിരം രൂപയും ഫലകവുമടങ്ങുന്നതാണ് പുരസ്കാരം.

ആലപ്പുഴ ജില്ലയിലെ പാതിരപ്പള്ളി സ്വദേശിയായ അഖിൽ പി. ധർമജൻ തിരക്കഥാകൃത്തുകൂടിയാണ്. കോഴിക്കോട് നാദാപുരം സ്വദേശിയായ ശ്രീജിത്ത് തൃശ്ശൂർ ചേർപ്പ് സിഎൻഎൻ സ്കൂളിലെ അധ്യാപകനാണ്.

ജൂൺ 18-ന് ഡൽഹിയിൽചേർന്ന അക്കാദമി എക്സിക്യുട്ടീവ് ബോർഡ് യോഗമാണ് പുരസ്കാരം തീരുമാനിച്ചത്. 2019 ജനുവരി ഒന്നിനും 2023 ഡിസംബർ 31-നുമിടയിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളാണ് പുരസ്കാരത്തിന് പരിഗണിച്ചത്. എ.ജി. ഒലീന, ഡോ. വി. രാജീവ്, ഡോ. ശ്രീവൃന്ദ നായർ എൻ. എന്നിവരടങ്ങുന്ന സമിതിയാണ് മലയാളത്തിൽനിന്ന് യുവസാഹിത്യ പുരസ്കാരം നിശ്ചയിച്ചത്. ഗ്രേസി ജോസഫ്, ഡോ. പി.കെ. കുശലകുമാരി, രാജീവ് ഗോപാലകൃഷ്ണൻ എന്നിവരടങ്ങിയ സമിതിയാണ് ബാലസാഹിത്യകൃതി തെരഞ്ഞെടുത്തത്.

## രാജ്യാന്തര റാങ്കിംഗിൽ ആദ്യ 50-ൽ ഇന്ത്യയിൽ നിന്ന് രണ്ട് സർവകലാശാലകൾ

ലണ്ടൻ:ഈ വർഷത്തെ മികച്ച സർവകലാശാലകളുടെ രാജ്യാന്തര റാങ്കിംഗിൽ ആദ്യ 50 സ്ഥാനങ്ങളിൽ ഇന്ത്യയിൽനിന്ന് രണ്ടെണ്ണം മാത്രം. 41-ാം സ്ഥാനത്തുള്ള അമൃത വിശ്വവിദ്യാപീഠവും 48-ാമതുള്ള ലൗലി പ്രഫഷണൽ യൂണിവേഴ്സിറ്റിയുമാണ് ആദ്യ 50 റാങ്കിലെ ഇന്ത്യൻ സാന്നിദ്ധ്യം. ആദ്യ നൂറു സ്ഥാനങ്ങളിൽ ഇന്ത്യയിൽനിന്നുള്ളത് നാല് സർവകലാശാലകൾ മാത്രം.

ഓസ്ട്രേലിയയിലെ വെസ്റ്റേൺ സിഡ്നി സർവകലാശാല ഒന്നാം സ്ഥാനം നിലനിർത്തി. യുകെയിലെ യൂണിവേഴ്സിറ്റി ഓഫ് മാഞ്ചസ്റ്റർ, ദക്ഷിണ കൊറിയയിലെ ക്യൂങ്പൂക് നാഷ്ണൽ യൂണിവേഴ്സിറ്റി (കെ.എൻ.യു) എന്നിവയാണ് രണ്ടും മൂന്നും റാങ്കുകളിൽ. ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ടൈംസ് ഹയർ എഡ്യൂക്കേഷ (ടിഎച്ച്ഇ)നാണ് മികവിന്റെ അടിസ്ഥാനത്തിൽ സർവകലാശാലകളുടെ പട്ടിക തയ്യാറാക്കിയത്.

ഐക്യരാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി) സംബന്ധിച്ച പ്രവർത്തനത്തിന്റെ ഭാഗമായി 130 രാജ്യങ്ങളിലായി 2,526 സർവകലാശാലകളിലാണ് വിലയിരുത്തൽ നടന്നത്. ഈ വർഷത്തെ ടി.എച്ച്.ഇ റാങ്കിംഗിൽ ആകെ 135 ഇന്ത്യൻ സ്ഥാപനങ്ങൾ ഇടംപിടിച്ചു. ജെ.എസ്.എസ്. അക്കാദമി ഓഫ് ഹയർ എഡ്യൂക്കേഷൻ (56), ഷൂലിനി യൂണിവേഴ്സിറ്റി ഓഫ് ബയോടെക്നോളജി ആൻഡ് മാനേജ്മെന്റ് സയൻസ് (96) എന്നിവയും ആദ്യ നൂറിൽ ഇടംനേടി. ബാക്കി ഇന്ത്യൻ സർവകലാശാലകൾ നൂറിനു ശേഷമുള്ള റാങ്കുകളിലാണ്.

കാലാവസ്ഥാ നടപടി, ഗുണനിലവാരമുള്ള വിദ്യാഭ്യാസം മുതൽ ലിംഗ സമത്വം, മാന്യമായ ജോലി എന്നിവ വരെയുള്ള ഏറ്റവും വലിയ ആഗോള പ്രശ്നങ്ങളിൽ ചിലത് ലോകമെമ്പാടുമുള്ള സർവകലാശാലകൾ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് ഇംപാക്റ്റ് റാങ്കിംഗ് അളക്കുന്നു.

ഗവേഷണം, ഔട്ട്റീച്ച്, ക്യാമ്പസ് പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ നോക്കി വിവിധ സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ പ്രകടനത്തെ അടിസ്ഥാനമാക്കിയാണ് റാങ്കിംഗ് തയ്യാറാക്കുന്നത്.

## പി.ജെ. ഫ്രാൻസിസ് അന്തരിച്ചു



ആലപ്പുഴ: മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനെ 1996-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ മാരാരിക്കുളം മണ്ഡലത്തിൽ പരാജയപ്പെടുത്തിയതിലൂടെ ശ്രദ്ധേയനായ കോൺഗ്രസ് നേതാവും മുൻ എംഎൽഎയുമായ അഡ്വ. പി.ജെ. ഫ്രാൻസിസ് (88) അന്തരിച്ചു. ആലപ്പുഴ കോൺവന്റ് സ്ക്വയറിലെ വീട്ടിലായിരുന്നു അന്ത്യം. പൊള്ളത്തൈ പള്ളിക്കത്തയ്യിൽ ആലക്കാട്ടുശേരി വീട്ടിൽ പി.ജി. ജുസീഞ്ഞ്-പി.ജെ റബേക്ക ദമ്പതികളുടെ മകനാണ്. ആലപ്പുഴ കോടതിയിൽ 35 വർഷം അഭിഭാഷകനായിരുന്ന അദ്ദേഹം ബാർ അസോസിയേഷൻ പ്രസിഡണ്ടായിരുന്നു. 1987, 91 തെരഞ്ഞെടുപ്പുകളിൽ അരൂരിലും 2001-ൽ മാരാരിക്കുളത്തും മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. ഭാര്യ മറിയാമ്മ ഫ്രാൻസിസ് (റിട്ട. പ്രഫ. സെ. ജോസഫ്സ് കോളജ് ആലപ്പുഴ). മക്കൾ: ജോസ് പി. ഫ്രാൻസിസ് (കുവൈറ്റ്), റോസ് പി. ഫ്രാൻസിസ് (ഷാർജ), ടോണി ഫ്രാൻസിസ്, റീന ഫ്രാൻസിസ് (ഇരുവരും ബെംഗ്ളൂർ). മരുമക്കൾ: ബിനിത ജോസ്, റീന ടോണി, മനു വർഗീസ്.







# വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറവ് കേരളത്തിൽ

ബെംഗ്ളൂർ: പാതിവഴിയിൽ പഠനം നിർത്തുന്ന ഹൈസ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം ദക്ഷിണേന്ത്യയിൽ ഏറ്റവും കുറവ് കേരളത്തിൽ. അതേസമയം, ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നത് കർണാടകത്തിലാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ റിപ്പോർട്ട് പ്രകാരം കർണാടകത്തിൽ 22.2 ശതമാനം വിദ്യാർത്ഥികൾ ഒൻപത്, പത്ത് ക്ലാസുകളിൽ എത്തുമ്പോഴേയ്ക്കും പഠനം നിർത്തുന്നു. കേരളത്തിൽ 3.14 ശതമാനം വിദ്യാർത്ഥികൾ മാത്രമാണ് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാത്തവർ.

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിൽ ദക്ഷിണേന്ത്യയിൽ രണ്ടാമതായി ആന്ധ്രയാണ് (12.48 ശതമാനം). തെലങ്കാനയിൽ 11.43 ശതമാനം പേരും തമിഴ്നാട്ടിൽ 7.68 ശതമാനം പേരും ഹൈസ്കൂൾ പഠനം പൂർത്തിയാക്കുന്നില്ല. ഇക്കാര്യത്തിൽ രാജ്യത്ത് ഒന്നാമത് ബിഹാറാണ്. ഇവിടെ 25.63 ശതമാനം പേരും ഹൈസ്കൂൾ പഠനം പൂർത്തിയാക്കുന്നില്ല. രണ്ടാമത് അസാമാണ് (25.07 ശതമാനം). ബംഗാളിൽ 17.87 ശതമാനം വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു. കർണാടകയടക്കം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് അധികമുള്ള സംസ്ഥാനങ്ങൾ പരിഹാര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളെ സ്കൂളുകളിലെത്തിക്കാൻ വീടുകൾതോറും കയറിയിറങ്ങി ബോധവത്കരണം നടത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് നിർദേശം.

# ഭാരതാംബ വിവാദം: രാജ്ഭവനിലെ പരിപാടി ബഹിഷ്കരിച്ച് മന്ത്രി ശിവൻകുട്ടി

തിരുവനന്തപുരം: രാജ്ഭവനിൽ വീണ്ടും ഭാരതാംബ ചിത്ര വിവാദം. സ്കൗട്ട് ആൻഡ് ഗൈഡ്സ് കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണ ചടങ്ങിൽ, ആർഎസ്എസ് പരിപാടികളിൽ വെക്കുന്ന ഭാരതാംബയുടെ ചിത്രം ഉപയോഗിച്ചു എന്നാരോപിച്ച് പരിപാടിക്കിടെ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഇറങ്ങിപ്പോയി.

താൻ പരിപാടിക്കായി രാജ്ഭവനിൽ ചെല്ലുമ്പോൾ ചിത്രത്തിൽ പുഷ്പാർച്ചന നടത്തുന്നതാണ് കാണുന്നതെന്നും ആശംസാപ്രസംഗം നടത്തിയശേഷം തന്റെ പ്രതിഷേധമറിയിച്ച് പരിപാടി ബഹിഷ്കരിക്കുകയായിരുന്നുവെന്നും വിദ്യാഭ്യാസ മന്ത്രി പറഞ്ഞു.

സർക്കാരും രാജ്ഭവനും സംയുക്തമായി നടത്തുന്ന പരിപാടികളിൽ ഇത്തരം രാഷ്ട്രീയ ചിഹ്നങ്ങൾ ഉൾക്കൊള്ളുന്ന ചിത്രം വെച്ച് വിളക്കു ക



ത്തിക്കുന്നതു ശരിയല്ലെന്നും അതിൽ ശക്തമായി പ്രതിഷേധിക്കുന്നതായും ശിവൻകുട്ടി വ്യക്തമാക്കി.

ഭരണഘടനയാണ് രാജ്യത്തിന്റെ നട്ടെല്ല്. മറ്റൊരു രാഷ്ട്രസങ്കല്പവും അതിനു മുകളിലല്ലെന്ന് കുട്ടികളെ അറിയിക്കാൻ ആഗ്രഹിക്കുന്നതായും മന്ത്രി പ്രസംഗത്തിൽ പറഞ്ഞു.

ഈ മാസം അഞ്ചിന് രാജ് ഭവനിൽ നടത്തിയ പരിസ്ഥിതി ദിനാഘോഷത്തിൽ ഇതേ ചിത്രം വെച്ചതിനെത്തുടർന്ന് കൃഷിമന്ത്രി പി. പ്രസാദ് ചടങ്ങ് ബഹിഷ്കരിച്ചിരുന്നു.

കേരള സർക്കാരിന്റെ പരിസ്ഥിതി ദിനാഘോഷം രാജ്ഭവനിൽ ഗവർണർ രാജേന്ദ്ര അർലേക്കറും കൃഷിമന്ത്രി പി. പ്രസാദും സംയുക്തമായി ഉദ്ഘാടനം ചെയ്യാനായിരുന്നു അന്ന് നിശ്ചയിച്ചിരുന്നത്. എന്നാൽ, വേദിയിലെ ചിത്രത്തെക്കുറിച്ചുള്ള അതൃപ്തി അറിയിച്ച് അന്ന് പരിപാടിയിൽനിന്നു കൃഷിമന്ത്രി വിട്ടുനില്ക്കുകയും ദർബാർ ഹാളിൽ പരിപാടി സംഘടിപ്പിക്കുകയുമായിരുന്നു. ഇതിനു പിന്നാലെയാണ് വിദ്യാഭ്യാസമന്ത്രിയും ചിത്രത്തിന്റെ പേരിൽ രാജ്ഭവൻ പരിപാടിയിൽ നിന്നു ഇറങ്ങിപ്പോയത്.

## വിമാനത്താവളത്തിനു സുരക്ഷ:

# കെട്ടിടങ്ങളും മരങ്ങളും നീക്കം ചെയ്യണം

ന്യൂഡൽഹി: അഹമ്മദാബാദ് വിമാനദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിമാനത്താവളങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ കർശന നടപടികളുമായി വ്യോമയാന മന്ത്രാലയം. ഇതുസംബന്ധിച്ച് പുതിയ കരട് നിയമം പുറപ്പെടുവിച്ചു. വിമാനത്താവളങ്ങൾക്കു ചുറ്റുമുള്ള നിശ്ചിത പ്രദേശത്ത് വ്യോമയാന സുരക്ഷയ്ക്കു ഭീഷണിയാകുന്ന നിർമിതികളിൽ നിയന്ത്രണം കൊണ്ടുവരുന്നതാണ് പുതിയ നിയമം.

വ്യോമപാതയ്ക്കു തടസമാകുന്ന കെട്ടിടങ്ങളും മരങ്ങളും നീക്കം ചെയ്യണമെന്നോ അവയുടെ ഉയരം കുറയ്ക്കണമെന്നോ ഉടമസ്ഥരോട് കർശനമായി നിയമം ആവശ്യപ്പെടുന്നു. കഴിഞ്ഞ 18-ന് പുറപ്പെടുവിച്ച കരട് നിയമം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതോടെ ഔദ്യോഗികമായി മാറും.

വിമാനത്താവളങ്ങൾക്കു ചുറ്റുമുള്ള നിശ്ചിത പ്രദേശത്തു വിമാനങ്ങൾക്ക് അപകടകരമാകുന്ന കെട്ടിടങ്ങളോ മരങ്ങളോ ഉണ്ടെങ്കിൽ അവ റിപ്പോർട്ട് ചെയ്ത് ഉടമസ്ഥർക്കു നോട്ടീസ് അയക്കാൻ കരട് നിയമം അധികൃതർക്ക് നിർദേശം നൽകുന്നു.

വ്യോമയാന അധികാരികളിൽ നിന്നു നോട്ടീസ് ലഭിച്ച് 60 ദിവസത്തിനകം ഉടമസ്ഥൻ കെട്ടിടങ്ങളും മരങ്ങളും നീക്കം ചെയ്യാനോ അവയുടെ ഉയരം കുറയ്ക്കുവാനോ വേണ്ട നടപടികൾ സ്വീകരിക്കണം.

നിർദേശങ്ങൾ പാലിക്കാത്ത പക്ഷം വിമാനത്താവളത്തിന്റെ ഓഫീസർ ഇൻചാർജ് ജില്ലാ കളക്ടർക്കു റിപ്പോർട്ട് നൽകുകയും നിർമിതി തകർക്കുന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യും.

ഉത്തരവുകൾക്കെതിരെ ഫസ്റ്റ് അല്ലെങ്കിൽ സെക്കൻഡ് അപ്പീൽ ഓഫീസർക്കു ഹർജി നൽകാൻ ഉടമസ്ഥർക്ക് അവകാശമുണ്ട്. ഉത്തരവുകൾ പാലിക്കുന്നവർ നഷ്ടപരിഹാരത്തിന് അർഹരാണെന്നും എന്നാൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം വ്യോമയാന സുരക്ഷയ്ക്കു ഭീഷണിയായി നിർമിക്കുന്ന പുതിയ നിർമിതികൾക്ക് നഷ്ടപരിഹാരത്തിന് അവകാശമില്ലെന്നും കരട് നിയമത്തിൽ വ്യക്തമാക്കുന്നു.

# ഇന്ത്യ– കാനഡ ബന്ധം വീണ്ടും സൗഹൃദവഴിയിൽ

കാനഡ: ഖലിസ്ഥാൻ നേതാവ് ഹർദീപ് സിങ് നിജ്ജറിന്റെ വധത്തെത്തുടർന്ന് വിള്ളൽ വീണ ഇന്ത്യ-കാനഡ ബന്ധം വീണ്ടും സൗഹൃദവഴി



കാനഡയിലെ കനാനസ്കിസിൽ ജി7 ഉച്ചകോടിക്കിടെ ലോകനേതാക്കളും ഉദ്യോഗസ്ഥരും ഗ്രൂപ്പ് ഫോട്ടോയ്ക്ക് പോസ് ചെയ്തപ്പോൾ.

യിൽ. ജി 7 ഉച്ചകോടിക്കെത്തിയ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി കാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയുമായി നടത്തിയ ചർച്ചകളിലാണ് മഞ്ഞുരുകിയത്. തിരികെ വിളിച്ച നയതന്ത്രപ്രതിനിധികളെ ഇരുരാജ്യങ്ങളും മടക്കി അയയ്ക്കും, മന്ത്രിതലത്തിലുള്ള ചർച്ചകളിലൂടെ മറ്റു പ്രശ്നങ്ങൾ പരിഹരിക്കും. നിർത്തിവെച്ച വ്യാപാര ചർച്ചകൾ പുനരാരംഭിക്കാനും പ്രധാനമന്ത്രിമാർ തീരുമാനിച്ചു. നരേന്ദ്ര മോദിയുടെ ജി 7 ഉച്ചകോടിയിലെ സാന്നിധ്യം ലോക സമ്പദ്ഘടനയിൽ ഇന്ത്യ വഹിക്കുന്ന പങ്കിന്റെ തെളിവാണെന്ന് മാർക്ക് കാർണി പറഞ്ഞു.

ഇന്ത്യയുടെ അയൽക്കാർ ഭീകരതയുടെ ഉല്പാദകരാണെന്നും ഈ വെല്ലുവിളികൾക്കെതിരെ കണ്ണടയ്ക്കുന്നത് മാനവികതയോട് ചെയ്യുന്ന വെല്ലുവിളിയാകുമെന്നും ജി 7 രാജ്യങ്ങളുടെ തലവന്മാരെ അഭിസംബോധന ചെയ്ത് നരേന്ദ്രമോദി പറഞ്ഞു. ഇന്ത്യയുടെ ആത്മാവിനു നേരെയുള്ള ആക്രമണമാണ് പഹൽഗാമിൽ നടന്നത്. ഭീകരപ്രവർത്തകരെ വളർത്തുന്നവരെയും അതിന്റെ വെല്ലുവിളികൾ നേരിടുന്നവരെയും ഒരുപോലെ കാണാൻ പാടില്ലെന്നും മോദി പറഞ്ഞു.

ഉച്ചകോടിയിൽ നിന്ന് ക്രൊയേഷ്യക്കാണ് മോദി പോയത്. ആദ്യമായാണ് ഇന്ത്യൻ പ്രധാനമന്ത്രി ക്രൊയേഷ്യ സന്ദർശിക്കുന്നത്.



# ഇന്ത്യക്കു മാത്രമായി വ്യോമപാത തുറന്ന് ഇറാൻ

ന്യൂഡൽഹി: ഇസ്രയേലുമായുള്ള ഏറ്റുമുട്ടൽ രൂക്ഷമായതോടെ ഇറാനിൽ കുടുങ്ങിയ ഇന്ത്യക്കാരിൽ ആയിരത്തോളം പേർ 'ഓപ്പറേഷൻ സിന്ധു' വിലൂടെ തിരികെ നാട്ടിലേക്ക്. ഇന്ത്യക്കു വേണ്ടിമാത്രം ഇറാൻ വ്യോമപാത തുറന്നു നല്കിയതോടെയാണ് ഒഴിപ്പിക്കൽ സാദ്ധ്യമായത്.

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി മൂന്നിലധികം പ്രത്യേക വിമാനങ്ങൾ ചാർട്ട് ചെയ്താണ് ഇന്ത്യക്കാരെ നാട്ടിലെത്തിക്കുന്നത്. വിദ്യാർത്ഥികളാണ് സംഘത്തിൽ ബഹുഭൂരിപക്ഷവും. പ്രഫഷണലുകളും വിനോദസഞ്ചാരികളും സംഘത്തിലുണ്ട്.

ഇറാനിലെ ഒരു വിമാനക്കമ്പനിയുമായി സഹകരിച്ച് ടെഹ്റാനിലെ ഇന്ത്യൻ എംബസിയാണ് മടക്കയാത്രയ്ക്ക് ചുക്കാൻ പിടിക്കുന്നത്. ഉസ്ബെക്കിസ്ഥാൻ അതിർത്തിക്കു സമീപത്തെ മഷാദ് വിമാനത്താവളത്തിൽ നിന്ന് ഇന്ത്യൻ സംഘം ന്യൂഡൽഹിയിലേക്കു തിരിക്കും. നിലവിൽ തുർക്ക്മെനിസ്ഥാനിലെത്തിയ ഇന്ത്യക്കാരുമായി മറ്റൊരു ചാർട്ടേഡ് വിമാനം ഡൽഹിയിലേക്കു തിരിച്ചു.

നേരത്തെ അർമേനിയൻ അതിർത്തി വഴി 110 ഇന്ത്യൻ വിദ്യാർത്ഥികളെ തിരിച്ചെത്തിച്ചിരുന്നു. വടക്കൻ ഇറാനിൽ നിന്ന് റോഡ് മാർഗ്ഗം അർമേനിയയിൽ എത്തിച്ചശേഷം എംബസി പ്രത്യേക വിമാനത്തിലാണ് വിദ്യാർത്ഥികളെ ഡൽഹിയിലെത്തിച്ചത്. ഇതിൽ 90 വിദ്യാർത്ഥികളും ജമ്മു-കശ്മീരിൽ നിന്നുള്ളവരായിരുന്നു.

ഇറാൻ-ഇസ്രയേൽ സംഘർഷം രൂക്ഷമായതോടെയാണ് ഇന്ത്യക്കാരെ ഒഴിപ്പിക്കാനുള്ള ഓപ്പറേഷൻ സിന്ധു വിദേശകാര്യമന്ത്രാലയം ആരംഭിച്ചത്. ഇറാനിൽ നിന്നും ഇസ്രയേലിൽ നിന്നും ഇന്ത്യക്കാരെ തിരിച്ചെത്തിക്കാനാണ് തീരുമാനം. ഇറാനിൽ മാത്രം പതിനായിരത്തോളം ഇന്ത്യക്കാരുണ്ടെന്നാണ് കണക്ക്. ഇതിൽ രണ്ടായിരത്തോളം പേർ വിദ്യാർത്ഥികളാണ്.

# കേരളത്തിൽ 288 കോടിയുടെ സൈബർ തട്ടിപ്പ്

തിരുവനന്തപുരം: ഈ വർഷം മേയ് 31 വരെ കേരളത്തിൽ 288 കോടി രൂപയുടെ സൈബർ തട്ടിപ്പ്. 16201 പരാതികളിലാണ് കേസ് രജിസ്റ്റർ ചെയ്തത്. കഴിഞ്ഞ വർഷം ഈ കാലയളവിൽ 272 കോടി നഷ്ടമായി. 288 കോടിയിൽ 43.64 കോടി സൈബർ ഡിവിഷന്റെ ഇടപെടലിനെ തുടർന്ന് തിരികെ കിട്ടി. പുതിയ തന്ത്രങ്ങളാണു പരീക്ഷിക്കുന്നത്. വെർചൽ തട്ടിപ്പ് കുറഞ്ഞപ്പോൾ നിക്ഷേപത്തിന്റെ പേരിലായി തട്ടിപ്പ്. കാറ്റിൽനിന്നു വൈദ്യുതി, സോളർ വൈദ്യുതി തുടങ്ങിയ സംരംഭങ്ങളിൽ നിക്ഷേപം എന്നാണു വാഗ്ദാനം. ആദ്യ മാസത്തെ ലാഭമെന്നു പറഞ്ഞ് ചെറിയ തുക തിരികെ നൽകും. പിന്നീട് വലിയ തുക നിക്ഷേപിക്കുമ്പോൾ സംഘം മുങ്ങുന്നതാണ് രീതി.

# ആർച്ച്ബിഷപ് മാർ തോമസ് തറയിൽ മാർപാപ്പയെ സന്ദർശിച്ചു

ചങ്ങനാശേരി: ചങ്ങനാശേരി ആർച്ച്ബിഷപ് മാർ തോമസ് തറയിൽ ലെയോ പതിനാലാമൻ മാർപാപ്പയെ സന്ദർശിച്ച് സ്നേഹോപഹാരങ്ങൾ സമർപ്പിച്ചു. കർദിനാൾ മാർ ജോർജ് കൂവക്കാട്ടും സന്നിഹിതനായിരുന്നു. ചങ്ങനാശേരി അതിരൂപതാ വൈദികനായ ഫാ. ജേക്കബ് കൂരോത്ത് വരച്ച മാർത്തോമ്മാ ശ്ലീഹായുടെ ഐക്കണും പ്രശസ്ത ശില്പിയായ കോട്ടയം വയലാ സ്വദേശി തോമസ് വെള്ളാരത്തുങ്കൽ രൂപകല്പന ചെയ്ത ശില്പവുമാണ് കൈമാറിയത്.



ചങ്ങനാശേരി ആർച്ച്ബിഷപ് മാർ തോമസ് തറയിൽ ലെയോ പതിനാലാമൻ മാർപാപ്പയ്ക്ക് സ്നേഹോപഹാരം സമർപ്പിക്കുന്നു.

വിശുദ്ധരുടെ ചിത്രം ആലേഖനം ചെയ്ത ദാരുശില്പമാണ് തോമസ് വെള്ളാരത്തുങ്കൽ തയ്യാറാക്കിയത്. നാളുകളുടെ അദ്ധ്വാനത്തിൽ പൂർണമായും കരവിരുതിൽ കൊത്തിയെടുത്ത ശില്പത്തിൽ മിശിഹായുടെ ശരീരരക്തങ്ങളുടെ പ്രതീകമായ ഗോതമ്പ്കതിരും മുന്തിരിവള്ളിയും പശ്ചാത്തലമാക്കി പ്രാർത്ഥനയുടെ അടയാളമായ യാചനാകരങ്ങളുടെ നടുവിൽ ഗോളവും ഗോളത്തിൽ ഇന്ത്യയുടെ ചിത്രവും ആലേഖനം ചെയ്തിരിക്കുന്നു.

ഗോളത്തിനു മുകളിൽ സ്ഥാപിച്ച കേരളത്തിന്റെ മാതൃകയിൽ സുറിയാനി കത്തോലിക്കാ സഭയിൽനിന്ന് ആദ്യമായി വിശുദ്ധ പദവി ലഭിച്ച അൽഫോൻസാമ്മയുടെ ചിത്രം കൊത്തിയിരിക്കുന്നു.

മുന്തിരിക്കുലകളോട് ചേർന്നിരിക്കുന്ന നാലിലകളിലായി രണ്ടുവശത്തും വിശുദ്ധരായ ഏലിയാസച്ചൻ, എവുപ്രാസ്യാമ്മ, മറിയം ത്രേസ്യ, ദേവസഹായംപിള്ള എന്നിവരുടെയും ചിത്രങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഇന്ത്യയോട് വെടിനിർത്തൽ അഭ്യർത്ഥിച്ചതായി പാക് ഉപപ്രധാനമന്ത്രി

ഇസ്ലാമബാദ്: ഓപ്പറേഷൻ സിന്ദൂറിൽ നേരിട്ട കനത്ത തിരിച്ചടിയെത്തുടർന്ന് ഇന്ത്യയോട് വെടിനിർത്തൽ അഭ്യർത്ഥിക്കുകയായിരുന്നെന്ന് സമ്മതിച്ച് പാകിസ്ഥാൻ. റാവൽപിണ്ടിയിലെയും പാക് പഞ്ചാബിലെയും നിർണായക വ്യോമതാവളങ്ങൾ ഇന്ത്യ ആക്രമിച്ചതിനേത്തുടർന്നാണ് വെടിനിർത്തൽ അഭ്യർത്ഥിക്കാൻ നിർബന്ധിതരായതെന്ന് പാക് ഉപപ്രധാനമന്ത്രി ഇഷാഖ് ദാർ ഒരു ടെലിവിഷൻ പരിപാടിയിൽ വെളിപ്പെടുത്തി.

താൻ ഇടപെട്ടാണ് ഇന്ത്യ-പാക് വെടിനിർത്തൽ നടപ്പാക്കിയതെന്ന യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ അവകാശവാദം ഇന്ത്യ തള്ളിയിരുന്നു. അത് ശരിവെക്കുന്നതു കൂടിയാണ് പാക് ഉപപ്രധാനമന്ത്രിയുടെ വെളിപ്പെടുത്തൽ. റാവൽപിണ്ടിയിലെ നൂർ ഖാൻ വ്യോമതാവളവും പാക് പഞ്ചാബ് പ്രവിശ്യയിലെ ഷോർകോട്ട് വ്യോമതാവളവും ആക്രമിക്കപ്പെട്ടതോടെ ഇടപെടൽ അഭ്യർത്ഥിച്ച് അമേരിക്കയേയും സഹായമഭ്യർത്ഥിച്ച് സൗദി അറേബ്യയേയും സമീപിച്ചതായി പാക് ഉപപ്രധാനമന്ത്രി വ്യക്തമാക്കി. വ്യോമസേനാ പ്രവർത്തനകേന്ദ്രമെന്നതിലുപരി വിഐപി ഗതാഗത ക്രമീകരണ യൂണിറ്റ് കൂടിയാണ് റാവൽപിണ്ടിയിലെ നൂർ ഖാൻ വ്യോമതാവളം.

# ഫാസ്റ്റ്ടാഗ് വാർഷിക പാസുമായി കേന്ദ്രം

ന്യൂഡൽഹി: ദേശീയപാതകളിലെ ടോൾ പിരിവിന് ഫാസ്റ്റ്ടാഗ് അടിസ്ഥാനമാക്കിയുള്ള വാർഷിക പാസ് പ്രഖ്യാപിച്ച് കേന്ദ്ര ഗതാഗതമന്ത്രി നിതിൻ ഗഡ്കരി. മൂവായിരം രൂപ നൽകി പാസ് എടുത്താൽ 200 തവണ യാത്ര ചെയ്യാമെന്നതാണ് ഇതിന്റെ പ്രത്യേകത.

ഒരു വർഷത്തേക്കായിരിക്കും പാസിന്റെ കാലാവധി. വാണിജ്യേതര-സ്വകാര്യ വാഹനങ്ങൾക്കായിരിക്കും വാർഷിക പാസ് ലഭ്യമാക്കുക. അടുത്ത ഓഗസ്റ്റ് 15-ന് പുതിയ സംവിധാനം നിലവിൽവരും.

ദേശീയപാതകളിലെ ഉയർന്ന ടോൾ നിരക്ക് സംബന്ധിച്ച പരാതികൾക്ക് ഇതോടെ പരിഹാരമാകുമെന്നു മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. കാറുകൾ, ജീപ്പുകൾ തുടങ്ങിയ സ്വകാര്യ-വാണിജ്യേതര വാഹനങ്ങൾക്ക് ഒരു വർഷത്തേക്ക് അല്ലെങ്കിൽ 200 യാത്രകൾ അനുവദിക്കുന്നതാണ് വാർഷിക പാസ് സംവിധാനം.

എന്നാൽ, വാണിജ്യ വാഹനങ്ങൾക്ക് വാർഷിക പാസ് ഉപയോഗിക്കാനാകില്ല. പാസ് എടുത്ത തീയതി മുതൽ ഒരു വർഷം വരെ അല്ലെങ്കിൽ 200 യാത്രകൾ വരെ പാസ് ഉപയോഗിക്കാം. ഇതിൽ ഏതാണ് ആദ്യം വരുന്നതോ അതായിരിക്കും പരിഗണിക്കുകയെന്നും മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. 200 യാത്രകൾ എന്ന പരിധി കഴിഞ്ഞാൽ പാസ് റീചാർജ്ചെയ്ത് ഉപയോഗിക്കാനാകും.

ഇന്ത്യയിലെവിടെയും ഈ പാസ് ഉപയോഗിച്ച് ദേശീയപാതകളിലൂടെ തടസമില്ലാതെ യാത്ര ചെയ്യാനാകുമെന്നും അദ്ദേഹം പറഞ്ഞു. വാർഷിക പാസ് എടുത്തവർക്ക് ടോൾ പ്ലാസകളിലെ ഗതാഗതക്കുരുക്കിൽ കാത്തുനിൽക്കാതെ യാത്ര വേഗത്തിലാകുമെന്നതും പ്രത്യേകതയാണ്.

നിലവിൽ ഫാസ്റ്റ്ടാഗ് ഉപയോഗിക്കുന്നവർക്ക് മറ്റു തിരിച്ചറിയൽ രേഖകൾ നൽകാതെതന്നെ പുതിയ പാസ് എടുക്കുന്നതിനും പുതുക്കാനുമുള്ള ലിങ്ക് വൈകാതെതന്നെ കേന്ദ്ര സർക്കാരിന്റെ രാജ്മാർഗ് യാത്ര ആപ്ലിക്കേഷനിലും നാഷണൽ ഹൈവേസ് അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ), കേന്ദ്ര ഉപരിതല ദേശീയപാത മന്ത്രാലയം എന്നിവയുടെ ഔദ്യോഗിക വെബ്സൈറ്റുകളിലും ലഭ്യമാക്കുമെന്നും നിതിൻ ഗഡ്കരി പറഞ്ഞു.

അതേസമയം, യാത്ര ചെയ്യുന്ന ദൂരത്തിന്റെ അടിസ്ഥാനത്തിൽ ടോൾ ഏർപ്പെടുത്തുമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നെങ്കിലും ഇതുസംബന്ധിച്ച് പ്രഖ്യാപനം ഉണ്ടായിട്ടില്ല.




FAMILY DENTAL
GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS
552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976
Children Welcome
Invisalign & Braces
9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD
Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs
Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# പന്നിക്കോട്ട് അഡ്വ. പി.ജെ. കുര്യൻ സ്മാരക ട്രസ്റ്റ് പുരസ്കാര വിതരണം






തിരുവല്ല: നിസ്വാർത്ഥ പൊതുപ്രവർത്തകനായിരുന്നു പന്നിക്കോട്ട് അഡ്വ. പി.ജെ. കുര്യനെന്നു കെപിസിസി അച്ചടക്ക സമിതി ചെയർമാൻ തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ. പന്നിക്കോട്ട് അഡ്വ. പി.ജെ. കുര്യൻ സ്മാരക ട്രസ്റ്റിന്റെ നേതൃത്വത്തിൽ തിരുവല്ല എം.ജി.എം ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന പുരസ്കാര സമർപ്പണം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ചെറുപ്രായത്തിൽ എഐസിസി അംഗമായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ഒരിക്കലും സ്ഥാനങ്ങൾക്കു പിന്നാലെ പോയിട്ടില്ല. ഇന്നത്തെ പൊതുപ്രവർത്തകർ പന്നിക്കോട്ട് പി.ജെ. കുര്യനെ മാതൃകയാക്കണമെന്നും തിരുവഞ്ചൂർ പറഞ്ഞു.

ആന്റോ ആന്റണി എംപി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് അദ്ധ്യക്ഷത വഹിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ട് കെ. അനന്തഗോപൻ അനുസ്മരണപ്രഭാഷണം നടത്തി. ജോസ് പന്നിക്കോട്ട് റിപ്പോർട്ട് സമർപ്പിച്ചു.

മലങ്കര അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ, ഹൗസ് ഫെഡ് വൈസ് ചെയർമാൻ ജോർജ് മാമ്മൻ കൊണ്ടൂർ, ഡിസിസി പ്രസിഡണ്ട് സതീഷ് കൊച്ചുപറമ്പിൽ, പുറമറ്റം പഞ്ചായത്ത് പ്രസിഡണ്ട് ജൂലി കെ. വർഗീസ്, ജേക്കബ് മണ്ണുംമൂട്, കോ-ഓർഡിനേറ്റർ വർഗീസ് എം. ഈശോ, ഡോ. തോമസ് ഏബ്രഹാം, ദീപ മേരി ജേക്കബ്, മത്തായി ടി. വർഗീസ് എന്നിവർ പ്രസംഗിച്ചു. ട്രസ്റ്റിന്റെ ഇത്തവണത്തെ മാനവസേവ പുരസ്കാരം മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് മരണാനന്തര ബഹുമതിയായി സമർപ്പിച്ചു. മറിയ ഉമ്മൻ ചാണ്ടി പുരസ്കാരം ഏറ്റുവാങ്ങി. അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിബായി, ടി.പി. ശ്രീനിവാസൻ, വെണ്ണിക്കുളം സെ. ബഹനാൻസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ഡോ. ജേക്കബ് മണ്ണുംമൂട് എന്നിവർക്കും പുരസ്കാരങ്ങൾ സമ്മാനിച്ചു. അശ്വതി തിരുനാൾ ലക്ഷ്മിബായിക്കു വേണ്ടി ലതാവർമ്മ പുരസ്കാരം ഏറ്റുവാങ്ങി. വിദ്യാർത്ഥികൾക്ക് മെഡൽ വിതരണവും നടത്തി.


# ചിക്കാഗോ മലയാളി അസോസിയേഷൻ വാർഷികപ്പതിപ്പിലേക്ക് രചനകൾ ക്ഷണിക്കുന്നു

**ബിജു മുണ്ടക്കൽ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷൻ 2025 ഓണാഘോഷത്തോടനുബന്ധിച്ച് പുറത്തിറക്കുന്ന വാർഷികപ്പതിപ്പിലേക്ക് കഥകൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങിയ സാഹിത്യ സൃഷ്ടികൾ ക്ഷണിക്കുന്നു. സാഹിത്യ സൃഷ്ടികൾ ഈ വാർഷികപ്പതിപ്പിൽ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ രചനകൾ താഴെ നൽകിയിരിക്കുന്ന ഇമെയിൽ/പോസ്റ്റൽ മെയിൽ അഡ്രസ്സിൽ ജൂൺ 30-നു മുൻപായി അയയ്ക്കാവുന്നതാണ്. രചനകൾ അയയ്ക്കുമ്പോൾ അവ സ്വന്തം രചനകൾ ആണെന്നുള്ള സാക്ഷ്യപത്രം കൂടി അയയ്ക്കേണ്ടതാണ്. എഡിറ്റോറിയൽ ബോർഡ് തെരഞ്ഞെടുക്കുന്ന രചനകൾ വാർഷികപ്പതിപ്പിൽ ഉൾപ്പെടുത്തുന്നതാണ്.

**രചനകൾ അയയ്ക്കേണ്ട വിലാസം:**
**email: cmamagazine2025@gmail.com**
**Postal Mail: 1340 E Eton Dr, Arlington Hts, IL 60004**

# സണ്ണി കണ്ണച്ചാംപറമ്പിലിന് ഭാരത് സേവക് സമാജ് അവാർഡ്





കോട്ടയം: കൃഷിയിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ജൈവകൃഷി നടത്തി സമൂഹത്തിന് മാതൃക നൽകിക്കൊണ്ടിരുന്ന സണ്ണി കണ്ണച്ചാംപറമ്പിൽ (സണ്ണി കുറുപ്പന്തറ - എസ്കെ) ഭാരത് സേവക് സമാജ് നൽകുന്ന 2025-ലെ ഏറ്റവും മികച്ച കർഷകനുള്ള പുരസ്കാരത്തിന് അർഹനായി. കേരള സംസ്ഥാന സംരക്ഷണ വകുപ്പിൽ ജോയിന്റ് ഡയറക്ടറായി വിരമിച്ച സണ്ണി കണ്ണച്ചാംപറമ്പിൽ പൂർണമായും കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കവടിയാറിലുള്ള ബി.എസ്.എസ് ആസ്ഥാനത്തെ സദ്ഭാവന ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഭാരത് സേവക് സമാജ് ദേശീയ ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ പുരസ്കാരം സമ്മാനിച്ചു.



# മയാമി സെന്റ് ജൂഡ് ക്നാനായ ഇടവകയിൽ ഗ്രാജുവേറ്റ്സിനെയും ഫാദേഴ്സിനെയും ആദരിച്ചു

മയാമി: സെന്റ് ജൂഡ് ക്നാനായ കത്തോലിക്ക ഇടവകയുടെ വിവിധ തലങ്ങളിൽ ഗ്രാജുവേറ്റ് ചെയ്തവരെ ജൂൺ 15-ാം തീയതി ഞായറാഴ്ച ദിവ്യബലിക്കുശേഷം ആദരിച്ചു. ഫാ. ജോഷി ഇളമ്പാശ്ശേരി ദിവ്യബലി അർപ്പിച്ചു. തുടർന്ന് വിശ്വാസപരിശീലനം 12 വർഷം പൂർത്തിയാക്കിയ ഗ്രാജുവേറ്റ്സിന് അസി. ഡി.ആർ.ഇ. സിംജോ ഇടപ്പാറ ഇടവകസമൂഹത്തിന് പരിചയപ്പെടുത്തി. കുട്ടികൾക്ക് ഫാ. ജോഷി ഇളമ്പാശ്ശേരി സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

ഹൈസ്കൂൾ ഗ്രാജുവേറ്റ് ആയ കെസിയ പുതിയാറ, മായാ പള്ളിപ്പറമ്പിൽ, അലക്സ് കൂവപ്ലാക്കൽ, ഡിഗ്രി

**എബി തെക്കനാട്ട്**

പഠനം പൂർത്തിയാക്കിയ ജോ ആൻ പൂഴിക്കുന്നേൽ, ജോണത്തൻ വെളിയന്തറയിൽ, കെൻ ഞാറവേലിൽ, എബിൻ കൂവപ്പാക്കൽ, ഡോ.സിന്ധ്യ തച്ചേട്ട്, ഡോ. ബെഞ്ചമിൻ ചിലമ്പത്ത്, ഡോ. ക്രിസ്റ്റി ഞാറവേലിൽ എന്നിവരെയും സമ്മാനം നൽകി ആദരിച്ചു.

ഷെറിൻ പനന്താനത്ത് ഗ്രാജുവേറ്റ്സിനെ അഭിനന്ദിച്ചു സംസാരിച്ചു. ഡോ. ബെഞ്ചമിൻ ചിലമ്പത്ത് ഏവർക്കും കൃതജ്ഞത പറഞ്ഞു. ഡി.ആർ.ഇ. സുബി പനന്താനത്ത് പരിപാടികൾക്ക് നേതൃത്വം നൽകി.

ഫാദേഴ്സ് ഡേ പ്രമാണിച്ച് എല്ലാ പിതാക്കന്മാരെയും ആദരിക്കുകയുണ്ടായി. ഫാ. ജോഷി ഇളമ്പാശ്ശേരി എല്ലാ പിതാക്കന്മാർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. മെറിൻ വെള്ളിയാൻ, ജോഹൻ പടിയാനിക്കൽ എന്നിവർ ഫാദേഴ്സിന് ആശംസകൾ അർപ്പിച്ചു. ഫാദേഴ്സ് ഡേ ആഘോഷങ്ങൾക്ക് പാരീഷ് കൗൺസിൽ സെക്രട്ടറി ജോമോൾ വട്ടപ്പറമ്പിലും, വുമൺസ് മിനിസ്ട്രിയും നേതൃത്വം നൽകി. ക്രമീകരണങ്ങൾക്ക് ഇടവക ട്രസ്റ്റിമാരായ ജോസഫ് പതിയിൽ, എബ്രഹാം പുതിയടത്തുശ്ശേരിൽ, കുഞ്ഞുമോൻ കൂവപ്പാക്കൽ എന്നിവർ പരിപാടികളുടെ വിജയത്തിനായി മുന്നിട്ട് പ്രവർത്തിച്ചു.










**Small Business Accounting LLC**

**Personal and Business Tax Services**



Tino Simon Mundaplackil

Phone:630-635-3615
Email:
tino@greatwaysinc.com
1001 E Chicago Ave,
Suite 151,
Naperville, IL 60540

**Free Electronic Filing**



Pramod Zacharias, E.A.

**HOUSING PLOTS FOR SALE AT MONIPPALLY**

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ഫാദേഴ്സ് ഡേ ആഘോഷിച്ചു

അനിൽ മറ്റത്തിക്കുന്നേൽ



ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ഇടവകയിൽ ഫാദേഴ്സ് ഡേ ആഘോഷിച്ചു. ജൂൺ 15-ന് ഞായറാഴ്ചയിലെ മൂന്നു കുർബാനയ്ക്ക് ശേഷവും കുർബ്ബാനയിൽ പങ്കെടുത്ത പിതാക്കളെ സമ്മാനം നൽകി ആദരിച്ചുകൊണ്ടായിരുന്നു ഫാദേഴ്സ് ഡേ സംഘടിപ്പിച്ചത്. കൂടാതെ ഇടവകയിലെ പിതാക്കൾക്ക് വേണ്ടി നടത്തപ്പെട്ട ക്വിസ് മത്സരം ഏറെ ശ്രദ്ധേയമായി. വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾദിവസം കൂടിയായിരുന്ന ദിവസത്തിന്റെ മംഗളങ്ങൾ നേരുന്നതിനോടൊപ്പം കത്തോലിക്കാ സഭയിലെ സുപ്രധാനമായ തിരുനാളുകളിലൂടെ കടന്നുപോകുന്ന അനുഗ്രഹപൂർണമായ ജൂൺ മാസത്തിലെ ഈ ആഴ്ചകളിൽ ഏവർക്കും പ്രാർത്ഥനാനിരതമായ ആശംസകൾ നേരുന്നതായി വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു. അസി. വികാരി. ഫാ. അനീഷ് മാവേലിപുത്തൻപുര, ഇടവക സെക്രട്ടറി സി. ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, യൂത്ത് കൈക്കാരൻ നിബിൻ വെട്ടിക്കാട്ട്, പാരീഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, പിആർഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ സജ്ജീകരണങ്ങൾക്ക് നേതൃത്വം നൽകി.



# സെന്റ് മേരീസ് ക്നാനായ ഇടവകയിൽ ഫാ. പോൾ ജെ. കിമ്മിന്റെ നേതൃത്വത്തിൽ യൂത്ത് മിനിസ്ട്രിയുടെ പരിപാടി സംഘടിപ്പിച്ചു

അനിൽ മറ്റത്തിക്കുന്നേൽ



ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാം വാർഷികത്തിന്റെ ഭാഗമായി സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെയും സേക്രഡ് ഹാർട്ട് കത്തോലിക്കാ ഇടവകയിലെയും യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തപ്പെട്ട യൂത്ത് മിനിസ്ട്രി പ്രോഗ്രാമിന് നോർത്ത് അമേരിക്കയിൽ അറിയപ്പെടുന്ന കത്തോലിക്കാ വാഗ്മിയും സംഗീതജ്ഞനുമായ പോൾ ജെ. കിം നേതൃത്വം നൽകി.

ജൂൺ 14-ന് ശനിയാഴ്ച വൈകുന്നേരം നാലുമണി മുതൽ ആറുമണി വരെ ഇടവകയിലെ സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട പരിപാടിയുടെ ഭാഗമായി സംഗീതവും നർമ്മവും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടോക്ക് ഷോയോടുകൂടിയാണ് യൂത്ത് നൈറ്റ് സംഘടിപ്പിച്ചത്. ക്നാനായ റീജിയൻ യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ പരിപാടി ഉദ്ഘാടനം ചെയ്തു. വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര എന്നിവർ സന്നിഹിതരായിരുന്നു. നോർത്ത് അമേരിക്കയിലുടനീളം യാത്രചെയ്തു പരിപാടികൾ നടത്തിവരുന്ന പോൾ ജെ. കിം, കത്തോലിക്കാ വിശ്വാസത്തിന്റെ ആഴമേറിയ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് യുവതീ യുവാക്കളെ കത്തോലിക്കാ വിശ്വാസത്തിൽ ആഴപ്പെടുത്തുന്നതിനും യുവതീ യുവാക്കളുടെ സംശയങ്ങൾക്ക്, അവർക്ക് മനസ്സിലാകുന്ന ഭാഷയിലും രീതിയിലും വ്യക്തമായ ഉത്തരങ്ങൾ നൽകുന്നതിനും ഏറെ കഴിവുള്ള വാഗ്മിയാണ്. കത്തോലിക്കാ സഭയിലെ പല സുപ്രധാന വേദികളിലും പരിപാടികൾ സംഘടിപ്പിക്കാറുള്ള അദ്ദേഹത്തിന്റെ സാന്നിദ്ധ്യം പതിനഞ്ചാം വാർഷികം ആഘോഷിക്കുന്ന ചിക്കാഗോ സെന്റ് മേരീസ് ഇടവകയെ സംബന്ധിച്ച് ഏറെ ദൈവാനുഗ്രഹമായി കാണുന്നു എന്ന് ഫാ. ബിൻസ് ചേത്തലിൽ അറിയിച്ചു.

സംഗീതവും നർമ്മവും കൂട്ടി കലർത്തിക്കൊണ്ട് പോൾ ജെ. കിം പരിപാടികൾ ആസ്വാദ്യകരമാക്കി. പരിപാടിയിൽ പങ്കെടുത്ത യുവതീ യുവാക്കളെയും അവരെ ഈ പരിപാടിയിൽ പങ്കെടുപ്പിക്കാൻ മുൻകൈ എടുത്ത മാതാപിതാക്കളെയും വികാരി ഫാ. സിജു മുടക്കോടിൽ അഭിനന്ദിച്ചു.

അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര, ഇടവക സെക്രട്ടറി സി. ഷാലോം, മതബോധന സ്കൂൾ ഡയറക്ടർ സജി പൂതൃക്കയിൽ, ടീൻ മിനിസ്ട്രി കോ-ഓർഡിനേറ്റർ മെജോ കുന്നശ്ശേരി, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, യൂത്ത് കൈക്കാരൻ നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, പിആർഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ സജ്ജീകരണങ്ങൾക്ക് നേതൃത്വം നൽകി.



# ബവൂമയും മാർക്രവും കൈകോർക്കുമ്പോൾ

ലേഖനം



സന്ദീപ് ദാസ്

വാരാന്ത്യം

സൈസബർ ലോകത്ത് ഏറ്റവും ക്രൂരമായ രീതിയിൽ ആക്രമിക്കപ്പെട്ടിട്ടുള്ള കളിക്കാരനാണ് ടെമ്പ ബവൂമ. അങ്ങനെയുള്ള ബവൂമയുടെ നേതൃത്വത്തിൽ ദക്ഷിണാഫ്രിക്ക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ വിജയിച്ചിരിക്കുന്നു. ക്രിക്കറ്റിന്റെ ചരിത്രത്തിലെ ഏറ്റവും മനോഹരമായ കാവ്യനീതിയാണിത്.

ഒരു അത്‌ലീറ്റിനെ ആരോഗ്യകരമായി വിമർശിക്കുന്നതിനോട് വിയോജിപ്പില്ല. എന്നാൽ ബവൂമ നേരിട്ടത് വിമർശനങ്ങൾ മാത്രമായിരുന്നില്ല. വർണ്ണവിവേചനത്തിന്റെ കയ്പുനീർ അയാൾ നിരവധി തവണ കുടിച്ചിട്ടുണ്ട്. ബവൂമയുടെ നിറത്തെയും ഉയരക്കുറവിനെയും പരിഹസിക്കാൻ പലരും വലിയ ഉത്സാഹം കാണിക്കാറുണ്ട്.

കല്ലെറിഞ്ഞവർ പോലും ഇപ്പോൾ ബവൂമയെ പ്രശംസിക്കുന്നുണ്ടാവും. അത്ര വലിയ ഹീറോയിസമാണ് അയാൾ പ്രദർശനത്തിനുവെച്ചത്.

282 എന്ന വിജയലക്ഷ്യം പിന്തുടരാനിറങ്ങിയ ദക്ഷിണാഫ്രിക്ക പരാജയം മണത്തതാണ്. പക്ഷേ, എയ്ഡൻ മാർക്രം ജയിക്കണം എന്ന ദൃഢനിശ്ചയത്തോടെ പൊരുതി. മാർക്രത്തോടൊപ്പം ബവൂമ കൂടി ഉറച്ച് നിന്നതോടെ ഓസ്ട്രേലിയ ബാക്ക്ഫൂട്ടിലേക്ക് വലിഞ്ഞു.

പേശീവലിവിന്റെ വേദന സഹിച്ചുകൊണ്ടാണ് ബവൂമ കളിച്ചത്. ബവൂമ ആറ് റൺസിൽ നിൽക്കുമ്പോഴാണ് പരിക്ക് അയാളെ ബുദ്ധിമുട്ടിച്ചുതുടങ്ങിയത്.

ദക്ഷിണാഫ്രിക്കയുടെ മെഡിക്കൽ ടീം ബവൂമയെ പരിചരിച്ചു. ഒരുപാട് നേരത്തേക്ക് അയാൾ ഗ്രൗണ്ടിൽ തളർന്ന് കിടന്നു. പ്രോട്ടിയാസ് നായകനെ റിട്ടയർ ചെയ്യിക്കേണ്ടിവരുമെന്ന് കോച്ചിംഗ് സ്റ്റാഫ് പോലും വിചാരിച്ചു.

പക്ഷേ, ബവൂമ തളരാതെ പോരാട്ടം തുടർന്നു! റണ്ണുകൾക്ക് വേണ്ടി ഓടുമ്പോൾ അയാൾ മുടന്തുന്നത് കാണാമായിരുന്നു. ആ പോരാട്ടവീര്യം കണ്ട് ലോർഡ്സിലെ കാണികൾ എഴുന്നേറ്റു നിന്ന് കയ്യടിച്ചു! നാലാം ദിവസം ബവൂമ വീണുപോയെങ്കിലും ദക്ഷിണാഫ്രിക്ക വിജയം പൂർത്തിയാക്കി.

നമ്മുടെ ക്രിക്കറ്റ് ഓർമ്മകളിൽ ചില വേദനിപ്പിക്കുന്ന മുഹൂർത്തങ്ങളുണ്ടാകും...

1992-ലെ ലോകകപ്പിൽ മഴനിയമത്തിന്റെ സാങ്കേതികതകളിൽ കുരുങ്ങി പുറത്തുപോവേണ്ടിവന്ന ദക്ഷിണാഫ്രിക്കൻ ടീം...

സ്റ്റീവ് വോയുടെ കംഗാരുപ്പടയോട് അവസാന നിമിഷത്തിൽ തോറ്റു പോയപ്പോൾ ഒന്ന് തിരിഞ്ഞ് നോക്കുക പോലും ചെയ്യാതെ പവലിയനിലേയ്ക്ക് നടന്നുപോയ ലാൻസ് ക്ലൂസ്നർ...

ഡക്ക് വർത്ത്-ലൂയീസ് നിയമപ്രകാരമുള്ള വിജയലക്ഷ്യം നിശ്ചയിക്കുമ്പോൾ കണക്ക് പിഴച്ചുപോയ പാവം ഷോൺ പോളക്ക്...

2015 ലോകകപ്പിലെ സെമിഫൈനൽ പരാജയത്തിനുശേഷം കരഞ്ഞുകൊണ്ട് മൈതാനം വിട്ട എ.ബി ഡിവില്ലിയേഴ്സ്...

അങ്ങനെയുള്ള എല്ലാ കണക്കുകളും ബവൂമയും സംഘവും വീട്ടിയിരിക്കുന്നു... ഒരുപാട് തലമുറകളുടെ കാത്തിരിപ്പിനും കണ്ണുനീരിനും ഒരർത്ഥമുണ്ടായിരിക്കുന്നു...!

ഫീൽഡിങ്ങ് കലയുടെ മുടിചൂടാമന്നനായ ജോണ്ടി റോഡ്സ് ഒരു അഭിമുഖത്തിൽ പറഞ്ഞിട്ടുണ്ട്-

"ഞാൻ കളിച്ചുതുടങ്ങിയ കാലത്ത് ദക്ഷിണാഫ്രിക്കൻ ക്രിക്കറ്റ് കറുത്ത വർഗ്ഗക്കാരോട് അകലം പാലിച്ചിരുന്നു. ആഭ്യന്തര ക്രിക്കറ്റിലെ എന്റെ പ്രകടനങ്ങൾ അത്ര മികച്ചതൊന്നുമായിരുന്നില്ല. എന്നിട്ടും ഞാൻ ദക്ഷിണാഫ്രിക്കയുടെ ദേശീയ ടീമിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കാരണം ഞാൻ മത്സരിച്ചത് വെളുത്ത വർഗ്ഗക്കാരോട് മാത്രമായിരുന്നു..."

ദക്ഷിണാഫ്രിക്കയുടെ വിഖ്യാത പേസ് ബോളറായിരുന്ന മഖായ എൻടിനിയെ ഓർക്കുന്നില്ലേ? താൻ വർണ്ണവെറിയുടെ ഇരയാണെന്ന് അദ്ദേഹം വെളിപ്പെടുത്തിയിരുന്നു.

അത്തരമൊരു സിസ്റ്റത്തിൽനിന്നാണ് ബവൂമ പൊരുതിക്കയറിയത്. അതുകൊണ്ടുതന്നെ അയാളുടെ കിരീടനേട്ടത്തിന് അസാധാരണമായ മഹത്വമുണ്ട്.

62 വർഷങ്ങൾക്കുമുമ്പ് വാഷിങ്ങ്ടണിൽ വെച്ച് മഹാനായ മാർട്ടിൻ ലൂഥർ കിങ്ങ് ഒരു പ്രസംഗം നടത്തി. അതിലെ ഒരു ഭാഗം ഇങ്ങനെയായിരുന്നു-

"എനിക്കൊരു സ്വപ്നമുണ്ട്. നിറത്തിന്റെ പേരിൽ മനുഷ്യരെ വേർതിരിക്കാത്ത ഒരു രാജ്യത്ത് എന്റെ കുഞ്ഞുങ്ങൾ ജീവിക്കണം. അടിമയുടെ മക്കളും ഉടമയുടെ മക്കളും ഒരു മേശയുടെ ചുറ്റും ഇരുന്ന് സാഹോദര്യം പങ്കുവെയ്ക്കണം..."

മാർട്ടിൻ ലൂഥറിന്റെ സ്വപ്നത്തിലേക്കുള്ള യാത്ര നാം പണ്ടേ തുടങ്ങിയതാണ്. ആ മോഹത്തിന്റെ സമ്പൂർണ്ണ സാക്ഷാത്കാരത്തിലേയ്ക്കാണ് ബവൂമയും മാർക്രവും കൈകോർത്തുപിടിച്ച് നടന്നുനീങ്ങുന്നത്...

# പൊന്മുട്ട തേടിവന്ന സത്യൻ

സിനിമ



രഘുനാഥ് പലേരി



ചുറ്റും മഴ പെയ്യുന്ന ഒരു പകൽ നേരത്താണ് സത്യൻ അന്തിക്കാട് കാഞ്ഞങ്ങാടുള്ള 'പിറവി'യുടെ ചിത്രീകരണം നടക്കുന്ന സ്ഥലത്തേക്ക് എന്നെ തേടി വരുന്നത്. ഷാജി കരുണിന്റെ ചിത്രമായിരുന്നു പിറവി. ഷാജി ഇന്നില്ല. ഷാജിയുടെ മനസ്സ് നിറയെ സിനിമാ മഴയായിരുന്നു. പെയ്യിക്കാവുന്നത്രയും പെയ്യിച്ചാണ്, മനസ്സിനകത്ത് പെയ്തമർന്നൊരു മഴപോലെ ഷാജിയും ഈ ഭൂമി വിട്ടത്.

തൃശൂരിൽ നിന്ന് പുറപ്പെട്ട് മഴയത്ത് വന്നിറങ്ങിയ സത്യനെ, മഴയിലേക്ക് വിരൽ ചൂണ്ടിക്കാണിച്ചത് ഷാജിയായിരുന്നു. ക്യാമറയ്ക്കരികിൽ നിന്നും മഴയത്ത് നടന്നാണ് സത്യനരികിൽ എത്തിയതും. സത്യൻ വന്നത് എന്നോട് 'പൊന്മുട്ട ഇടുന്ന തട്ടാനെ' ചോദിക്കാനായിരുന്നു. യാതൊരു മടിയുമില്ലാതെ, ദേഹത്തിലെ നനവ്പോലും തുടക്കാതെ, സത്യൻ തട്ടാനെ ചോദിച്ചു. ശ്രീനിവാസനെ തട്ടാനായി സ്വീകരിക്കുമെങ്കിൽ പൊന്മുട്ട തരാമെന്ന് ഞാനും വാക്കു പറഞ്ഞു. സത്യനും ഞാനും പരസ്പരം വാക്ക് പാലിച്ചു. ആ തട്ടാൻ ആയിരുന്നു ഞങ്ങൾ ഒരുമിച്ചുള്ള ആദ്യ സിനിമ. ഒരു പപ്പടം ചുട്ടെടുക്കുന്ന മനോഹാരിത പോലെയാണ് സത്യൻ തട്ടാനെക്കൊണ്ട് അനായാസം പൊന്മുട്ട ഇടീപ്പിച്ചത്. ആ പൊൻമുട്ട മനസ്സിന്റെ ആകാശത്തിലെ നിറവെളിച്ചമായി ഇന്നും എന്നിൽ നിറഞ്ഞു നിൽക്കുന്നു.

പിന്നീടുള്ള സിനിമകൾക്കിടയിൽ എപ്പോഴൊക്കെയോ ആണ് സത്യന്റെ ചുറ്റുമുള്ള ലോകം എന്നിലേക്കും കുടിയേറുന്നത്. അങ്ങനെ മനസ്സിൽ പതിഞ്ഞ സത്യന്റെ മക്കളിൽ അഖിലും അനൂപും സ്റ്റാർട്ടും കട്ടും കേട്ട് വളർന്നും പഠിച്ചും എഴുതിയും എഴുതാതെയും സിനിമാ സംവിധായകരായി. അവരുടെ സിനിമകളും പ്രേക്ഷകർക്കു മുന്നിലെ കാഴ്ചകളായി.

ഇതാ ഇന്നത്തെ മഴയത്ത്, അതിലൊരു മകനായ അഖിലിന്റെ മുന്നിൽ, അവനെഴുതിയ സംഭാഷണം ഉരുവിട്ട്, അവന്റെ പുതിയ സിനിമയിലെ ഒരു കഥാപാത്രമായി ഞാനും മഴ നനഞ്ഞും നനയാതെയും നിൽക്കുന്നു. എത്ര വ്യക്തമായാണ് അഖിൽ ഓരോ കാര്യവും എനിക്ക് പറഞ്ഞു തരുന്നത്. ഒപ്പം വളർന്നവരുടെ മക്കളോടൊപ്പം വീണ്ടും വളരാൻ അനുഗ്രഹം ലഭിക്കുക ഏതോ മഹാശക്തിയുടെ വരദാനമാണ്. ആ ശക്തിക്കു മുന്നിൽ ശിരസ്സ് നമിക്കവേ മനസ്സുതന്നെ ഒരു പ്രഭാവലയമാകുന്നു. പൊന്മുട്ട തേടി വന്ന സത്യാ നിനക്ക് നന്ദി.

ലേഖനം



ജേക്കബ് കെ. ഫിലിപ്പ്



# വിമാന അപകടം: രക്ഷപെടൽ കഥകൾ

കേരളാ എക്സ്പ്രസ് KERALA EXPRESS വാരാന്ത്യം

എയർ ഇന്ത്യാ അപകടത്തിൽ നിന്നു രക്ഷപ്പെട്ട ഏക യാത്രക്കാരൻ വിശ്വാസ് കുമാർ രമേഷുമായുള്ള അഭിമുഖങ്ങൾ കാണുകയും വായിക്കുകയും ചെയ്യുമ്പോൾ സ്വാഭാവികമായും ഓർമ്മവരുന്നത് 2010 മംഗലാപുരം എയർ ഇന്ത്യാ എക്സ്പ്രസ് അപകടത്തിൽ നിന്ന് ഇതേപോലെ തന്നെ അത്ഭുതകരമായി രക്ഷപ്പെട്ട എട്ടുപേരെയാണ്.

ജോയൽ എന്ന ഇരുപതുകാരൻ മംഗലാപുരത്തുകാരനും മായിൻകുട്ടി, കൃഷ്ണൻ എന്നീ വടക്കൻ കേരളത്തിൽ നിന്നുള്ളവരും (കാസർകോട്?).

ഇതിൽ ജോയലിന്റേതായിരുന്നു, എല്ലാം തികഞ്ഞ, വിമാനാപകട - രക്ഷപ്പെടൽ - സ്റ്റോറി.

റൺവേയിൽ നിന്ന് മുന്നോട്ടോടി, അറ്റത്തുള്ള ഐഎൽഐഎസ് ആന്റിനയിൽ തട്ടി ചിറകുപിളർന്ന് തീപിടിച്ച്, പിന്നെ റൺവേ നിൽക്കുന്ന കുന്നിന്റെ ചരിവിലൂടെ ഊർന്ന് താഴേക്കിറങ്ങി കുറേദൂരം പോവുകയും പിന്നെ അവിടെ നിന്ന് തെറിച്ചകന്ന്, താഴയുള്ള റോഡിനു കുറുകെ പറന്ന് റോഡിനുമപ്പുറത്തുള്ള കുറ്റിക്കാട്ടിൽ പോയി വീണ് മൂന്നായി ഒടിഞ്ഞു തകർന്ന് ആളിക്കത്തിയ വിമാനത്തിന്റെ ഒരു വിടവിലൂടെ പുറത്തുചാടിയ ജോയൽ, നേരമൊട്ടും കളയാതെ കാട്ടിൽനിന്ന് പുറത്തേക്കു നീങ്ങി, കാട്ടിനു സമാന്തരമായി പോകുന്ന റെയിൽപാതയ്ക്കുമപ്പുറത്തുള്ള മൺപാതയിൽ കയറി നിന്നു- അപ്പോഴതാ ഒരു ബൈക്ക് വരുന്നു. ബൈക്ക് ഓടിക്കുന്നത്, ഒരു സുഹൃത്ത്.

കൂട്ടുകാരന്റെ ബൈക്കിൽ കയറിയ ജോയൽ നേരെ വിമാനത്താവളക്കെട്ടിടത്തിലേക്കു കൊണ്ടു പോകാൻ പറഞ്ഞു. ചുറ്റിവളഞ്ഞുപോകുന്ന റോഡിൽ ടെർമിനലിലെത്തുമ്പോൾ അവിടെ സ്വാഭാവികമായും എല്ലാവരും പരക്കം പായുകയായിരുന്നു - വിമാനം വീണിട്ട് മിനിറ്റുകളേ ആവുന്നുള്ളൂ.



കൃഷ്ണനും ജോയലും മായിൻകുട്ടിയും.

നാലുപാടുമോടുന്ന സെക്യൂരിറ്റിക്കാരെയും ജീവനക്കാരെയും വകഞ്ഞുമാറ്റി ജോയൽ നേരെ ഇമ്മിഗ്രേഷൻ കൗണ്ടറിലെത്തി.

അമ്പരന്നു നോക്കിയ ജീവനക്കാരന്റെ മുന്നിൽ, പോക്കറ്റിൽ നിന്നെടുത്ത പാസ്പോർട്ട് വച്ചു.

ഏതാ, എന്താ എന്നൊക്കെയുള്ള ചോദ്യങ്ങളെത്തും മുമ്പേ പറഞ്ഞു–

"ഞാനിപ്പോ വീണ വിമാനത്തിൽ വന്നതാണ്."

അദ്ദേഹം എന്തുത്തരം പറഞ്ഞുവെന്ന് ജോയലിന് ഓർമ്മയില്ല. കാരണം അപ്പോഴേക്കും, ദേഹമാസകലമുള്ള വേദന തിരിച്ചറിഞ്ഞ് വീണുകഴിഞ്ഞിരുന്നു,

മൂന്നു ദിവസത്തിനു ശേഷം ഞാൻ ജോയലിനെ ആദ്യമായികാണുന്നത് ആശുപത്രിക്കിടക്കയിലായിരുന്നു.

മൊത്തം ബാൻഡേജിട്ട ഒരു കാൽ ഉയർത്തി തൂക്കിക്കെട്ടി വച്ചിരിക്കുന്നു. അനങ്ങാൻ പറ്റുന്നില്ല. പക്ഷേ, സംസാരിക്കാം.

ആ ആശുപത്രിയിൽ തന്നെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫായ മൂത്ത സഹോദരി അടുത്തു നിൽക്കെ, മെഷിൻലെയ്ത്തിൽ പരിശീലനം നേടി പിന്നെ ദുബായിൽ ജോലി അന്വേഷിച്ചു പോയതും പിന്നെ ഒന്നും കിട്ടാതെ മടങ്ങാമെന്നു കരുതിയതും ജോയൽ പറഞ്ഞു - മേൽപ്പറഞ്ഞ ടെർമിനൽ കഥയ്ക്കു ശേഷം.

ആ കിടക്കയിലായിരിക്കുമ്പോൾ തന്നെ എയർ ഇന്ത്യാ ചെയർമാനും മാനേജിങ് ഡയറക്ടറുമായിരുന്ന അരവിന്ദ് യാദവും സംഘവും വന്നുകണ്ടു. ജോലി വാഗ്ദാനം ചെയ്ത കാര്യവും അതിൽ പിന്നെ ആരും അതേപ്പറ്റി ഒന്നും പറഞ്ഞില്ലെന്നതും അറിയിക്കുന്നത് അതിന്റെ പിറ്റേ ആഴ്ച ജോയലിനെ വീട്ടിൽ പോയി കാണുമ്പോഴായിരുന്നു.

മാസങ്ങൾക്കു ശേഷം ഫോണിൽ വിളിച്ചപ്പോഴും എയർ ഇന്ത്യയുടെ ജോലി വാഗ്ദാനം എങ്ങുമെത്തിയിരുന്നില്ല.

മായിൻകുട്ടിയുടേയും കൃഷ്ണന്റെയും രക്ഷപ്പെടൽ കഥ കേട്ടപ്പോൾ പാടുപെട്ടാണ് ചിരിക്കാതെയിരുന്നത്.

മുറിഞ്ഞ വിമാനഭാഗങ്ങൾക്കിടയിലൂടെ, ജോയലിനെപ്പോലെ, അവരും രണ്ടു ഭാഗത്തുകൂടി പുറത്തെ കുറ്റിക്കാട്ടിലിറങ്ങി അന്യോന്യം കാണുകയായിരുന്നു. അപകടത്തിന്റെ ഷോക്കിൽ പരസ്പരം നോക്കി നിൽക്കെ മായിൻ കുട്ടി (അതോ കൃഷ്ണനോ?) ചോദിച്ചു- പ്രസ്താവിച്ചു എന്നതാവും കൂടുതൽ ശരി.

നമ്മളെ രക്ഷപ്പെടുത്താൻ ഹെലികോപ്ടർ വരുമായിരിക്കും, അല്ലേ?

വിമാനം വീണത് വിമാനത്താവളത്തിൽ നിന്ന് കിലോമീറ്റർ പോലും തികച്ചു ദൂരമില്ലാത്ത ചെറിയൊരു കുറ്റിക്കാട്ടിലായിരുന്നല്ലോയെന്നും കാടിന്റെ ഒരു വശത്ത് ബസോടുന്ന റോഡും മറുവശത്ത് റെയിൽപ്പാതയും പാളങ്ങൾക്കപ്പുറത്ത് പിന്നെയും റോഡും റോഡിനപ്പുറം മനുഷ്യരും വീടുകളുമെല്ലാമുണ്ടായിരുന്നല്ലോയെന്നുമോർത്ത് ഈ ഹെലിക്കോപ്ടർ പ്രതീക്ഷയെച്ചൊല്ലി സ്വയം ചിരിക്കാനുള്ള മാനസികാവസ്ഥയൊന്നും അപകടശേഷം ആഴ്ചയിലേറെയായിട്ടും രണ്ടുപേർക്കുമായിട്ടില്ലല്ലോ എന്നാണ് അമ്പരപ്പോടെ ഓർത്തത്.

വിമാനത്തിലുണ്ടായിരുന്ന ബാക്കി 241 പേരും മരിച്ച അഹമ്മദാബാദ് അപകടത്തിന്റെ തീയിലും പുകയിലും ബഹളത്തിലും നിന്ന് ലേശമൊന്ന് ഏന്തി നടന്നു നീങ്ങിയ രമേഷിന്റെ നിസ്സംഗതയോടടുക്കുന്ന ഭാവം ആ വൻദുരന്തം ഏൽപ്പിച്ച അതികഠിനമായ മാനസികാഘാതത്തിന്റേതായിരുന്നുവെന്നു മനസിലാകാത്ത കുറേപ്പേരെങ്കിലുമുണ്ട് എന്ന് കമന്റുകളും അഭിപ്രായ പ്രകടനങ്ങളും കാണുമ്പോഴാണ് തിരിച്ചറിയുന്നത്.

ആശുപത്രിക്കിടക്കയിൽ രമേഷ് ഇപ്പോഴും പൂർവനില വീണ്ടെടുത്തിട്ടുണ്ടാവില്ല - മാനസികമായി. പുറംനാടുകളിൽ ഇത്തരം സർവൈവേഴ്സിന് അടിയന്തര കൗൺസിലിംഗ് നൽകാറുണ്ട്- ആഴ്ചകളോളം നീളുന്ന സെഷനുകളുണ്ടാവും പിന്നീട്. രമേഷിന് അത്തരത്തിലൊരു സഹായം കിട്ടിയിട്ടുണ്ടോ എന്നാർക്കറിയാം.

---

പുസ്തക പരിചയം

# സു അ ദ: അകലങ്ങളിലെ വെളിച്ചം






ഡാലിയ ഉദയൻ

'ഒരു വാക്കും ചൂണ്ടികാണിക്കാൻ കുറച്ച് വിരലുകളും നമ്മൾക്കുനേരെ എപ്പോൾ മുതൽ വന്നു തുടങ്ങുന്നുവോ ആ നിമിഷം മുതൽ നമ്മൾ കുറ്റവാളിയായി തുടങ്ങും.'

സജിത ചന്ദ്രിക തന്റെ 'സുഅദ' എന്ന നോവലിൽ ഇങ്ങനെ പറയണമെങ്കിൽ നവാസും നൂറയും എത്ര മാത്രം അനുഭവിച്ചുകാണും. ചില അനുഭവങ്ങൾ വേദനകൾ ഇത്രമാത്രം വായനക്കാരിലേക്ക് ആഴത്തിലിറങ്ങുമ്പോൾ ഈ നോവൽ ഏറെ പ്രിയപ്പെട്ടതാവുന്നു.

നിനച്ചിരിക്കാതെ ജീവിതത്തിലേക്ക് കടന്നുവരുന്ന ഇരുട്ടിന് ഒരു സാധാരണക്കാരന്റെ ജീവിതത്തെ എത്രമാത്രം സംഘർഷഭരിതമാക്കുവാൻ സാധിക്കും എന്നത് 'സുഅദ' പറയുന്നു. തന്റെ പുരുഷനെ കെട്ടിവരിയുന്ന കുറ്റപ്പെടുത്തലുകളുടെ മുൾപ്പടർപ്പുകളെ വാക്കുകളാലും ആലിംഗനങ്ങളാലും അടർത്തിമാറ്റുന്ന നൂറ നിരന്തരം അയാളെ ജീവിക്കുവാൻ പ്രേരിപ്പിക്കുകയാണ്. സ്ത്രീക്ക് പുരുഷന്റെ ജീവിതത്തിലെ ഒറ്റപ്പെടലുകളിൽ സങ്കടങ്ങളിൽ, നിരാശകളിൽ എത്രമാത്രം സാന്ത്വനമാകുവാൻ കഴിയുമെന്നറിയുവാൻ നൂറയെ വായിക്കണം. ഉള്ളു നീറുന്ന മണലിൽ അവരോടൊപ്പം അറിഞ്ഞും അറിയാതെയും പരിഭവങ്ങളില്ലാതെ പറ്റിച്ചേർന്നു നിൽക്കുന്ന മക്കളെ ഓർക്കുമ്പോൾ ഉള്ളുപിടയുന്നു. എത്ര വലിയ പ്രതിസന്ധികളിലും അവരെ തേടിയെത്തുന്ന, കൂടെ നിൽക്കുന്ന നല്ല സൗഹൃദങ്ങളിലൂടെ ഭൂമിയിലിനിയും അവശേഷിക്കുന്ന നന്മയെ എഴുത്തുകാരി കൂട്ടിച്ചേർക്കുന്നു.

കൂരിരുട്ടിലും അകലങ്ങളിലൊരു വെളിച്ചത്തെ സ്വപ്നം കാണുവാൻ ഈ നോവൽ വായനക്കാരെ പ്രേരിപ്പിക്കും തീർച്ച. 'സുഅദ'യെ ഈ വായനക്കാരിയും ഹൃദയത്തിൽ ചേർക്കുന്നു. സജിത ചന്ദ്രികയുടെ എഴുത്തുകൾ ഇനിയും വായിക്കപ്പെടട്ടെ ചർച്ചചെയ്യപെടട്ടെ...

# THE NARROW GATE

**Br. Joy Paul**



The concept of the narrow gate and the wide gate is widely preached in the Christian faith. In Matthew 7:13–14, Jesus teaches:

*"Enter through the narrow gate. For wide is the gate and broad is the road that leads to destruction, and many enter through it. But small is the gate and narrow the road that leads to life, and only a few find it."*

The narrow gate is generally accepted and embraced as the only sure passage that leads to the promised eternity for a Christian believer. This divine truth is exemplified throughout the Bible with numerous stories and examples from Genesis to Revelation.

In the following section, I reflect on the story of an outcast woman who came to understand this very concept and willingly chose the narrow gate—fully aware of the consequences. Her actions were rooted in her determination to stand firm in the divine conviction she received through her newfound faith.

This story is beautifully depicted in the book of Ruth. Ruth and Orpah, both Moabite women, had seemingly enjoyed a stable and noble life after marrying into Naomi's family. However, tragedy struck when Naomi lost her husband and both her sons, leaving the three women widowed. Despite the immense grief, there appeared to be a strong and loving bond between Naomi and her daughters-in-law.

Eventually, Naomi decided to return to her homeland, and in her wisdom and kindness, she advised both Ruth and Orpah to return to their own families and gods, encouraging them to rebuild their lives. Orpah, after some hesitation, chose to take Naomi's advice and departed.

However, Ruth made a radical and courageous decision. In Ruth 1:16–17, we read her resolute words:

*"Do not urge me to leave you or to turn back from following you. For where you go, I will go, and where you stay, I will stay. Your people will be my people, and your God my God. Where you die, I will die, and there I will be buried. May the Lord deal with me, be it ever so severely, if even death separates you and me."*

**It is remarkable to see a young woman, in such a difficult and uncertain time, choosing loyalty, faith, and sacrifice over the easier, more secure path. This was not merely an emotional attachment to Naomi, but rather the fruit of divine principles she had likely learned in Naomi's household over the years.**

Ruth's commitment was not only to her mother-in-law but to the covenantal responsibilities of marriage and faith.

Paul echoes this principle in Ephesians 5:31:

*"For this reason, a man will leave his father and mother and be united to his wife, and the two will become one flesh."*

This profound mystery reminds us that marriage creates a new union where both families are to be honoured. In Ephesians 6:1–4, Paul further exhorts:

*"Children, obey your parents in the Lord, for this is right. 'Honor your father and mother'—which is the first commandment with a promise—'so that it may go well with you and that you may enjoy long life on the earth."*

While many couples uphold this principle when life is smooth, the real test comes during trials. Sadly, many abandon these divine truths when difficulties arise. Ruth, however, honoured these biblical principles even in great adversity and remained faithful to the covenant.

Her unwavering faith and devotion did not go unnoticed. Though a Moabite—a people excluded from the assembly of the Lord—Ruth found favour in God's eyes. She was praised as being better than seven sons to Naomi. She married Boaz, had her family restored in a foreign land, and was honoured with the immense privilege of becoming part of the lineage of Jesus Christ (Matthew 1:5).

In contrast, Orpah chose the easy and culturally acceptable path. According to some traditions, her descendants included Goliath, the giant who opposed Israel. Ruth clearly chose the narrow path—and she was richly rewarded by God.

Each of us may encounter different "narrow gates" in our lives. The nature of the gate may vary, but what matters is our willingness to submit to God's calling and pass through with determination and faith. It is on the other side of the narrow gate that true blessings await.



Br. Joy Paul

## ഫോറിനേഴ്സ് ആക്ടിൽ വിദേശികളുടെ ഭാഗംകൂടി കേൾക്കണമെന്നു ഹൈക്കോടതി

കൊച്ചി: ഇന്ത്യയിലെത്തുന്ന വിദേശികളുടെ നീക്കങ്ങൾ ഫോറിനേഴ്സ് ആക്ട് പ്രകാരം നിയന്ത്രിക്കുന്ന സാഹചര്യങ്ങളിൽ അവരുടെ ഭാഗംകൂടി കേൾക്കണമെന്നു ഹൈക്കോടതി. വയനാട് കല്പറ്റയിൽ നവജാത ശിശുവിനെ കൊലപ്പെടുത്തിയ കേസിൽ പ്രതികളായ നേപ്പാൾ സ്വദേശികളെ ജാമ്യം ലഭിച്ചിട്ടും ഷെൽട്ടർ ഹോമിൽ അടച്ച നടപടി നിയമവിരുദ്ധമാണെന്നു വ്യക്തമാക്കുന്ന ഉത്തരവിലാണ് കോടതിയുടെ നിരീക്ഷണം.

ഇവരുടെ ഭാഗംകൂടി കേട്ട് ഒരു മാസത്തിനകം നിയമപരമായ തീരുമാനമെടുക്കാൻ കോഴിക്കോട് ഫോറിനേഴ്സ് റീജണൽ രജിസ്ട്രേഷൻ ഓഫീസർക്ക് കോടതി നിർദേശം നല്കി. ജാമ്യം ലഭിച്ചിട്ടും സഞ്ചാരസ്വാതന്ത്ര്യവും ജീവനോപാധിയും നിഷേധിക്കുന്നതിനെതിരെ മഞ്ജു സൗദ്, ഭർത്താവ് അമർ, മകൻ റോഷൻ എന്നിവർ സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് സി. ജയചന്ദ്രന്റെ ഉത്തരവ്.

കല്പറ്റയിലെ റിസോർട്ടിൽ ഹൗസ്കീപ്പർമാരായാണ് ഹർജിക്കാർ ജോലി ചെയ്തിരുന്നത്. ഇതിനിടെ മകന്റെ സുഹൃത്തായ നേപ്പാൾ സ്വദേശിനി മാസം തികയാതെ പ്രസവിച്ച കുഞ്ഞിനെ മഞ്ജു കഴുത്തുഞെരിച്ചു കൊന്നുവെന്നാണ് കേസ്. 2024 സെപ്റ്റംബർ ഒമ്പതിനാണ് ഇവർ അറസ്റ്റിലായത്. വിഷയത്തിൽ സ്വാഭാവികനീതി ഉറപ്പാക്കണമെന്നും അതേസമയം ഹർജിക്കാർ നിയമത്തിന്റെ പിടിയിൽ നിന്നു വഴുതിപ്പോകാൻ ഇടയാകരുതെന്നും കോടതി പറഞ്ഞു. ഒരുമാസം കൂടി മാനന്തവാടി ആറാട്ടുതറ ട്രാൻസിറ്റ് ഹോമിൽ തുടരണം. അതിനകം ഫോറിനേഴ്സ് റീജണൽ രജിസ്ട്രേഷൻ ഓഫീസർ പുതിയ ഉത്തരവിറക്കണമെന്നും കോടതി നിർദ്ദേശിച്ചു.

ഹർജിക്കാർക്ക് പറയാനുള്ളത് കേൾക്കാതെയാണ് ഇവരെ ട്രാൻസിറ്റ് ഹോമിലേക്ക് മാറ്റിയതെന്നായിരുന്നു അഭിഭാഷകന്റെ വാദം. വിചാരണ നടപടികൾക്കടക്കം ഇവർക്ക് യാത്ര ചെയ്യേണ്ടതുണ്ടെന്നും ചൂണ്ടിക്കാട്ടി ഭരണഘടന പറയുന്ന മൗലികാവകാശങ്ങൾ വിദേശികൾക്ക് ബാധകമല്ലെന്നാണ് കേന്ദ്രസർക്കാർ വാദിച്ചത്.

മൗലികാവകാശങ്ങളിൽ പലതിലും പൗരൻ എന്നല്ല വ്യക്തി എന്നാണ് പറയുന്നതെന്ന് കോടതി ചൂണ്ടിക്കാട്ടി. ഭരണഘടനാശില്പികൾ ഇത് ദീർഘവീക്ഷണത്തോടെ ചെയ്തതാണ്. രാജ്യങ്ങൾ തമ്മിലുള്ള വാണിജ്യവും ടൂറിസവുമെല്ലാം കൂടുതൽ ഉദാരമായ കാലഘട്ടമാണിത്. ഇവിടെയെത്തുന്ന വിദേശികളുടെ പരിമിതമായ അവകാശങ്ങളെക്കുറിച്ചെങ്കിലും നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നുവെന്നും സ്വർണക്കൂട്ടിലായാലും ബന്ധനം ബന്ധനം തന്നെയെന്നും കോടതി വ്യക്തമാക്കി.

## കുമ്പനാട് ഹെബ്രോൺ സഭയുടെ ശതാബ്ദി സമ്മേളനം ജൂലൈ 12-ന്




**ബെൻസൻ തെങ്ങുംപള്ളിൽ**

കുമ്പനാട്: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ മാതൃസഭ എന്നറിയപ്പെടുന്ന ഐപിസി ഹെബ്രോൺ ചാപ്പൽ 2025 ജൂലൈ 12-ന് നൂറ് വർഷങ്ങൾ പിന്നിടുന്നു.

കഴിഞ്ഞ വർഷങ്ങളിൽ സഭ ജീവകാരുണ്യ പ്രവർത്തനങ്ങളിലും സുവിശേഷീകരണത്തിലും കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ കഴിഞ്ഞു എന്നത് ഏറെ അഭിമാനകരമാണ്.

ദൈവഹിതമായാൽ ജൂലൈ 12-ന് രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ സ്തോത്രം ശുശ്രൂഷയും ശതാബ്ദി സമാപനസമ്മേളനവും നടത്തപ്പെടുന്നു.

പാസ്റ്റർ ഡി. സാംകുട്ടിയുടെ അദ്ധ്യക്ഷതയിൽ ഐപിസി ജനറൽ പ്രസിഡണ്ട് റവ. ഡോ. റ്റി. വത്സൻ ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്നതും റവ. ഡോ. കെ.സി. ജോൺ സമർപ്പണപ്രാർത്ഥന നിർവ്വഹിക്കുന്നതുമാണ്.

മുഖ്യസന്ദേശം പാസ്റ്റർ കെ.സി. തോമസും ശുശ്രൂഷകരെ ആദരിക്കൽ




ഐപിസി സീനിയർ പാസ്റ്റർ ബെഞ്ചമിൻ വർഗീസും നിർവഹിക്കും. ജീവകാരുണ്യ പ്രവർത്തനോദ്ഘാടനം മന്ത്രി വീണാ ജോർജും സഹായവിതരണം ആന്റോ ആന്റണി എംപിയും നിർവഹിക്കും. മുൻ എംഎൽഎയും സിപിഎം ജില്ലാ സെക്രട്ടറിയുമായ രാജു ഏബ്രഹാം, ശ്രീമതി സുജാത പി. (കോയിപ്രം പഞ്ചായത്ത് പ്രസിഡണ്ട്), പാസ്റ്റർ ബ്ലസൻ കുഴികാല (ഐപിസി കുമ്പനാട് സെന്റർ സെക്രട്ടറി) എന്നിവർ ആശംസകൾ അറിയിക്കും.

സഭാനേതാക്കൾ, ജനപ്രതിനിധികൾ, മാധ്യമപ്രവർത്തകർ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തുന്ന സഭ അംഗങ്ങൾ എന്നിവരും ഈ സമ്മേളനത്തിൽ പങ്കെടുക്കും.

ഹെബ്രോൺ സഭയിൽ ശുശ്രൂഷിച്ച മുൻകാല പാസ്റ്റർമാരെയും സഭയിലെ മുതിർന്ന വിശ്വാസികളെയും ആദരിക്കും. ഉച്ചകഴിഞ്ഞ് രണ്ടു മുതൽ കുടുംബസംഗമം നടക്കും.

ഒരുവർഷം നീണ്ടുനിന്ന ശതാബ്ദി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സുവിശേഷ ജീവകാരുണ്യ പദ്ധതികൾ നടത്തുവാൻ സഭയ്ക്കു കഴിഞ്ഞു എന്ന് ശതാബ്ദി കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു.

# തലയ്ക്ക് മീതെ മിസൈലുകൾ പായുന്ന കാലത്ത് സാഹിത്യം ഒരു ആർഭാടം: വി.ജെ. ജെയിംസ്

**അമ്പഴയ്ക്കാട്ട് ശങ്കരൻ**

ചിക്കാഗോ: നമ്മുടെ ചുറ്റുപാടുകളിലേക്ക് നോക്കുമ്പോൾ മിസൈലുകൾ തലയ്ക്കുമീതെ പായുന്ന, മനുഷ്യനെന്ന നിലയിൽ അവന്റെ സ്വത്വം എവിടെയാണ് ചവിട്ടി നില്ക്കേണ്ടത് എന്ന് തീർച്ചയില്ലാത്ത, സാഹിത്യം ഒരു ആർഭാടമാണെന്ന് തോന്നിയേക്കാവുന്ന യുദ്ധങ്ങളുടെ ലോകത്താണ് നാമിന്ന് ജീവിക്കുന്നത്. ഏറ്റവും പ്രധാനമായ ജീവൻ, പിന്നെ പ്രധാനമായ ഭക്ഷണം, സുരക്ഷ എന്നിവ നിലനിൽക്കുമോ എന്ന് ശങ്കിച്ച് നിലനിൽക്കുന്നവർക്കിടയിൽ ഇങ്ങനെയൊക്കെ സംസാരിച്ച് നിൽക്കാൻ കഴിയുന്നത് ഒരു സൗഭാഗ്യമാണ്. ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക-ലാനയുടെ എഴുത്ത് അനുഭവങ്ങൾ പങ്കുവെക്കുന്ന 'എന്റെ എഴുത്തു വഴികൾ എന്ന പരമ്പരയിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു വി.ജെ. ജെയിംസ്.

എഴുത്ത് എന്നു പറയുന്നത് ഒരാളിൽ സംഭവിക്കുകയാണ്. മണ്ണിനടിയിൽ കിടക്കുന്ന വിത്ത് അതിന്റെ സ്വാഭാവിക ഗുണംകൊണ്ട് കാലാനുസൃതമായി ഒരു തുള്ളി മഴ പെയ്യുമ്പോൾ മണ്ണിലേക്ക് ഊർന്നു ചെന്ന് അതിനെ



വി.ജെ. ജെയിംസ്

തൊട്ട് പ്രചോദിപ്പിക്കുമ്പോൾ പൊട്ടിമുളയ്ക്കുന്നത് പോലെയാണ് അത് സംഭവിക്കുന്നത്. എല്ലാ എഴുത്തുകാരുടെയും ഉള്ളിൽ അങ്ങനെയൊരു വിത്ത് കിടക്കുന്നുണ്ട്. ഏത് വിത്തിനാണോ പൊട്ടിമുളയ്ക്കാൻ സാഹചര്യമുണ്ടാകുന്നത് അത് പൂത്ത് കായ്കൾ ഉണ്ടാകുന്നതു പോലെയാണ് തന്റെ രചനാനുഭവമെന്ന് ജെയിംസ് പറഞ്ഞു. തുടർന്ന് അമേരിക്കൻ-കനേഡിയൻ എഴുത്തുകാരിയായ നിർമലയുടെ 'കരയിലെ മീനുകൾ' എന്ന പുസ്തകത്തെ അനുവാചകർക്ക് അദ്ദേഹം പരിചയപ്പെടുത്തി.

### എഴുത്തിന്റെ ഭാഷ എന്നെ ഭ്രമിപ്പിക്കും: നിർമല

എഴുത്തിൽ കഥയേക്കാൾ പ്രാധാന്യം ഭാഷയ്ക്കാണ് എന്നു കരുതുന്ന ഒരാളാണ് താനെന്ന് കരയിലെ മീനുകൾ എന്ന പുസ്തകത്തിന്റെ എഴുത്തുകാരി ശ്രീമതി നിർമല തന്റെ പുസ്തകത്തിന്റെ എഴുത്തനുഭവങ്ങളെക്കുറിച്ച് ഓർത്തുകൊണ്ട് സൂചിപ്പിച്ചു. ഭാഷ തന്നെ ഭ്രമിപ്പിക്കും. ഭാഷയുടെ സൗന്ദര്യമാണ് ഒരു കൃതിയെ ഇഷ്ടപ്പെടാൻ പ്രേരിപ്പിക്കുന്നത്. എഴുതിയതിനെ പലവട്ടം എഡിറ്റ് ചെയ്യാറുണ്ട്. കരയിലെ മീനുകൾ ആറ് പ്രാവശ്യം എഡിറ്റ് ചെയ്തു. അഡിക്ഷൻ ഒരു തെരഞ്ഞെടുപ്പ് (ചോയിസ്) ആണെന്നാണ് കരുതിയിരുന്നത്. എന്നാൽ, അത് രോഗമാണെന്ന് ഇപ്പോൾ മനസ്സിലാകുന്നു. കരയിലെ മീനുകളിലെ ഉള്ളറകൾ ചർച്ചകൾ ചെയ്തുകൊണ്ട് നിർമല വ്യക്തമാക്കി.

ലാന പ്രസിഡണ്ട് ശങ്കർ മന അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രോഗ്രാം കമ്മിറ്റി ചെയർ ജേക്കബ് ജോൺ സ്വാഗതം പറഞ്ഞു. ചർച്ചയിൽ മീനു എലിസബത്ത്, റഫീക്ക് തറയിൽ, മുരളി ജെ. നായർ, ജേക്കബ് ജോൺ, സാമുവൽ യോഹന്നാൻ എന്നിവർ പങ്കെടുത്തു. ലാന സെക്രട്ടറി സാമുവൽ യോഹന്നാൻ കൃതജ്ഞത പ്രകാശിപ്പിച്ചു.

# സമാധാനത്തിലേക്ക് മടങ്ങണമെന്ന് മോദി

ന്യൂഡൽഹി: ഇസ്രയേൽ-ഇറാൻ സംഘർഷം പത്ത് ദിവസം പിന്നിടുമ്പോൾ നയതന്ത്ര നീക്കത്തിലൂടെ പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇറാൻ പ്രസിഡണ്ട് മസൂദ് പെസഷ്കിയാനുമായി നടത്തിയ ഫോൺ സംഭാഷണത്തിലാണ് നിലവിലെ സ്ഥിതി ലഘൂകരിക്കുന്നതിനുള്ള നീക്കങ്ങൾ നടത്തണമെന്ന് മോദി ആവശ്യപ്പെട്ടത്. പശ്ചിമേഷ്യയിൽ തുടരുന്ന സാഹചര്യത്തെക്കുറിച്ച് ഇറാൻ പ്രസിഡണ്ടുമായി വിശദമായി ചർച്ച ചെയ്തു. ഇസ്രയേൽ-ഇറാൻ സംഘർഷത്തിൽ ഇന്ത്യയുടെ ആഴത്തിലുള്ള ആശങ്ക അറിയിച്ചതായും ഫോൺ സംഭാഷണത്തിന് ശേഷം പ്രധാനമന്ത്രി സമൂഹമാധ്യമമായ എക്സിൽ കുറിച്ചു.

45 മിനിറ്റ് നീണ്ടുനിന്ന സംഭാഷണമാണ് ഇരുവരും തമ്മിൽ നടന്നത്. അമേരിക്ക ഇറാനിലെ മൂന്ന് ആണവകേന്ദ്രങ്ങൾക്കുനേരെ നടത്തിയ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ കാര്യങ്ങൾ വിശദീകരിക്കാൻ ഇറാൻ പ്രസിഡണ്ടാണ് പ്രധാനമന്ത്രിയെ ഫോണിൽ വിളിച്ചത്. ഇരു രാജ്യങ്ങൾക്കുമിടയിൽ നിലവിലെ സാഹചര്യം അദ്ദേഹം മോദിയെ അറിയിച്ചു. പ്രാദേശിക സമാധാനം, സുരക്ഷാ സ്ഥിരത തുടങ്ങിയ കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൽ ഇന്ത്യ ഇറാന്റെ സുഹൃത്തും പങ്കാളിയുമാണെന്ന് അദ്ദേഹം വ്യക്തമാക്കി. കൂടാതെ ചർച്ചകളിലൂടെയും നയതന്ത്രത്തിലൂടെയും സംഘർഷം ലഘൂകരിക്കുന്നതിനുള്ള ഇന്ത്യയുടെ നിലപാടിൽ നന്ദി അറിയിക്കുകയും ചെയ്തു. ഇന്ത്യക്ക് മികച്ച ബന്ധമാണ് ഇറാനും ഇസ്രയേലുമായി നിലവിലുള്ളത്.

# ഇന്ത്യയിലേക്ക് യാത്ര ചെയ്യുന്നവർക്ക് യുഎസിന്റെ ജാഗ്രതാനിർദ്ദേശം

വാഷിങ്ടൺ: ഇന്ത്യയിലേക്ക് യാത്ര ചെയ്യുന്ന യുഎസ് പൗരന്മാർക്ക് യുഎസിന്റെ അതീവ ജാഗ്രതാ നിർദ്ദേശം. ഇന്ത്യയിലെ ചില പ്രദേശങ്ങളിൽ ബലാത്സംഗവും അക്രമങ്ങളും കുറ്റകൃത്യങ്ങളും ഭീകരവാദവും വർദ്ധിച്ചുവരുന്നുവെന്നും അതീവ ജാഗ്രത പാലിക്കണമെന്നുമുള്ള 'ലെവൽ 2' നിർദ്ദേശമാണ് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് നല്കിയിരിക്കുന്നത്. ലൈംഗികാതിക്രമങ്ങൾ ഉൾപ്പെടെയുള്ള അക്രമാസക്തമായ കുറ്റകൃത്യങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളിലും മറ്റ് സ്ഥലങ്ങളിലും നടക്കുന്നുണ്ട്. സ്ത്രീകൾ ഒറ്റയ്ക്കു യാത്ര ചെയ്യരുതെന്നും നിർദ്ദേശത്തിൽ പറയുന്നു. മുന്നറിയിപ്പില്ലാതെയോ മുന്നറിയിപ്പോടെയോ ഭീകരാക്രമണങ്ങൾ നടക്കാനുള്ള സാധ്യതയുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയെ ഭീകരർ ലക്ഷ്യമിടുന്നുവെന്നും കുറിപ്പിൽ പറയുന്നു.

ഒഡീഷ, ഛത്തീസ്ഗഢ്, ബംഗാൾ തുടങ്ങിയിടങ്ങളിലെ ചില ഗ്രാമീണ മേഖലകളിലേക്ക് യാത്ര ചെയ്യുന്നതിന് യുഎസ് സർക്കാർ ജീവനക്കാർക്ക് പ്രത്യേകാനുമതി നിർബന്ധമാക്കി. ഗ്രാമപ്രദേശങ്ങളിലെ യുഎസ് പൗരന്മാർക്ക് അടിയന്തര സേവനങ്ങൾ നല്കുന്നതിന് യുഎസ് സർക്കാരിന് പരിമിതമായ കഴിവേയുള്ളൂ. കിഴക്കൻ മഹാരാഷ്ട്ര, വടക്കൻ തെലങ്കാന മുതൽ പടിഞ്ഞാറൻ ബംഗാൾ വരെ ഈ പ്രദേശങ്ങൾ വ്യാപിച്ചു കിടക്കുന്നു. അപകട സാധ്യതകൾ കാരണം, ഇന്ത്യയിൽ ജോലി ചെയ്യുന്ന യുഎസ് സർക്കാർ ജീവനക്കാർ ഈ സംസ്ഥാനങ്ങളിലേക്ക് യാത്ര ചെയ്യുന്നതിന് പ്രത്യേക അനുമതി നേടണം. സാറ്റലൈറ്റ് ഫോണോ ജിപിഎസ് ഉപകരണമോ കൈവശം വെക്കുന്നത് ഇന്ത്യയിൽ നിയമവിരുദ്ധമാണ്. 200,00 ഡോളർ പിഴയോ മൂന്നുവർഷം വരെ തടവോ ലഭിക്കാം. ഒറ്റയ്ക്ക് യാത്ര ചെയ്യരുത്, പ്രത്യേകിച്ച് നിങ്ങൾ ഒരു സ്ത്രീയാണെങ്കിൽ:സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിന്റെ നിർദേശത്തിൽ പറയുന്നു.

ജമ്മു-കശ്മീർ മേഖലയിലേക്കുള്ള യാത്രയ്ക്കും മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. ഭീകരവാദവും ആഭ്യന്തരകലാപവും കാരണം ലഡാക്ക്, ലേ ഒഴികെയുള്ളിടങ്ങളിലേക്ക് യാത്ര ചെയ്യരുതെന്നും യുഎസ് മുന്നറിയിപ്പ് നല്കി. ഭീകരാക്രമണം ആഭ്യന്തര കലാപ സാധ്യതയും ഈ പ്രദേശങ്ങളിലുണ്ടെന്നാണ് മുന്നറിയിപ്പ്. ഇന്ത്യ-പാക് നിയന്ത്രണ രേഖയിൽ ഇത് സർവ്വ സാധാരണമാണെന്നും കുറിപ്പിൽ പറയുന്നു. യുഎസ് പൗരന്മാർ ഇന്ത്യ-നേപ്പാൾ അതിർത്തി കടക്കരുതെന്നും നിർദ്ദേശമുണ്ട്.

# അബ്ദുൾ പുന്നയൂർക്കുളത്തിനെ ആദരിച്ചു



പുന്നയൂർക്കുളം: പുന്നയൂർക്കുളത്തിന്റെ സാഹിത്യ-സാംസ്കാരിക പാരമ്പര്യം നിലനിർത്താനും പുന്നയൂർക്കുളത്തും പരിസരത്തുമുള്ള എഴുത്തുകാരെയും യുവ എഴുത്തുകാരെയും പ്രോത്സാഹിപ്പിക്കുവാനുമായി രൂപം കൊണ്ടതാണ് പുന്നയൂർക്കുളം സാഹിത്യ സമിതി. സമിതിയുടെ നാലാം വാർഷികം വ്യവസായമന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. വിശ്വസാഹിത്യകാരി കമലാസുരയ്യ എന്ന മാധവിക്കുട്ടിയുടെ സ്മരണയ്ക്കായി പുന്നയൂർക്കുളം സാഹിത്യ സമിതി ഏർപ്പെടുത്തിയ രണ്ടാമത്തെ പുരസ്കാരത്തിന് പ്രശസ്ത സാഹിത്യകാരൻ സുബാഷ്



ചന്ദ്രൻ അർഹനായി.

പുന്നയൂർക്കുളത്തെ പി.എം. പാലസിൽവെച്ച് സുബാഷ് ചന്ദ്രന് മന്ത്രി പുരസ്കാരം കൈമാറി. സാഹിത്യ സമിതി പ്രസിഡണ്ട് ഉമ്മർ അറക്കൽ അദ്ധ്യക്ഷനായ വേദിയിൽ മന്ത്രി രാജീവ് സ്ഥാപകപ്രസിഡണ്ട് അബ്ദുൾ പുന്നയൂർക്കുളത്തിനെ പൊന്നാട അണിയിച്ച് ആദരിച്ചു.

രാജേഷ് കടാമ്പുള്ളി സ്വാഗതം ആശംസിച്ചു. നിരൂപകൻ കെ.വി. സജയ് മുഖ്യപ്രഭാഷണം നടത്തി.

പുന്നയൂർക്കുളം പഞ്ചായത്ത് പ്രസിഡണ്ട് ജാസ്മിൻ ഷഹീർ, കെ.ബി. സുകുമാരൻ, പി. ഗോപാലൻ, മുഹമ്മദ് ജിഷാർ, ബാഹുലേയൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. ഷാജൻ വാഴപ്പിള്ളി കൃതജ്ഞത പ്രകാശിപ്പിച്ചു.

# WORLD WAR-TRADE WAR-CIVIL WAR

Joseph Kurian, Houston

We all are going through great fear and anxiety these days by what is going on around the world and especially in USA. So much confusions, chaos, confrontations everywhere. All of a sudden things are getting scary, dark and doubtful. Many are asking why this is happening and what are we supposed to do to calm things to normal.

Who is behind all this uncertainties, violence, wars, divisions and so much issues that are worrying humans everywhere? Why the leaders are failing to bring peace, unity, respect but they are the reasons behind all this mess out there. People are angry, fearful and confused and there is so much hatred, anger, bitterness, malice, rage and sufferings.

Wars between Nations, trade wars, civil wars are increasingly alarming and people are losing peace everywhere. Many innocent children have been killed by powerful bombs and missiles in Russia, Ukraine, Israel, Palestine and Iran etc. Cities are burning by violence and weapons. Trade and tariff wars have caused millions to lose money in stock and price of day to day necessary things are increasing. Few weeks ago there were over two thousand so called "No King" protest in the United States and millions of people were on American streets all over the Nation to protest the current leadership, the method used to crack down the illegals,fascism and dictatorship. Such a protest has never happened in this Nation.

National guards, ATF, ICE and local police were all seen in many cities and clashes between the police and the people ended up in arrests, destruction and divisions in many cities in this Nation. Why we see Military style weapons on the streets of America to fight the citizens of America? Local Mayors, State Governors were overruled by Federal Officials especially by the current President and this kind of unnecessary over step has caused many confrontations, arrests and fights throughout the Nation.

One Nation under God is divided so wide and the gap is getting bigger. There is no respect among local, State and National leaders. Political party spirit is more important than right or wrong. Constitution and laws are blatantly violated, court orders are ignored. There is no mercy toward the poor and the foreigners who have arrived seeking an opportunity by leaving their own Countries due to fear, famine, violence and lack of opportunity.

We must not allow criminals or violent people to enter or stay here. We must have due process per Constitution for those who are coming as asylum seekers and make sure they are qualified under the laws and constitutions. But grabbing people from work place, chasing them in farms, arresting without due process, separating children from parents, unlawful detaining and deportation etc. are never legal and never reasonable.

This is a Nation of immigrants and immigrants made this Nation better and they are needed to fulfill many jobs most people here will not do. The construction jobs, road work, roof work, lawn services, cleaning dishes, hospital workers, cooks, trash picking, hotel employees, gas station employees and many such jobs are conducted by immigrants. Without enough immigrants to do the labor work, the economy will suffer, prices will go up, business will shut down, and the Nation will suffer so severely with lack of employees, services and supplies.

The fear of a third world war is crucial all over the world. Conflicts between Nations are increasing and wars are going on for few years and more wars especially the most dangerous one between Israel and Iran has started and intensifying day after day. If US and other Nations are pulled into this conflict, it can end up as the third world war. There was a deal with Iran in 2015 by then President Obama not to start nuclear programs but that deal was destroyed by Trump and Iran started to build up nuclear capabilities which is dangerous to Israel and other Arab Nations. There are more wars now while Trump claimed there would not be any war if he was the President. Well, he is the president now and we see more wars between Nations, trade wars and even wars in US cities.



Joseph Kurian

Trade war is another headache created recently and this is causing inflation, costing millions in stocks, fear of recession is everywhere, stock market is unstable each day. This is another so called tariff war created by current US President. Late president Ronald Regan, one of the most beloved and powerfull US presidents once said, tariffs would cause inflation, recession and poor economy and it is not an answer for strong economy. Yes, it is true per many tope economists.

American cities are flooded with ICE agents to arrest illegals entered to this country without proper permits. The Biden administration was terrible in handling this and allow millions to come here and stay. This was a grave error and the main reason Democrats lost the election. President Trump deserves credit for stopping the once unstoppable flow of illegals entering the US. But his approach to deport them back to wherever they came from is in human and civil war is breaking out in cities on this issue and most Americans disapprove the way he handles this issue.

Ice is arresting and deporting children, even legal residents in few cases and most of them they are arresting are not criminals or rapists, only ten percent of those arrested are criminals and the others are eligible for due process per US laws and constitution. When the leaders ignore the laws and constitution, the people will arise against them. Illegal immigration is a problem in this Nation for so many years and no party could find a solution so far. The leaders must abide with the laws of the Nation when arresting and deporting people.

There is no king or dictatorship in the United States, This is a democracy and the rule of law must be followed. The will of the people must be considered and the co-equal branches of power and purpose of the Executive, Legislative and Judiciary must give utmost respect by the President. The president must respect the law, follow the constitution, adhere to the orders of the Courts and Judges and do everything in his power to bring unity, peace, progress and lead the Nation without bitterness, rage and anger towards those who dislike him regardless of the party.

This was the greatest Nation in the world, many were blessed by this Nation, people love to come and live here, enjoy the freedom, the choices, the care, compassion, the conveniences, the quality of life, and the opportunities but how are things now? This is not the way to make America great. Acting like a dictator, ruling like a king, trying to destroy those who oppose his views, calling others bad names and pardoning criminals. Confusion, fear, hatred, inhuman actions, selfishness, greed, divisions, corruptions, poor leadership, shootings, killings and so many social issues are spreading like cancer in this Nation.

We need great and decent leaders to lead this Nation back to its glory. Leaders regardless of the party must try to unite people, love people, and love God. Then only America will be great again. Let us all care for this Nation and pray for this Nation. If the Nation claims, "In God we trust", let the leaders and the people obey the word of God, the Holy Bible. Then God will make this Nation great again."Righteousness exalt a Nation". Pride, arrogance, anger, spirit of revenge, selfishness, inhuman actions, misusing power, greed for money, lying etc. by any leader will destroy the Nation and the people. God, we beg you to open the eyes of our leaders to be truthful,lead well, unite us, remove the fear and bring peace to people.

## എയർ ഇന്ത്യയ്ക്കെതിരെ കർശന നടപടി: മൂന്ന് ഉന്നത ഉദ്യോഗസ്ഥരെ ചുമതലയിൽനിന്ന് നീക്കി

ന്യൂഡൽഹി: അഹമ്മദാബാദ് വിമാനദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിമാന ജീവനക്കാരുടെ ഡ്യൂട്ടി ക്രമീകരണവുമായി ബന്ധപ്പെട്ട് ആവർത്തിച്ചുള്ള ഗുരുതരമായ ലംഘനങ്ങൾ കണ്ടെത്തിയതിനെത്തുടർന്ന് എയർ ഇന്ത്യയിലെ മൂന്ന് ഉന്നത ഉദ്യോഗസ്ഥരെ ചുമതലകളിൽനിന്നു നീക്കി. ഡിവിഷണൽ വൈസ് പ്രസിഡണ്ട് ചൂരാസിംഗ്, ഡയറക്ടറേറ്റ് ഓഫ് ഓപ്പറേഷൻസ് ക്രൂ ഷെഡ്യൂളിംഗ് ചീഫ് മാനേജർ പിങ്കി മിത്തൽ, ക്രൂ ഷെഡ്യൂളിംഗ്-പ്ലാനിഗ് മാനേജർ പായൽ അറോറ എന്നിവരെയാണു ഡിജിസിഎയുടെ നിർദേശപ്രകാരം എയർ ഇന്ത്യ നീക്കിയത്.

ഈ ഉദ്യോഗസ്ഥരെ അടിയന്തരമായി ജോലിയിൽനിന്നു മാറ്റിനിർത്താൻ നേരത്തെ വ്യോമയാന റെഗുലേറ്ററായ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ) ഉത്തരവിട്ടിരുന്നു. എയർ ഇന്ത്യ സ്വമേധയാ വീഴ്ചകൾ വെളിപ്പെടുത്തിയതോടെയാണ് ഡിജിസിഎ കടുത്ത നടപടി സ്വീകരിച്ചത്. ഡിജിസിഎയുടെ നിർദേശം അംഗീകരിക്കുകയും ഉത്തരവ് നടപ്പിലാക്കുകയും ചെയ്തതായി എയർ ഇന്ത്യ പിന്നീട് അറിയിച്ചു. ആഭ്യന്തര, അന്താരാഷ്ട്ര ശൃംഖലയിലുടനീളമുള്ള ജീവനക്കാരുടെ വിന്യാസം നിയന്ത്രിക്കുന്ന എയർ ഇന്ത്യയുടെ ഇന്റഗ്രേറ്റഡ് ഓപ്പറേഷൻസ് കൺട്രോൾ സെന്ററിന്റെ (ഐഒസിസി) ഓഡിറ്റിൽനിന്നാണ് ഉദ്യോഗസ്ഥരുടെ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയത്. നിർബന്ധിത ലൈസൻസിംഗ്, വിശ്രമം, പ്രവർത്തനപരിചയം എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിക്കാതെ പൈലറ്റടക്കമുള്ള വിമാനജീവനക്കാരെ ഷെഡ്യൂൾ ചെയ്യുകയും പറക്കാൻ അനുവദിക്കുകയും ചെയ്തുവെന്ന് എയർ ഇന്ത്യ സമ്മതിക്കുകയായിരുന്നു. ഇതോടെയാണ് ജീവനക്കാർക്ക് അവരുടെ ഉത്തരവാദിത്വങ്ങൾക്കനുസരിച്ച് ചുമതലകൾ നിർണയിച്ചു നൽകുന്ന ക്രൂ റോസ്റ്ററിംഗിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരെ പുറത്താക്കാൻ നിർദേശം വരുന്നത്. കമ്പനിയുടെ ചീഫ് ഓപ്പറേഷൻസ് ഓഫീസർ ഐഒസിസിയുടെ നേരിട്ടുള്ള ചുമതല ഇടക്കാലത്ത് വഹിക്കുമെന്ന് എയർ ഇന്ത്യ അറിയിച്ചു. അഹമ്മദാബാദ് വിമാനദുരന്തത്തിനു പിന്നാലെ എയർ ഇന്ത്യയുടെ വിമാനങ്ങൾ കർശന പരിശോധനയ്ക്കു വിധേയമാക്കാൻ ഡിജിസിഎ നിർദേശിച്ചിരുന്നു. അറ്റകുറ്റപ്പണി ഉൾപ്പെടെ അടിയന്തരമായി പൂർത്തിയാക്കാനായിരുന്നു നിർദേശം. ഇതിനുള്ള മാനദണ്ഡങ്ങളും ഡിജിസിഎ പുറപ്പെടുവിച്ചിരുന്നു.

## ശിവൻപിള്ള അന്തരിച്ചു



ഡാളസ്: മഴുക്കീർ സായ് ഭവനിൽ ശിവൻപിള്ള (88) അന്തരിച്ചു. ശിവൻ കണ്ണന്താനം എന്ന തൂലികാനാമത്തിൽ നിരവധി പുസ്തകങ്ങളുടെ രചയിതാവാണ് പരേതൻ. മക്കളോടൊപ്പം ഡാളസിൽ വിശ്രമജീവിതം നയിച്ചിരുന്ന ശിവൻ പിള്ളയും സഹധർമ്മിണി രാജമ്മ പിള്ളയും അടുത്തിടെയാണ് നാട്ടിലേക്ക് തിരികെ പോയത്. ഡാളസിലെ സാമൂഹിക പ്രവർത്തകനും ടാക്സ് പ്രാക്ടീഷണറുമായ ഹരി പിള്ള സിപിഎയുടെ ഭാര്യാപിതാവാണ് ശിവൻപിള്ള.

# CASTE CENSUS IN INDIA: SOCIAL IMPERATIVE

**Dr. Mathew Joys**

The caste census is a valuable initiative that aims to gather information about individuals based on their caste in India. Scheduled to be included in the 2025 national census, this data will empower the government to better understand the diverse needs of various communities. By doing so, it will enable more informed decision-making and tailored policies that promote inclusivity and social equity.

Casteism has been a fixed part of India's social fabric for ages, influencing access to resources, education, and opportunities.

The country has made some headway in pushing for fairness, but caste-related gaps still exist in many areas. Understanding how wide these gaps are is key to creating effective policies.

A caste census counts people based on their caste groups. India's last full-scale caste count was in 1931. Since then, we've been short on solid numbers for different caste groups. I remember census of students by denominations, done during my high school days.

The next Census in 2025 might be the first in many years to include in-depth caste data. This article will examine why the caste census matters and how it could shape India's tomorrow.

The Indian government's decision to include caste enumeration in the national census, announced on April 30, 2025, signifies a crucial policy shift and marks the first comprehensive caste census since 1931. This initiative, long demanded by Congress, is more than just a tool for consolidating reservation and social welfare activities; it has profound political implications that could shape the future of India.



Dr. Mathew Joys

It's crucial to recognize that many castes often exaggerate their population figures, manipulating these claims to influence government policies and leverage non-existent vote bank politics—a tactic all too common in democratic India. For example, in the context of Other Backward Classes (OBCs), precise data will fundamentally alter the principles of reservation. In states like Kerala, we can already observe how certain groups, such as Muslims, Ezhavas, and Nadars, Nadar Christians have surpassed the criteria for reservation based on social backwardness, as outlined by Ambedkar himself. This census has the potential to disrupt the unjust benefits being misappropriated.

Furthermore, the caste census presents an opportunity to prevent such abuses driven by political motivations. The implications of this census will be far-reaching, poised to transform India's social structure, policy framework, and electoral landscape.

Accurate data will underpin evidence-based policy making, ensuring an equitable distribution of resources such as education, healthcare, and employment benefits. For instance, welfare schemes can be tailored to address the specific needs of marginalized communities like the Extremely Backward Classes (EBCs), who make up 36% of Bihar's population. The Justice Rohini Commission (2017–2023), established by the Modi government, has rightly advocated for this essential caste census. The data derived from it will expose deep-seated inequalities within groups, guarantee that benefits reach the most disadvantaged, and help identify the creamy layer among OBCs, thereby refining the reservation system.

In essence, this caste census is not a mere political maneuver; it is a necessary step towards objective policy discourse and ensuring justice for all in society.

## രാഹുലിന് പുതിയ ഔദ്യോഗികവസതി

ന്യൂഡൽഹി: പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി താമസം മാറുന്നു. സുനേരി ബാഗ് റോഡിലുള്ള അഞ്ചാം നമ്പർ ബംഗ്ലാവ് ആയിരിക്കും പുതിയ ഔദ്യോഗിക വസതി. ജൂൺ 19-ന് ജന്മദിനത്തോടനുബന്ധിച്ച് അദ്ദേഹം താമസം മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചെങ്കിലും അടുത്ത പാർലമെന്റ് സമ്മേളനത്തിന് മുമ്പ് പുതിയ വിലാസത്തിലേക്കു മാറുമെന്ന് പാർട്ടി വൃത്തങ്ങൾ അറിയിച്ചു.

ജൂലൈ 21-ന് പാർലമെന്റിൽ മൺസൂൺ സമ്മേളനം ആരംഭിക്കുന്നതിന് മുമ്പ് ബംഗ്ലാവിൽ താമസം തുടങ്ങാനാണു തീരുമാനം. രാഹുൽ എംപിയായതിനുശേഷം, അദ്ദേഹത്തിന്റെ വസതി തുഗ്ലക് ലെയ്ൻ 12 ആയിരുന്നു.

എന്നാൽ, മാനനഷ്ടക്കേസിൽ ശിക്ഷിക്കപ്പെട്ടതിനെത്തുടർന്ന് ലോക്സഭയിൽനിന്ന് അയോഗ്യനാക്കപ്പെട്ടതോടെ അദ്ദേഹത്തിന് ആ വീട് ഒഴിയേണ്ടിവന്നു. തുടർന്ന് രാഹുൽ അമ്മ സോണിയ ഗാന്ധിയുടെ ജൻപഥ് 10 വസതിയിലേക്കു താമസം മാറുകയായിരുന്നു. പ്രതിപക്ഷ നേതാവായതോടെ, കാബിനറ്റ് റാങ്ക് ഉള്ളതിനാൽ ടൈപ്പ് 8 ബംഗ്ലാവിന് അർഹതയാണു രാഹുൽ ഗാന്ധിക്കുള്ളത്.

## വിദേശഭാഷാ വിരുദ്ധ നിലപാടുമായി അമിത് ഷാ

ന്യൂഡൽഹി: ഇന്ത്യയിൽ ഇംഗ്ലീഷ് സംസാരിക്കുന്നവർ ലജ്ജിക്കുന്ന കാലം ഉടനെത്തുമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. അത്തരമൊരു സമൂഹത്തിന്റെ സൃഷ്ടി വിദൂരത്തല്ല. ഇന്ത്യയുടെ സ്വത്വം തന്നെ ഈ രാജ്യത്തെ ഭാഷകളിലാണ്. അവയുടെ പൈതൃകം വീണ്ടെടുക്കുന്ന സമയം ഉടൻ വരും. തദ്ദേശീയ ഭാഷകളുടെ പ്രൗഢിയിൽ ഇന്ത്യ ലോകത്തെ തന്നെ നയിക്കും. ഒരു പുസ്തക പ്രകാശനച്ചടങ്ങിൽ അമിത് ഷാ പറഞ്ഞു.

'നമ്മുടെ രാജ്യത്തെ ഭാഷകളാണ് നമ്മുടെ സംസ്കാരത്തിന്റെ രത്നങ്ങൾ. ഈ ഭാഷകളില്ലാതെ ഒരു യഥാർത്ഥ ഇന്ത്യക്കാരനാകാൻ കഴിയില്ല. നമ്മുടെ രാജ്യം, സംസ്കാരം, ചരിത്രം, മതം എന്നിവയെ മനസ്സിലാക്കാൻ ഒരു വിദേശഭാഷ കൊണ്ട് സാധിക്കില്ല.

സമ്പൂർണ ഇന്ത്യയെന്ന ആശയം വിദേശഭാഷകൾ കൊണ്ട് സങ്കല്പിക്കാനുമാകില്ല. ഈ പോരാട്ടം എത്രത്തോളം ബുദ്ധിമുട്ടേറിയതാണെന്ന് എനിക്കറിയാം. പക്ഷേ, ഇന്ത്യൻ സമൂഹം ഇക്കാര്യത്തിൽ വിജയം നേടുമെന്നുറപ്പാണ്.

ഒരിക്കൽക്കൂടി സ്വാഭിമാനത്തോടെ നമ്മുടെ ഭാഷകളുമായി ഈ രാജ്യത്തെ മുന്നോട്ടു നയിക്കും' അമിത് ഷാ പറഞ്ഞു. സിവിൽ സർവീസ് പരിശീലന രംഗത്ത് ഇപ്പോഴും ബ്രിട്ടീഷ് സ്വാധീനമുണ്ടെന്നും ഇതിൽ മാറ്റമുണ്ടാകണമെന്നും അമിത് ഷാ പറഞ്ഞു. മറ്റുള്ളവരോട് സഹാനുഭൂതിയോടെ പെരുമാറുന്നതിനുള്ള പരിശീലനം ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നില്ലെന്നും ആഭ്യന്തരമന്ത്രി വിമർശിച്ചു.

## ജൂലൈ ഒന്നു മുതൽ ആധാർ ഉള്ളവർക്കു മാത്രം പാൻ

മുംബൈ: പുതിയ പാൻ നമ്പർ ലഭ്യമാക്കുന്നതിന് ആധാർ ഉപയോഗിച്ചുള്ള തിരിച്ചറിയൽ നിർബന്ധമാക്കാൻ കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ്. ജൂലൈ ഒന്നു മുതൽ ഇത് നടപ്പാക്കാനാണ് പരിഗണിക്കുന്നത്. പാൻ അപേക്ഷ നല്കുന്നതിനൊപ്പം തന്നെ ആധാർ തിരിച്ചറിയൽ ഉൾപ്പെടുത്തുകയാണ് ലക്ഷ്യം. അതായത്, ആധാർ കാർഡ് ഉള്ളവർക്കു മാത്രമേ പാൻ നമ്പറിനായി അപേക്ഷിക്കാൻ കഴിയൂ.

ഇതുവരെ പേര്, ജനനത്തീയതി തെളിയിക്കുവാനുള്ള രേഖകൾ, തിരിച്ചറിയൽ രേഖ എന്നിവ നല്കിയാൽ പാൻകാർഡ് ലഭിക്കുമായിരുന്നു. നിലവിലുള്ള പാൻ ആധാറുമായി ബന്ധിപ്പിക്കാൻ നിർദേശമുണ്ട്. ഇതിനായി 2025 ഡിസംബർ 31 വരെ സമയം നല്കിയിട്ടുണ്ട്. അതിനുശേഷവും ആധാറുമായി ബന്ധിപ്പിക്കാതിരിക്കുന്ന പാൻനമ്പറുകൾ പ്രവർത്തനരഹിതമാകും.

ആധാറും പാനും ബന്ധിപ്പിക്കാനുള്ള സമയപരിധി പലവട്ടം നീട്ടിനല്കിയിരുന്നു. ആളുകൾ ഒന്നിലധികം പാൻ കൈവശം വെക്കുന്നതും ഇതുവഴി നികുതിവെട്ടിപ്പ് നടക്കുന്നതും തടയാൻ ലക്ഷ്യമിട്ടാണ് ആധാറും പാനും ബന്ധിപ്പിക്കാൻ തീരുമാനിച്ചത്. 2024 മാർച്ച് വരെയുള്ള കണക്കനുസരിച്ച് രാജ്യത്താകെ 74 കോടി പാൻനമ്പർ ഉടമകളാണുള്ളത്. ഇതിൽ 60.5 കോടിയും ആധാറുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

കേരളാ എക്സ്പ്രസ്
വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

രചനകൾ അയയ്ക്കേണ്ട വിലാസം:
news@keralaexpress.com

വഴിത്താരകൾ

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# ഭൂമിയിൽ സ്വർഗ്ഗവും നരകവും കുടുംബത്തിൽ

എൽസി ബേബി

'കുടുംബം എന്നാൽ കൂടുമ്പോൾ ഇമ്പം' എന്നാണല്ലോ പറയാറുള്ളത്. അതുപോലെതന്നെ 'സ്വർഗം' എന്നു പറഞ്ഞാൽ സന്തോഷം നല്കുന്ന സ്ഥലം ആണെന്നും 'നരകം' എന്നു പറഞ്ഞാൽ യാതനയും ദുഃഖവും അനുഭവിക്കുന്ന സ്ഥലമാണെന്നും മറ്റും നാം സങ്കല്പിക്കാറുണ്ട്. 'കുടുംബ'മാണ് ഭൂമിയിൽ സ്വർഗ്ഗവും നരകവും സൃഷ്ടിക്കുന്ന കേന്ദ്രം. അതുകൊണ്ടാണ് 'കൂടുമ്പോൾ ഇമ്പം' എന്ന് കുടുംബത്തിന് അർത്ഥം നല്കിയിരിക്കുന്നത്. 'കുടുംബം' എന്ന പ്രസ്ഥാനം ദൈവം ആദിയിൽ മനുഷ്യനെ സൃഷ്ടിച്ചപ്പോൾ മുതൽ ആഗ്രഹിച്ച ഒരു വിഷയം തന്നെയാകുന്നു. പുരുഷൻ ഏകനായിരിക്കാതെ തക്ക ഇണയായി സ്ത്രീയെ സൃഷ്ടിച്ചു നല്കി അനുഗ്രഹിച്ചത് "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി വാഴുവിൻ" എന്നായിരുന്നു. അതിന്നാധാരമായി 'വിവാഹം' എന്ന പരിശുദ്ധ കൂദാശയോടെ പുരുഷനും സ്ത്രീയും ഒന്നായി. ദൈവം ദാനമായി നല്കിയ പരിശുദ്ധ ലൈംഗികബന്ധത്തോടെ തലമുറകൾ ഉണ്ടായി. 'കുടുംബം' എന്ന കൂട്ടായ്മയിലൂടെ മാതാപിതാക്കളും മക്കളും ഒത്തുചേർന്ന് ഉല്ലസിച്ചാനന്ദിക്കുവാനുള്ള പരിപാടി ദൈവികോദ്ദേശ്യം മാത്രമാകുന്നു. അതിൽ നാം അറിഞ്ഞിരിക്കേണ്ട സത്യം എന്നത്, വിവാഹം ദൈവഹിതപ്രകാരം മാത്രം സ്ത്രീയും പുരുഷനും തമ്മിൽ കൂടിചേരേണ്ട ഒരു ബന്ധമാകുന്നു. അവർ തമ്മിൽ യോജിക്കുമ്പോൾ അദൃശ്യനായ ദൈവം അവരോടുകൂടെ ചേർന്ന് ഒരു 'മുപ്പിരിചരടു' പോലെ ശക്തിയേറിയ ബന്ധമായി തീരുന്നു. അവരിലൂടെ ദൈവം ദാനമായി നല്കുന്ന മക്കളുമൊത്ത് മാതാപിതാക്കൾ, മക്കൾ എന്ന ബന്ധത്തിലേക്കു പ്രവേശിക്കയും 'കൂടുമ്പോൾ ഇമ്പമുള്ള' ഒരു കൂട്ടായ്മയായി രൂപാന്തരം പ്രാപിക്കയും ചെയ്യുന്നു. മാതാപിതാക്കൾ തമ്മിൽ തമ്മിലുള്ള സ്നേഹവും കരുതലും ബഹുമാനവും കണ്ടു വളരുന്ന കുഞ്ഞുങ്ങൾ അത് അനുകരിക്കാനിടയാകുന്നു. ഒരു മാതൃകാ കുടുംബത്തേക്കുറിച്ച് തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നത് ഭർത്താവ് ഈശ്വരഭക്തിയുള്ള കുടുംബതലവനും ഭാര്യ ഭർത്താവിനെ സ്നേഹിച്ചും അനുസരിച്ചും ബഹുമാനിച്ചും ഭവനത്തിനകത്ത് ഫലപ്രദമായ മുന്തിരിവള്ളിപോലെയും മക്കൾ മേശക്കുചുറ്റും ഒലിവുതൈകൾ പോലെയും ആകുന്നുവെന്നാകുന്നു. അവരുടെ ഇടയിൽ അദൃശ്യനായ ദൈവം പ്രവർത്തിക്കുന്നതുമൂലം ആ കുടുംബത്തിൽ ദൈവാശ്രയവും ദൈവഭയവും ഭക്തിയും പ്രാർത്ഥനയും ആരാധനയും തളംകെട്ടി നില്ക്കുമ്പോൾ അതൊരു സ്വർഗ്ഗമായി രൂപാന്തരപ്പെടുന്നു.

കുടുംബാംഗങ്ങൾ തമ്മിൽ തമ്മിലുള്ള സ്നേഹവും ആദരവും അന്യോന്യം ആശയങ്ങളും അഭിപ്രായങ്ങളും പങ്കുവെച്ചുംകൊണ്ടുള്ള ജീവിതം എത്ര സുഖകരമാകുന്നു. കുടുംബത്തിന്റെ നായകനും ശിരസ്സും ഭർത്താവു തന്നേ എന്ന് അംഗീകരിച്ച്, സ്നേഹിച്ച് ബഹുമാനിക്കുന്ന ഭാര്യ ശരീരമായി നിന്ന് – അഥവാ ഭാര്യയും ഭർത്താവും ഒരു ശരീരംപോലെ പ്രവർത്തിക്കുമ്പോൾ അവിടെ വഴക്കിനോ പിണക്കത്തിനോ പിളർച്ചയ്ക്കോ സ്ഥാനം കാണുകയില്ല എന്നതാണ് കുടുംബത്തിന്റെ ഭദ്രതക്കുള്ള യഥാർത്ഥ കാരണം. ഭാര്യയും ഭർത്താവും അന്യോന്യം വിശ്വസിച്ചും സ്നേഹിച്ചും ബഹുമാനിച്ചും ജീവിക്കുവാൻ ദൈവകൃപ ധാരാളം ആവശ്യമാകുന്നു. കാരണം അവർ ഇരുവരും ഭിന്ന, ഭിന്ന സാഹചര്യങ്ങളിൽ ജനിച്ചുവളർന്നവരാകുന്നു. വ്യത്യസ്ത സ്വഭാവമുള്ളവരായിരിക്കും. അത് അന്യോന്യം മനസ്സിലാക്കി, നിയന്ത്രിച്ച്, ബുദ്ധിയോടുകൂടെ തങ്ങളുടെ ഭാര്യാഭർതൃബന്ധം നിലനിർത്തുന്നതിലാണ് അവരുടെ വിവാഹബന്ധത്തിന്റെ ആക്കം വർദ്ധിപ്പിക്കാനുതകുന്ന രഹസ്യം. ഇവയിൽ ഉലച്ചിൽ തട്ടുമ്പോഴാണ് വിവാഹബന്ധത്തിൽ പാകപിഴകൾ സംഭവിക്കുന്നത്. പരിഹരിക്കപ്പെടാത്തയാതൊരു പ്രശ്നവും ഈ ലോകത്തിലില്ല. പ്രശ്നങ്ങളില്ലാത്ത ഒരു ജീവിതവുമില്ല. പക്ഷേ, പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കുന്നു എന്നതിലാണ് വിജയവും പരാജയവും ഇരിക്കുന്നത്. പക്ഷേ, ചെറിയ ചെറിയ പ്രശ്നങ്ങളെ അതിന്റെ മുളയിൽതന്നേ നുള്ളിക്കളയുന്നതിനു പകരം അതിനെ ഊതിവീർപ്പിച്ച് വലിയ പ്രശ്നങ്ങളാക്കി മാറ്റി അതുമൂലം ഉണ്ടാകാവുന്ന തിക്തഫലങ്ങൾ അനുഭവിക്കാനിടയാകുന്നു എന്നതാണ് അപകടവും അപായകരവും.



ലേഖിക

യഥാർത്ഥ വിശ്വാസം, സ്നേഹം, സന്തോഷം, ദീർഘക്ഷമ, താഴ്മ, നന്മ ഇവ പാകി മുളപ്പിച്ചു വളർത്തി വലുതാക്കി ഫലം കായ്ക്കുന്ന വിളനിലമാകുന്നു കുടുംബം. ദൈവഭയം, ഭക്തി, പ്രാർത്ഥന, ആരാധന എന്നീ വെള്ളവും വളവും ധാരാളം നല്കിയാൽ മാത്രമേ നല്ല വിളവുകൊയ്തെടുക്കാൻ സാധിക്കുകയുള്ളൂ. 'ഉള്ളതിൽ തൃപ്തിയടയുക' എന്ന സിദ്ധാന്തം പാലിക്കുന്ന ഭവനത്തിൽ സംതൃപ്തിയും സന്തോഷവും സമൃദ്ധിയും ധാരാളം ഉണ്ടാകും.

മറ്റുള്ളവരെ അനുകരിച്ചും മറ്റുള്ളവരെ ബോധിപ്പിക്കാനുമായി ഇല്ലാത്ത കാര്യങ്ങൾ ഉണ്ടെന്നു കാണിക്കാനും മറ്റുള്ളവരുടെ മുമ്പാകെ പ്രകടിപ്പിച്ചു കാണിക്കാനുമൊക്കെയായി കടംമേടിച്ചും പലിശയ്ക്കു പണം എടുത്തും മറ്റും വീട്, കാർ, വിലയേറിയ വസ്ത്രങ്ങൾ, ഉപകരണങ്ങളൊക്കെ വാങ്ങിക്കൂട്ടി സമാധാനം നഷ്ടപ്പെടുമ്പോൾ കുടുംബാന്തരീക്ഷം അലങ്കോലപ്പെടുവാനിടയാകുന്നു. അതേസമയം ഉള്ളതിൽ തൃപ്തിപ്പെട്ട് കുടുംബകാര്യങ്ങൾ അന്യോന്യം പറഞ്ഞും ചർച്ചകൾ ചെയ്തും ബുദ്ധിയോടെ കഴിയുന്ന കുടുംബത്തിൽ സമാധാനവും സന്തോഷവും സ്വസ്ഥതയും ഉണ്ടാകും. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം, കുടുംബത്തിലെ ശിക്ഷണങ്ങൾ, ശിക്ഷകൾ ഇവയെല്ലാം കുടുംബാന്തരീക്ഷത്തെ ബാധിക്കുന്ന വിഷയങ്ങളാകുന്നു. ഭാര്യയും ഭർത്താവും ഉദ്യോഗസ്ഥർ എന്ന കാരണത്താൽ മക്കൾ വേണ്ടാ എന്നു വെക്കുന്നത് അബദ്ധമാകുന്നു. മക്കൾ ഉണ്ടാകാതിരിക്കാൻ ചെയ്യുന്ന ശ്രമങ്ങൾ ശാരീരികവും മാനസികവുമായ സമനില തെറ്റിക്കാനിടയാകും എന്നു തന്നേയല്ല, ഭാര്യയുടേയും ഭർത്താവിന്റേയും ശാരീരിക ഹോർമോണുകൾക്കുണ്ടാകുന്ന വ്യതിയാനങ്ങൾ പലവിധ ദോഷങ്ങൾക്കിടയാകും. കുഞ്ഞുങ്ങളുണ്ടായാൽ ഉദ്യോഗസ്ഥരായ അമ്മമാർ കുഞ്ഞുങ്ങളെ നിർദ്ദയം പോറ്റമ്മമാരെ ഏല്പിക്കുന്നതുമൂലം ശൈശവപ്രായം മുതൽ കുഞ്ഞുങ്ങളിൽ മാനസിക തകർച്ച സംഭവിക്കാനിടയാകും. കുഞ്ഞുങ്ങൾക്കു ഗർഭാശയം മുതൽ ശൈശവം, ബാല്യം, യൗവനം വരെ മാതാപിതാക്കളുടെ സാന്നിദ്ധ്യം, സാമീപ്യം, സ്നേഹം, വാത്സല്യം, ശിക്ഷണം, ശിക്ഷകൾ ഇവ അതാതു പ്രായങ്ങളിൽ ലഭിക്കാതെ വരുമ്പോൾ അവരുടെ ഹൃദയങ്ങളിലുളവാകുന്ന കോപം, ദുഃഖം, വൈരാഗ്യം, ശാഠ്യം ഇവ അവർ യൗവ്വനപ്രായമാകുമ്പോൾ മത്സരം, ക്രോധം, പകവീട്ടൽ, മദ്യപാനം, മയക്കുമരുന്നുകളുടെ അടിമത്തം, ലൈംഗികചൂഷണം ഇവകളായി പുറത്തുവരും. അവയെ നിയന്ത്രിക്കാനാകാത്തവിധം തീവ്രമായി തീരുകയും ചെയ്യും. മക്കളെ അമിതമായി സ്നേഹിക്കയും അവർ ചോദിക്കുന്നതെല്ലാം വാങ്ങി അവരുടെ ഇഷ്ടംമാത്രം നോക്കി വളർത്തുന്നതും അപകടകരമാകുന്നു. മക്കൾ ദൈവത്തിന്റെ ദാനമാകുന്നു. അവരെ ദൈവഹിതപ്രകാരം വളർത്തേണ്ട ചുമതല മാതാപിതാക്കൾക്കുണ്ട്.

ലൗകിക ഭൗതിക നന്മകളേക്കാൾ ധനത്തിന്റേയും സമ്പത്തിന്റേയും പ്രഭാവങ്ങളേക്കാൾ, ഭാര്യാഭർതൃബന്ധത്തിന്റെ സുരക്ഷിതത്വത്തിനും മാതാപിതാ-മക്കൾ മൂലമുള്ള കുടുംബഭദ്രതയ്ക്കും സ്ഥാനം നല്കി എല്ലാറ്റിനും ഉപരിയായി ദൈവം പ്രസാദിക്കുന്ന, ദൈവാശ്രയമുള്ള ദൈവഭയവും ഭക്തിയുമുള്ള ഒരു കുടുംബം പണിതുയർത്തിയാൽ അവിടം ഭൂമിയിലെ സ്വർഗ്ഗമാക്കാം എന്നതിന്നു പക്ഷാന്തരമല്ല. നേരേമറിച്ച്, ഭാര്യാഭർതൃബന്ധത്തിന് കേടുവരത്തക്ക ജീവിതരീതികളും സംഭാഷണവും യാതൊരു നിയന്ത്രണമോ പാകതയോ പക്വതയോ ഇല്ലാത്ത കുടുംബജീവിതവും ദോഷങ്ങളിൽ ചെന്നവസാനിക്കും എന്നു മാത്രമല്ല, കുടുംബജീവിതം നരകജീവിതമായി മാറുകയും ചെയ്യും.

ഇന്നു നാം കേൾക്കുകയും കാണുകയും ചെയ്യുന്ന സംഭവങ്ങൾ ദുഃഖകരവും പരിതാപകരവും ഘോരതരവും ആകുവാനുള്ള കാരണങ്ങൾ നമ്മുടെയൊക്കെ കുടുംബങ്ങളിലും വിവാഹങ്ങളിലും വിവാഹജീവിതത്തിലും കുടുംബജീവിതങ്ങളിലും മാതാപിതാ-മക്കൾ ബന്ധങ്ങളിലും കടന്നുകൂടിയിട്ടുള്ള അമിതസ്വാതന്ത്ര്യവും ദൈവഭയമില്ലാതെ ദൈവത്തെ മാറ്റിനിർത്തി തങ്ങൾക്കു ബോധിച്ചതുപോലെ ജീവിക്കാം അഥവാ ജീവിക്കണം എന്ന ചിന്തയും അതിന്നായുള്ള തത്രപ്പാടുകളുമാകുന്നു എന്നു പറഞ്ഞാൽ സമ്മതിക്കാതിരിക്കാനൊക്കുമോ? ക്രൂരമൃഗങ്ങളിൽപോലും കാണാത്ത ക്രൂരകൃത്യങ്ങൾ ചെയ്യാൻ മടിയില്ലാത്ത കഠിനഹൃദയം എവിടെനിന്നുണ്ടായി. നിസ്സാരദുഃഖങ്ങൾ, പ്രതിസന്ധികൾ, പ്രയാസങ്ങൾ ഇവ താങ്ങാനാവാതെ ആത്മഹത്യയിലേക്കു നയിക്കുന്ന ദുർബലമനസ്സും ഹൃദയവും എവിടെനിന്നുണ്ടായി? ചിന്തിക്കുക. അധികം വിസ്തരിക്കുവാനൊരുങ്ങുന്നില്ല. കുടുംബാന്തരീക്ഷം നന്നാക്കിയാൽ, ദൈവഹിതപ്രകാരമുള്ള വിവാഹം ഒരിക്കലും വേർപിരിയാത്ത വിവാഹബന്ധം, കൂടുമ്പോൾ ഇമ്പം വരുത്തുന്ന കുടുംബങ്ങൾ, മാതാപിതാക്കൾ, മക്കൾ, എല്ലാറ്റിലും ഉപരിയായി ദൈവത്തെ ഭയപ്പെട്ടും ഭക്തിയിലും ഈശ്വരവിശ്വാസത്തിലും അടിസ്ഥാനമിട്ടുകൊണ്ടുള്ള ഒരു ജീവിതം! അതിന്നായി പ്രയത്നിക്കുക; പ്രവർത്തിക്കുക: ഫലം കണ്ടു സന്തോഷിക്കുക. ഒന്നുകിൽ ഭൂമിയിൽ സ്വർഗ്ഗസുഖം! അല്ലെങ്കിൽ നരകജീവിതം. ഏതു വേണമെന്നു തീരുമാനിക്കുക. ഈ ലേഖനം അതിനു സഹായമായി തീരട്ടെ!

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 86.76 |
| യൂറോ | 99.52 |
| സ്റ്റെർലിംഗ്പൗണ്ട് | 116.18 |
| സ്വിസ് ഫ്രാങ്ക് | 106.07 |
| സിംഗപ്പൂർ ഡോളർ | 67.11 |
| കനേഡിയൻ ഡോളർ | 62.92 |
| ഒമാൻ റിയാൽ | 225.64 |
| ബഹ്റൈൻ ദിനാർ | 229.92 |
| സൗദി റിയാൽ | 23.12 |
| യു.എ.ഇ. ദിർഹം | 23.63 |
| കുവൈത്ത് ദിനാർ | 283.06 |



# ധനം ബിസിനസ് എക്സലൻസ് അവാർഡുകൾ പ്രഖ്യാപിച്ചു

കൊച്ചി: സംസ്ഥാനത്തെ ബിസിനസ് മേഖലയിൽ ശ്രദ്ധേയ സംഭാവനകൾ നല്കുന്നവർക്കുള്ള ധനം ബിസിനസ് എക്സലൻസ് അവാർഡുകൾ പ്രഖ്യാപിച്ചു.

ധനം ബിസിനസ്മാൻ ഓഫ് ദി ഇയർ 2025 പുരസ്കാരത്തിന് ജോയ് ആലുക്കാസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോയ് ആലുക്കാസ് അർഹനായി. സിജിഎച്ച് എർത്ത് സഹസ്ഥാപകൻ ജോസ് ഡൊമിനിക്കിനാണ് ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരം. ധനം ബിസിനസ് പ്രഫഷണൽ 2025 പുരസ്കാരത്തിന് വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഹോൾടൈം ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ വെങ്കിട്ടരാമൻ രാമചന്ദ്രൻ അർഹനായി. എലൈറ്റ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ധനേസ രഘുലാലിനെ വുമൺ എന്റർപ്രണർ ഓഫ് ദി ഇയർ 2025 ആയി തെരഞ്ഞെടുത്തു. ധനം സ്റ്റാർട്ടപ്പ് അവാർഡ് പുരസ്കാരത്തിന് ക്ലൗഡ്സെക് സ്ഥാപകനും സിഇഒയുമായ രാഹുൽ ശശി അർഹനായി.

ജൂൺ 25-ന് കൊച്ചിയിലെ മെറിഡിയൻ കൺവൻഷൻ സെന്ററിൽ നടക്കുന്ന പതിനേഴാമത് ധനം ബിസിനസ് സമ്മിറ്റ് ആൻഡ് അവാർഡ് നൈറ്റിൽ വെച്ച് പുരസ്കാരങ്ങൾ സമ്മാനിക്കും.

പ്രമുഖ സാമ്പത്തിക വിദഗ്ദ്ധനും ചാർട്ടേഡ് അക്കൗണ്ടന്റുമായ വേണുഗോപാൽ സി. ഗോവിന്ദ് ചെയർമാനും മുതിർന്ന പത്രപ്രവർത്തകനുമായ എം.കെ. ദാസ്, ജിയോജിത് ഫിനാൻഷ്യൽ സർവീസസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സി.ജെ. ജോർജ്, ഗ്രൂപ്പ് മീരാൻ ചെയർമാൻ നവാസ് മീരാൻ എന്നിവർ അംഗങ്ങളായുള്ള വിദഗ്ദ്ധ ജൂറിയാണ് അവാർഡ് ജേതാക്കളെ നിർണയിച്ചത്.


രണ്ട് വട്ടം ഓസ്കർ അവാർഡ് ജേതാവായ ഇന്ത്യൻ വനിത ചലച്ചിത്ര നിർമ്മാതാവ് ഗുനീത് മോംഗ ധനം സമ്മിറ്റ് ആൻഡ് അവാർഡ് നൈറ്റിൽ വിശിഷ്ടാതിഥിയായി സംബന്ധിക്കും. ദി എലഫന്റ് വിസ്പേഴ്സ്, പീരിഡ് എൻഡ് ഓഫ് സെന്റൻസ് എന്നീ ഡോക്യുമെന്ററികളിലൂടെ ഓസ്കർ പുരസ്കാരത്തിന് അർഹയായ ഗുനീത് മോംഗ മുംബൈ ആസ്ഥാനമായ പ്രൊഡക്ഷൻ ഹൗസ് സിഖ്യയുടെ സ്ഥാപകയാണ്. ദി ന്യൂ ഏജ് ഓഫ് എന്റർപ്രണർഷിപ് ക്രിയേറ്റിംഗ് ഇംപാക്ട് ബിയോണ്ട് പ്രോഫിറ്റ് എന്നതാണ് സമിറ്റിന്റെ പ്രധാന തീം. ഈ വിഷയത്തെ അധികരിച്ച് ശതകോടീശ്വര സംരംഭകനും കെഫ് ഹോൾഡിംഗ്സ് സ്ഥാപകനും ചെയർമാനും തുലാ വെൽനസ് ക്ലിനിക്കിന്റെ സ്ഥാപകനുമായ ഫൈസൽ കൊട്ടിക്കോളൻ പ്രഭാഷണം നടത്തും.

ഗ്രീൻ ഇക്കണോമി (ഹരിത സമ്പദ്വ്യവസ്ഥ) യിലെ ബിസിനസ് അവസരങ്ങളെക്കുറിച്ച് സാമൂഹിക നിരീക്ഷകനും ഇൻഫ്ളുവൻസറും യുഎന്നിലെ ഉന്നത ഉദ്യോഗസ്ഥനുമായ മുരളി തുമ്മാരുകുടിയുടെ പ്രഭാഷണമാണ് മറ്റൊരു ആകർഷണം.

ആയിരം കോടിയിലേറെ വിറ്റുവരവുള്ള കേരള കമ്പനികളുടെ സാരഥികൾ പങ്കെടുക്കുന്ന പാനൽ ചർച്ചയും സമ്മിറ്റിനോടനുബന്ധിച്ച് ഉണ്ടാകും.

സംസ്ഥാനത്ത് ആയിരം കോടിയിലും അതിനു മുകളിലും വിറ്റുവരവുള്ള കമ്പനികളെ അണിനിരത്തുന്ന ധനം പവർലിസ്റ്റ് ചടങ്ങിൽ വെച്ച് പുറത്തിറക്കും.


ജോയ് ആലുക്കാസ്



ജോസ് ഡൊമിനിക്


ധനേസ രാഘുലാൽ


രാഹുൽ ശശി


ഗുനീത് മോംഗ


ഫൈസൽ കൊട്ടിക്കോളൻ


മുരളി തുമ്മാരുകുടി

# ഇന്ത്യാവിരുദ്ധ പ്രവർത്തനങ്ങൾ സ്ഥിരീകരിച്ച് കാനഡ

ന്യൂഡൽഹി: ഖലിസ്ഥാൻ വിഘടനവാദികൾ ഇന്ത്യാവിരുദ്ധ പ്രവർത്തനങ്ങൾക്കായി കാനഡ കേന്ദ്രമാക്കുന്നുവെന്ന് കാനഡയിലെ ഉന്നത രഹസ്യാന്വേഷണ ഏജൻസിയായ കനേഡിയൻ സെക്യൂരിറ്റി ഇന്റലിജൻസ് സർവീസിന്റെ റിപ്പോർട്ട്. കാനഡയിലെ ഒരു ചെറിയവിഭാഗം ഖലിസ്ഥാൻ വിഘടനവാദികൾ ആഗോള സ്ഥിരതയ്ക്ക് പ്രത്യേകിച്ച് ഇന്ത്യക്ക് ഭീഷണിയായി തുടരുന്നുവെന്നും കാനഡയിലെ പാർലമെന്റിൽ സമർപ്പിച്ച വാർഷിക റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി.

ഖലിസ്ഥാൻ വിഘടനവാദം പ്രോത്സാഹിപ്പിക്കാനും അതിനുള്ള ഫണ്ടുകൾ സ്വരൂപിക്കാനും ഇന്ത്യക്കെതിരേയുള്ള ആക്രമണങ്ങൾക്ക് പദ്ധതിയിടാനും കനേഡിയൻ മണ്ണ് ഉപയോഗിക്കുകയാണെന്ന് ഇതോടെ കാനഡ സ്ഥിരീകരിക്കുകയാണ്.

ജി7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയും കൂടിക്കാഴ്ച നടത്തി മണിക്കൂറുകൾക്കു പിന്നാലെ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിൽ കനേഡിയൻ രാഷ്ട്രീയത്തെ സ്വാധീനിക്കാൻ ഇന്ത്യ വിദേശ ഇടപെടലുകളും ചാരവൃത്തിയും നടത്തിയിട്ടുണ്ടെന്നും കുറ്റപ്പെടുത്തിയിട്ടുണ്ട്. കാനഡയിലുള്ള നിഴൽ ഏജന്റുമാരെ (പ്രോക്സ് ഏജന്റ്) ഉപയോഗിച്ച് ഇന്ത്യൻ അധികൃതർ കനേഡിയൻ സമൂഹങ്ങളെയും രാഷ്ട്രീയക്കാരെയും സ്വാധീനിക്കുന്ന നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു.

ഈ പ്രവർത്തനങ്ങൾ വഞ്ചനാപരമോ രഹസ്യമോ ഭീഷണിപ്പെടുത്തുന്നതോ ആകുമ്പോഴാണ് അവ വിദേശ ഇടപെടലായി കണക്കാക്കപ്പെടുന്നതെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. കാനഡയിൽ വിദേശ ഇടപെടലുകൾ നടത്തുന്നതിന് ഇന്ത്യ, ചൈന, റഷ്യ, ഇറാൻ, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളെയാണ് റിപ്പോർട്ടിൽ കുറ്റപ്പെടുത്തിയിരിക്കുന്നത്.

# വലിയ വിമാനങ്ങളുടെ രാജ്യാന്തര സർവീസ് എയർ ഇന്ത്യ വെട്ടിച്ചുരുക്കുന്നു

ന്യൂഡൽഹി: വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള രാജ്യാന്തര സർവീസുകൾ എയർ ഇന്ത്യ 15 ശതമാനം വെട്ടിച്ചുരുക്കി. ജൂൺ 20 മുതൽ ജൂലൈ പകുതി വരെയാണ് സർവീസുകൾ കുറച്ചത്. പ്രവർത്തനങ്ങളിൽ സ്ഥിരത കൈവരിക്കുക, തടസങ്ങൾ പരമാവധി കുറയ്ക്കുക, കാര്യക്ഷമത ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് നടപടിയെന്നാണ് എയർ ഇന്ത്യയുടെ വിശദീകരണം. വ്യോമയാന മന്ത്രാലയവും ഗുജറാത്ത് സർക്കാരുമായിചേർന്ന് വിമാനാപകടത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങളെ പിന്തുണയ്ക്കാനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും എയർ ഇന്ത്യ അറിയിച്ചു. അപകടകാരണം കണ്ടെത്താനുള്ള ശ്രമം തുടരുകയാണ്. ഡിജിസിഎ എയർ ഇന്ത്യയുടെ ബോയിങ് 787-8, 787-9 വിമാനങ്ങളിൽ സുരക്ഷാപരിശോധന നടത്തി. 33 വിമാനങ്ങളിൽ 26 എണ്ണത്തിന്റെ പരിശോധന പൂർത്തിയായി. ഇവ സർവീസുകൾ നടത്താൻ തയ്യാറാണെന്നും എയർ ഇന്ത്യ അറിയിച്ചു. ശേഷിക്കുന്ന വിമാനങ്ങളിൽ വരുംദിവസങ്ങളിൽ പരിശോധന നടക്കും. 6 ദിവസങ്ങളിലായി 83 രാജ്യാന്തര സർവീസുകളാണ് റദ്ദാക്കിയതെന്നും എയർ ഇന്ത്യ അറിയിച്ചു.



# ഉപയോക്താക്കളുടെ 1600 കോടി പാസ്‌വേഡുകൾ ചോർന്നു

മുംബൈ: വിവിധ പ്ലാറ്റ്ഫോമുകളിലെ ഉപയോക്താക്കളുടെ 1600 കോടി പാസ്‌വേഡുകൾ ഓൺലൈനിൽ ചോർന്നതായി റിപ്പോർട്ട്. ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ഡേറ്റാ മോഷണമാണു നടന്നിരിക്കുന്നതെന്ന് സൈബർന്യൂസ്, ഫോർബ്സ് റിപ്പോർട്ടുകൾ. ഇ-മെയിൽ, ഗൂഗിൾ അക്കൗണ്ട് വിവരങ്ങൾക്കു പുറമേ ഫെയ്സ്ബുക്ക്, ടെലിഗ്രാം, ഇൻസ്റ്റഗ്രാം, ആപ്പിൾ തുടങ്ങിയവയിലെ അക്കൗണ്ടുകൾ, വിവിധ സർക്കാർ പോർട്ടലുകളിലെ ലോഗിൻ വിവരങ്ങൾ ഉൾപ്പെടെ ചോർന്നതായാണു സംശയം.

സൈബർ ന്യൂസ് ഗവേഷകർ നടത്തിയ അന്വേഷണത്തിലാണ് ഡേറ്റാ മോഷണം പുറത്തുവന്നത്. ദശലക്ഷക്കണക്കിന് ഉപയോക്താക്കളുടെ ലോഗിൻ വിവരങ്ങൾ ചോർന്നത് വലിയ സുരക്ഷാ ഭീഷണിയാണ് ഉയർത്തുന്നത്. ആഗോളതലത്തിൽ അക്കൗണ്ട് ഹാക്കിങ്ങിനും ഓൺലൈൻ തട്ടിപ്പുകൾക്കും ഇത് ഇടയാക്കുമെന്നാണു മുന്നറിയിപ്പ്.

പഴയ ഡേറ്റ ശേഖരം മാത്രമല്ല ഏറ്റവും പുതുതായി ക്രമീകരിച്ച വിവരങ്ങൾ പോലും മോഷ്ടിക്കപ്പെട്ടിട്ടുണ്ട്. ചോർന്ന വിവരങ്ങളിൽ ഭൂരിഭാഗവും പുതിയതും മികച്ച രീതിയിൽ ക്രമീകരിച്ചതുമാണ്. ഇൻഫോസ്റ്റീലേഴ്സ് എന്നറിയപ്പെടുന്ന മാൽവേർ ഉപയോഗിച്ചാണ് ഈ വിവരങ്ങൾ ഹാക്കർമാർ ശേഖരിച്ചത്. ആളുകളുടെ ഇലക്ട്രോണിക് ഡിവൈസുകളിൽ കടന്നുകയറി സ്വകാര്യവിവരങ്ങളും പാസ്‌വേഡ് ഉൾപ്പെടെയുള്ള ലോഗിൻ വിവരങ്ങളും ഹാക്കർമാർക്ക് മാൽവേർ കൈമാറുകയാണുണ്ടായതെന്ന് സാങ്കേതികവിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ചോർത്തിയെടുത്ത വിവരങ്ങൾ ഹാക്കർമാർ സ്വന്തമായി ഉപയോഗിക്കുകയോ ഡാർക്ക് വെബിൽ വിൽപ്പനയ്ക്കു വെക്കുകയോ ചെയ്തേക്കുമെന്നും മുന്നറിയിപ്പുണ്ട്.

ലോകമെമ്പാടും 550 കോടിപ്പേരാണ് ഇന്റർനെറ്റ് ഉപയോഗിക്കുന്നത്. 1600 കോടി പാസ്‌വേഡുകൾ ചോർന്നതിലൂടെ ആക്രമണത്തിന്റെ ഗൗരവം വ്യക്തമാണ്. കഴിഞ്ഞ മാസമാണു പാസ്‌വേഡ് ചോർച്ച സംബന്ധിച്ച സൂചന സൈബർ സുരക്ഷ വിദഗ്ധർക്കു ലഭിക്കുന്നത്. അന്നുകണ്ടെത്തിയ 18.4 കോടി റെക്കോർഡുകൾ അടങ്ങിയ ഡേറ്റാബേസിൽ ലക്ഷക്കണക്കിന് പൗരന്മാരുടെ ലോഗിൻ ഡേറ്റ മാത്രമല്ല. ലോകമെമ്പാടുമുള്ള നിരവധി ഗവൺമെന്റുകളുമായി ബന്ധപ്പെട്ട മോഷ്ടിച്ച അക്കൗണ്ട് വിവരങ്ങളും ഉണ്ടായിരുന്നു.

മോഷ്ടിച്ച അക്കൗണ്ടുകളിൽ 10,000 എണ്ണം പരിശോധിച്ചപ്പോൾ 220 ഇമെയിൽ വിലാസങ്ങൾ സർക്കാർ വെബ്സൈറ്റുകളുമായി ബന്ധമുള്ളതായി കണ്ടെത്തി. അവ അമേരിക്ക, ബ്രിട്ടൻ, ഓസ്ട്രേലിയ, കാനഡ, ചൈന, ഇന്ത്യ, ഇസ്രയേൽ, സൗദി അറേബ്യ എന്നിവയുൾപ്പെടെ 29-ലധികം രാജ്യങ്ങളുടെ ഔദ്യോഗിക വെബ്സൈറ്റുകളുമായി ബന്ധമുള്ളതാണ്.

ആകെ 47 ഗിഗാബൈറ്റ് ഡേറ്റയാണ് കണ്ടെത്തിയിട്ടുള്ളത്. ഇന്റർനെറ്റിൽ അക്കൗണ്ടുകൾ ഉള്ളവർ എത്രയും വേഗം പാസ്‌വേഡുകൾ മാറ്റണമെന്നു സൈബർ സുരക്ഷാ വിദഗ്ധർ നിർദേശിച്ചു.

## തെരഞ്ഞെടുപ്പുഫണ്ട് ഭൂരിഭാഗവും ബിജെപിക്ക്

ന്യൂഡൽഹി: ലോക്സഭയിലേക്കും അതോടൊപ്പം നാല് സംസ്ഥാന നിയമസഭകളിലേക്കും കഴിഞ്ഞവർഷം നടന്ന തെരഞ്ഞെടുപ്പിനായി ഫണ്ട് ശേഖരിച്ചതിൽ ബിജെപി ബഹുദൂരം മുന്നിൽ.

ദേശീയപാർട്ടികൾക്ക് ആകെ ലഭിച്ച 6,930 കോടി രൂപയിൽ ഭൂരിഭാഗവും (6,268 കോടി) കിട്ടിയത് ബിജെപിക്കാണ്. ഫണ്ട് ചെലവഴിച്ചതിലും ബിജെപിയാണ് (1,493 കോടി) മുന്നിൽ.

ബിജെപി കഴിഞ്ഞാൽ തൊട്ടുപിന്നിലുള്ള കോൺഗ്രസിന് ലഭിച്ചത് 592.5 കോടിയാണ്. ചെലവിട്ടത് 620 കോടിയും. സിപിഎമ്മിന് 62.75 കോടി ലഭിക്കുകയും 16.53 കോടി ചെലവിടുകയും ചെയ്തു. എഎപിക്ക് 6.89 കോടി ലഭിച്ചു. 7.54 കോടി ചെലവഴിച്ചു. ബിഎസ്പിക്ക് ഒന്നും കിട്ടിയതായി പറയുന്നില്ലെങ്കിലും ചെലവിട്ടത് 66 കോടിയാണ്.

പാർട്ടികൾക്ക് പണമായും ചെക്കായും ഡിഡിയായും ലഭിച്ച തുകയും അത് ചെലവഴിച്ചതിന്റെ കണക്കും തെരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചതിനെ അടിസ്ഥാനമാക്കി അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് (എഡിആർ) സംഘടനയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

കണക്ക് നൽകിയ അഞ്ച് ദേശീയപ്പാർട്ടികൾക്ക് 93 ശതമാനം ഫണ്ടും (6,930 കോടി) ലഭിച്ചപ്പോൾ 27 പ്രാദേശിക പാർട്ടികൾക്ക് ഏഴ് ശതമാനം (515 കോടി) മാത്രമാണ് കിട്ടിയത്.

പ്രാദേശികപാർട്ടികളിൽ ഏറ്റവും കൂടുതൽ ഫണ്ട് ലഭിച്ചത് വൈഎസ്ആർ കോൺഗ്രസിനാണ്. 171 കോടി. 325 കോടി ചെലവിട്ടു. ടിഡിപിക്ക് 108 കോടി, ബിജെഡിക്ക് 60, ബിആർഎസിന് 47.5, തൃണമൂൽ കോൺഗ്രസിന് 33, ഡിഎംകെയ്ക്ക് 26.5, ജെഡിയു 19.5, എഐഎഡിഎംകെ 11, എസ്പി 10.4, ആർജെഡി 1.76 കോടി എന്നിങ്ങനെ ലഭിച്ചു.

ഡിഎംകെ 145.6 കോടി, ബിജെഡി 278, ബിആർഎസ് 103, തൃണമൂൽ കോൺഗ്രസ് 147.6, ടിഡിപി 34.25, എഐഎഡിഎംകെ 23.3, ജെഡിയു 22.8, എസ്പി 48.4, ആർജെഡി 3.23 കോടി എന്നിങ്ങനെ ചെലവഴിച്ചു.

## യോഗ ലോകത്തെ ഒന്നിപ്പിക്കുന്നു: പ്രധാനമന്ത്രി



വിശാഖപട്ടണം: അന്താരാഷ്ട്ര യോഗദിനം മാനവികതയ്ക്കുള്ള തുടക്കം കുറിക്കലാകട്ടെയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് അന്താരാഷ്ട്ര യോഗദിനാചരണത്തിനു നേതൃത്വം നല്കുകയായിരുന്നു പ്രധാനമന്ത്രി. ആന്തരിക സമാധാനം ആഗോള നയമായി മാറ്റണമെന്നും പ്രധാനമന്ത്രി പറഞ്ഞു. മൂന്നു ലക്ഷത്തിലധികം പേർക്കൊപ്പമാണ് പ്രധാനമന്ത്രി യോഗയിൽ പങ്കെടുത്തത്.

പതിനൊന്നു വർഷത്തിനുശേഷം ഇപ്പോൾ ലോകമെമ്പാടുമുള്ള കോടിക്കണക്കിനു ജനങ്ങളുടെ ജീവിതത്തിന്റെ ഭാഗമായി മാറി. ജൂൺ 21 അന്താരാഷ്ട്ര യോഗദിനമായി ആഘോഷിക്കാൻ ഇന്ത്യ നിർദേശിച്ചപ്പോൾ ചുരുങ്ങിയ സമയത്തിനുള്ളിൽ 175 രാജ്യങ്ങൾ അത് അംഗീകരിച്ചെന്നും മോദി പറഞ്ഞു.

നിർഭാഗ്യവശാൽ ഇന്നു ലോകം മുഴുവൻ ചില പിരിമുറുക്കങ്ങളിലൂടെയും അസ്വസ്ഥതകളിലൂടെയും കടന്നുപോകുന്നു. പല പ്രദേശങ്ങളിലും അസ്ഥിരത വർദ്ധിച്ചുവരുന്നു. അത്തരം സാഹചര്യത്തിൽ യോഗ നമുക്കു സമാധാനത്തിന്റെ ദിശ നല്കുന്നു. ഈ യോഗദിനം മാനവികതയുടെ തുടക്കം കുറിക്കട്ടെയെന്നും ആന്തരിക സമാധാനം ആഗോള നയമായി മാറട്ടെയെന്നും മോദി പറഞ്ഞു.

മികച്ച രീതിയിൽ വിശാഖപട്ടണത്ത് യോഗ സംഗമം സംഘടിപ്പിച്ച ആന്ധ്ര മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവിനെയും മന്ത്രി നര ലോകേഷിനെയും പ്രധാനമന്ത്രി അഭിനന്ദിച്ചു. പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് ഉദ്ധംപൂരിലെ മിലിറ്ററി സ്റ്റേഷനിൽ സൈനികർക്കൊപ്പം യോഗദിന പരിപാടിയിൽ പങ്കെടുത്തു. യോഗ സംഗമം പരിപാടിയുടെ ഭാഗമായി ഒരേസമയം രാജ്യത്തെ 120 ലക്ഷത്തിലധികം സ്ഥലങ്ങളിൽ യോഗ സംഘടിപ്പിച്ചു. ഡൽഹിയിൽ റെഡ്ഫോർട്ട്, കുത്തബ് മിനാർ, കർത്തവ്യപഥ് തുടങ്ങി നൂറിലേറെ സ്ഥലങ്ങളിൽ യോഗദിനത്തോടനുബന്ധിച്ച് പരിപാടികൾ നടന്നു.

## അതിജീവിതകളുടെ പേര് എഫ്ഐആറിൽ ഒഴിവാക്കണം

ചെന്നൈ: ലൈംഗികപീഡനം നേരിട്ടവരുടെ പേരുകൾ എഫ്ഐആറിൽ കർശനമായി ഒഴിവാക്കണമെന്ന് മദ്രാസ് ഹൈക്കോടതി. ഇവരുടെ പേരും വ്യക്തിവിവരങ്ങളും ഒരിക്കലും വെളിപ്പെടുത്തരുതെന്നും ഇക്കാര്യത്തിൽ രഹസ്യസ്വഭാവം നിർബന്ധമാക്കണമെന്നും കീഴുദ്യോഗസ്ഥർക്ക് നിർദേശം നല്കാനും തമിഴ്നാട് ഡിജിപിയോടും ചെന്നൈ സിറ്റി പോലീസ് കമ്മീഷണറോടും ആവശ്യപ്പെട്ടു. ഉത്തരവ് ലംഘിക്കുന്നതായി കണ്ടാൽ കോടതി സ്വമേധയാ കോടതിയലക്ഷ്യത്തിന് നടപടിയെടുക്കുമെന്നും മുന്നറിയിപ്പു നല്കി.

പീഡിപ്പിക്കപ്പെട്ട പെൺകുട്ടിയുടെ പേര് ചെന്നൈയിലെ കിൽപ്പോക്ക് പോലീസ് എഫ്ഐആറിൽ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ സമർപ്പിച്ച ഹർജിയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. എഫ്ഐആറിൽ നിന്ന് പെൺകുട്ടിയുടെ പേര് ഉടൻ നീക്കം ചെയ്യാൻ കിൽപോക്ക് പോലീസ് ഇൻസ്പെക്ടറോട് നിർദേശിച്ചു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗിക കുറ്റകൃത്യങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെയും സംവേദനക്ഷമതയോടെയും കൈകാര്യം ചെയ്യണം. പീഡിപ്പിക്കപ്പെട്ടവരെപ്പറ്റി ഒരു വിവരവും പുറത്തുവരരുത്. ഇതിൽ വീഴ്ചയുണ്ടായാൽ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും പോലീസ് വകുപ്പിനാണ്. കോടതി സ്വമേധയാ കേസെടുത്ത് കോടതിയലക്ഷ്യത്തിനു നടപടിയെടുക്കും. ബാലാത്സംഗത്തിനും മറ്റു ലൈംഗിക പീഡനങ്ങൾക്കും ഇരയായവരുടെ വ്യക്തിത്വം വെളിപ്പെടുത്തരുതെന്ന് സുപ്രീംകോടതി പ്രത്യേകം നിർദേശിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർ പലപ്പോഴും ഇതു പാലിക്കുന്നില്ലെന്നും കോടതി കുറ്റപ്പെടുത്തി.

## മീനു വിജയന് എഎസ്‌സിഒ പുരസ്കാരം



കൊച്ചി: അമേരിക്കൻ സൊസൈറ്റി ഓഫ് ക്ലിനിക്കൽ ഓങ്കോളജിയുടെ (എഎസ്സിഒ) രണ്ട് പുരസ്കാരങ്ങൾ കൊച്ചി അമൃത സ്കൂൾ ഓഫ് ഫാർമസിയിലെ അസി. പ്രഫ. മീനു വിജയന്. സൊസൈറ്റിയുടെ മെറിറ്റ് അവാർഡും പെയിൻ ആൻഡ് സിംപ്റ്റം മാനേജ്മെന്റിന്റെ സ്പെഷൽ അവാർഡുമാണ് മീനുവിന് ലഭിച്ചത്.

കാൻസർ ചികിത്സാ രംഗത്തെ മികവിനും ആധുനികവത്കരണത്തിനും കരുത്താകുന്ന ഗവേഷണങ്ങളാണ് പുരസ്കാരത്തിന് അർഹമാക്കിയത്. വിവിധ രാജ്യങ്ങളിലെ ഗവേഷകരുടെ 7500-ലേറെ പ്രബന്ധങ്ങളിൽ നിന്നാണ് പുരസ്കാര നിർണയം നടത്തിയത്.

## ദയാമരണം: ബില്ലിന് ബ്രിട്ടീഷ് ജനസഭയുടെ അംഗീകാരം

ലണ്ടൻ: ഗുരുതര രോഗംമൂലം ആറ് മാസത്തിനകം മരണം ഉറപ്പായവർക്കു ദയാമരണത്തിന് നിയമസാധുത നല്കുന്ന ബില്ലിന് ബ്രിട്ടീഷ് ജനസഭ അംഗീകാരം നല്കി. 291-നെതിരെ 314 വോട്ടിനാണ് ബിൽ പാസായത്. ഇംഗ്ലണ്ടിലെയും വെയിൽസിലെയും 18 വയസ് പൂർത്തിയായ രോഗികൾക്ക് വൈദ്യസഹായത്തോടെ മരണം വരിക്കാനുള്ള ടെർമിനലി ഇൽ അഡൽറ്റ്സ് (എൻഡ് ഓഫ് ലൈഫ്) ബിൽ ഇനി പാർലമെന്റിന്റെ ഉപരിസഭയായ പ്രഭുസഭ പരിഗണിക്കും. അവിടെ നടപടിക്രമങ്ങൾ മാസങ്ങൾ നീളാമെങ്കിലും ബിൽ തള്ളാൻ സാധ്യതയില്ല.

ലേബർ പാർട്ടി പ്രതിനിധി കിം ലെഡ്ബീറ്റർ കൊണ്ടുവന്ന ബില്ലിന്മേൽ അംഗങ്ങൾക്ക് മനസ്സാക്ഷി വോട്ടിന് പാർട്ടികൾ അനുമതി നല്കിയിരുന്നു. പ്രധാനമന്ത്രി കിയ സ്റ്റാർമർ ബില്ലിനെ അനുകൂലിച്ചു. ദയാമരണത്തിനു കോടതിയുടെ അനുമതി വേണമെന്നാണ് ബില്ലിൽ നിർദേശിച്ചിരുന്നതെങ്കിൽ മാനസികാരോഗ്യ വിദഗ്ധൻ, സാമൂഹിക പ്രവർത്തകൻ, നിയമജ്ഞൻ എന്നിവരടങ്ങിയ സമിതിയുടെ അനുമതി മതിയെന്നു ജനസഭ ഭേദഗതി വരുത്തി. ദയാമരണത്തിനായി 2015-ൽ ബിൽ കൊണ്ടുവന്നപ്പോൾ ആദ്യഘട്ട അംഗീകാരം പോലും നേടാതെ തള്ളിപ്പോയിരുന്നു.

# SEEKING BRIDEGROOM

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented.
If interested, please email:
**medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

# SEEKING BRIDE

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email :- **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com.**

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## SEEKING BRIDEGROOM CONTD.....


# നിര്യാതരായി

## ടി.ടി. തോംസൺ

**കരിങ്കുന്നം:** ഉറുമ്പിൽ ടി.ടി. തോംസൺ (കുഞ്ഞുമോൻ-74) അന്തരിച്ചു. ഭാര്യ കായംകുളം തണ്ടാശേരിൽ ജെസമ്മ. മക്കൾ: ഗാരി (കാനഡ), ജെറി (യുഎസ്), പരേതനായ ഡീഗോ. മരുമക്കൾ: രാജാക്കാട് ഈഴകുന്നേൽ ഡില്ല, ചുങ്കം കുന്നംകുഴക്കൽ സിയോണ, വൈക്കം ചെമ്മഴിക്കാട്ട് ടെസ്നി.

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് മുതിർന്ന ശുശ്രൂഷകൻ കിഴക്കൻ മുത്തൂർ തോപ്പിൽ ജയ്ഭവനിൽ പാസ്റ്റർ ജെസ്‌വിൻ തോമസ് (ജോയി-79) അന്തരിച്ചു.

## സി.സി. ജേക്കബ്



**ഉഴവൂർ:** ഒഎൽഎൽ ഹൈസ്കൂൾ റിട്ട. ക്ലാർക്ക് ചീക്കപ്പാറയിൽ സി.സി. ജേക്കബ് (ജിമ്മി-87) അന്തരിച്ചു. ഭാര്യ ഉഴവൂർ നിരപ്പുതൊട്ടിയിൽ അന്നമ്മ. മക്കൾ: ജയ ജേക്കബ് (റിട്ട. എച്ച്.എം കാണക്കാരി), ജെയിംസ് ജേക്കബ്, ജയിൻ മില്ലിൽ, ജസ്റ്റിൻ ജേക്കബ് (മൂവരും യുഎസ്). മരുമക്കൾ: ഏബ്രഹാം സക്കറിയ പെരുമ്പള്ളിപ്പറമ്പിൽ (റിട്ട. ബിഎസ്എൻഎൽ), മെറീന ജേക്കബ് നന്ദികാട്ട്, ജോസഫ് മില്ലിൽ, ഷാമോൾ ജസ്റ്റിൻ ഇഞ്ചേനാട്ട് (മൂവരും യുഎസ്).

**കുമാരനല്ലൂർ:** മില്ലേനിയം റോഡ് തെക്കേടത്തുപറമ്പിൽ റിട്ട. കെഎസ്ഇബി സീനിയർ സൂപ്രണ്ട് ടി.എം. വേണു (77) അന്തരിച്ചു.

**കൊച്ചി:** എവിടി റിട്ട. പ്രസിഡണ്ടും സിഇഒയുമായ കോന്തുരുത്തി മുല്ലമംഗലം തോമസ് ജേക്കബിന്റെ ഭാര്യ ചോയ്സ് സ്കൂൾ റിട്ട. അധ്യാപിക ഷിറാനി തോമസ് (73) അന്തരിച്ചു.

## രാജമ്മ ജോയിസ് ജോണി

**തിരുവനന്തപുരം:** കേശവദാസപുരം സാഫല്യ നഗറിൽ നെടുംകണ്ടത്തിൽ രാജമ്മ ജോയിസ് ജോണി (72) അന്തരിച്ചു. കീഴ്‌വായ്പൂർ കുളത്തുങ്കൽ കുടുംബാംഗമാണ്. ഭർത്താവ് ജോയിസ് ജോൺ (സൗത്ത് ആഫ്രിക്ക). മക്കൾ: ജിജോ ജോയ്സ് ജോണി (സൗത്ത് ആഫ്രിക്ക), ഡോ. മെർലിൻ ഏബ്രഹാം (യുഎസ്). മരുമക്കൾ: ഫെബി, ജോണി.

## ടി.എം. ജോസഫ്

**കൂത്താട്ടുകുളം:** കോഴിപ്പിള്ളി ടി.എം. ജോസഫ് (ജോയി-70) അന്തരിച്ചു. ഭാര്യ കടക്കനാട് പുതുശ്ശേരിയിൽ ലില്ലി ജോസഫ്.മക്കൾ: ധന്യ, എൽദോസ് (ഇരുവരും യുഎസ്), ജയ്സൺ. മരുമക്കൾ: അഖിൽ ജേക്കബ് ആലുങ്കൽതൊട്ടിയിൽ ചോരക്കുഴി കൂത്താട്ടുകുളം, സാനിയോ എൽദോസ് കളപ്പുരക്കൽ മാറിക (ഇരുവരും യുഎസ്).

## ശോശാമ്മ ജോർജ്

**മല്ലപ്പള്ളി-ആനിക്കാട്:** കിഴക്കേക്കര പരേതനായ കെ.എസ്. ജോർജിന്റെ ഭാര്യ ശോശാമ്മ ജോർജ് (92) അന്തരിച്ചു. മക്കൾ: ഷേർലി, കൊച്ചുമോൾ (യുഎസ്), ഷൈനി. മരുമക്കൾ: അനി, അജി (യുഎസ്), സജി.


## വർഗീസ് ചാക്കോ

**കോട്ടയം:** ബസേലിയോസ് കോളജ് റിട്ട. ലാബ് അസി. കൊണ്ടോട്ടുപറമ്പിൽ വർഗീസ് ചാക്കോ (തങ്കച്ചൻ-72) അന്തരിച്ചു. ഭാര്യ അമയന്നൂർ പുളിക്കൽ മറിയാമ്മ വർഗീസ്. മക്കൾ: അനു (യുഎസ്), അഞ്ജു (കാനഡ), അരുൺ (മിലിറ്ററി പോലീസ് ബെംഗ്ളൂർ). മരുമക്കൾ: ബിജോഷ് (യുഎസ്), ജോബി (മാൾട്ട), സ്റ്റെഫി (ബെംഗ്ളൂരു).

**കൊച്ചി:** കുമ്പനാട് കോയിപ്പുറം കണിക്കുളം പരേതനായ ജേക്കബ് കെ. മാത്യുവിന്റെ ഭാര്യ സോമ ജേക്കബ് (86) അന്തരിച്ചു.

**ശാന്തിപുരം:** ഇപിഎഫ് റിട്ട. അക്കൗണ്ട്സ് ഓഫീസർ പ്ലാക്കൽ പി.എം. രാജപ്പൻ (82) അന്തരിച്ചു.

## പാസ്റ്റർ കെ.ജെ. മാത്യു അന്തരിച്ചു



**ടെന്നസി:** വടക്കെ അമേരിക്കയിലെ ചർച്ച് ഓഫ് ഗോഡ് സഭകളുടെ സീനിയർ ശുശ്രൂഷകരിൽ ഒരാളായിരുന്ന പാസ്റ്റർ കെ.ജെ. മാത്യു (83) അന്തരിച്ചു. ഭാര്യ കുഞ്ഞുമോൾ മാത്യു. മക്കൾ: ജോസ്, ജോയി, ജയ. 1986-ൽ ടെന്നസിയിൽ ടൈനർ ചർച്ച് ഓഫ് ഗോഡ് എന്ന സഭയ്ക്ക് ആരംഭം കുറിച്ചു. വടക്കെ അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് സമ്മേളനമായ പിസിഎൻഎകെ കൺവീനറായി രണ്ടുതവണയും എൻഎസിഒജി കുടുംബ സംഗമത്തിന്റെ ദേശീയ അധ്യക്ഷനായി രണ്ടു തവണയും സ്തുത്യർഹ സേവനം ചെയ്തിരുന്നു. ചർച്ച് ഓഫ് ഗോഡ് സഭകളുടെ ചർച്ച് ഗ്രോത്ത് ഡയറക്ടർ പദവിയും വഹിച്ചിട്ടുണ്ട്.

## ഒ.എസ്. സോമൻ

**വാഴൂർ:** കെഎസ്ഇബി റിട്ട. സബ് എൻജിനീയർ തേക്കാനം ഉദിക്കുഴ ഒ.എസ്. സോമൻ (78) അന്തരിച്ചു. ഭാര്യ ഇ.ജി. രാജമ്മ (റിട്ട. ഹെഡ്മിസ്ട്രസ്). മക്കൾ: ബിനു വാഴൂർ, ബിന്ദു (യുഎസ്). മരുമക്കൾ: ഇ.വി. ജ്യോതി (അക്കൗണ്ടന്റ്, പുതുപ്പള്ളി പഞ്ചായത്ത്), പ്രവിന്ത് (യുഎസ്).

## ഏലിയാമ്മ തോമസ്

**പാണ്ടപ്പിള്ളി:** കളപ്പുരയിൽ ഏലിയാമ്മ തോമസ് (96) അന്തരിച്ചു. മാറിക താണിച്ചുവട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ തോമസ്. മക്കൾ: ഫാ. ജോസഫ് കളപ്പുര (ഫ്ളോറിഡ), ലീല, ബേബി, സൈനു. മരുമക്കൾ: പുതുവേലി ചെറുകുളത്ത് ഏലിയാമ്മ, പിറവം മണപ്പാട്ട് മത്തായി, കാക്കൂർ ചിറ്റുമ്മേൽ കുഞ്ഞുമോൾ, മാറാടി കാഞ്ഞിരക്കാട്ട് ജോയി.

## സരസു ജേക്കബ്

**തിരുവല്ല:** വെണ്ണിക്കുളം കച്ചുകുഴിയിൽ കളമാടത്തു സരസു ജേക്കബ് (83) അന്തരിച്ചു. മുളക്കുഴ വല്യത്ത് അയിരൂക്കുഴിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജേക്കബ് നൈനാൻ. മക്കൾ: പ്രീതി അലക്സാണ്ടർ, പ്രദീപ് ജേക്കബ്, ദിലീപ് ജേക്കബ് (ഇരുവരും യുഎസ്). മരുമക്കൾ: നെടുങ്ങാടപ്പള്ളി കയ്യാലാത്ത് എബി, തിരുവനന്തപുരം കോയിപ്പള്ളിൽ ലൈല, ചങ്ങനാശേരി സ്രാമ്പിക്കൽ ഡോ. ജിഷ.

## കെ.എൻ. ഗോമതിയമ്മ

**തിരുവനന്തപുരം:** ഭാഷാപണ്ഡിതനും ഗ്രന്ഥകാരനും ആയിരുന്ന പരേതനായ പന്മന രാമചന്ദ്രൻ നായരുടെ ഭാര്യ കെ.എൻ. ഗോമതിയമ്മ (91) അന്തരിച്ചു. മക്കൾ: കെ.ആർ ഹരീന്ദ്രകുമാർ, ഡോ. കെ.ആർ. ഉഷാകുമാരി, കെ.ആർ. മഹേന്ദ്രകുമാർ (യുഎസ്). മരുമക്കൾ: എ. രാജ്കുമാർ, കെ. ശ്രീലേഖ, വി.എസ്. ജയശ്രീ (യുഎസ്).

## ബി. രവീന്ദ്രനാഥ്

**കുമാരനല്ലൂർ:** സൗത്ത് ഇന്ത്യൻ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ കൃപ കാർത്തികയിൽ ബി. രവീന്ദ്രനാഥ് (70) അന്തരിച്ചു. ഭാര്യ തമ്പലക്കാട് കൊന്നയ്ക്കൽ പറമ്പിൽ ജി. ലത (റിട്ട. പ്രധാനാധ്യാപിക, പരിപ്പ്). മക്കൾ: അനന്തു, കൃഷ്ണ (യുഎസ്), മരുമക്കൾ: അരുൺ, ലക്ഷ്മിപ്രിയ.

**പുളിക്കൽകവല:** കാനം പുളിക്കൽകവല ചിരട്ടോലിപറമ്പിൽ സന്തോഷ് തോമസ് (43) അന്തരിച്ചു.

**അതിരമ്പുഴ:** വട്ടുകുളത്തിൽ പരേതനായ വർക്കിയുടെ ഭാര്യ ത്രേസ്യാമ്മ (68) അന്തരിച്ചു.

**വാകത്താനം:** കണ്ണഞ്ചിറ പാറപ്പാട്ട് പി.കെ. ഉലഹന്നാൻ (അച്ചൻകുഞ്ഞ്-77) അന്തരിച്ചു.

**പരപ്പ്:** തൊട്ടിയിൽ ജോസ് സെബാസ്റ്റ്യൻ (67) അന്തരിച്ചു.

## കെ.എം. മാത്യു പൂഴിക്കുന്നേൽ



**അടിച്ചിറ:** പൂഴിക്കുന്നേൽ കെ.എം. മാത്യു (കുഞ്ഞുമോൻ-70) അന്തരിച്ചു. ഭാര്യ മോളി (മോളമ്മ) കൈപ്പുഴ അറയ്ക്കൽ കുടുംബാംഗമാണ്. മക്കൾ: മോൻസൺ (ഓസ്ട്രേലിയ), മെൽബിൻ (താമ്പാ), മെൽറ്റോ (അയർലൻഡ്). മരുമക്കൾ: ആൻ ചാലുങ്കൽ (ഓസ്ട്രേലിയ), ജോസി കട്ടിണശ്ശേരിയിൽ (താമ്പാ), സൂര്യമോൾ ഒറവക്കുഴിയിൽ (അയർലൻഡ്).

**ചെങ്ങളം:** നെടുംചിറ കൊമർത്തുംപറമ്പിൽ റിട്ട. ഹവിൽദാർ കെ.എ. കുര്യാക്കോസിന്റെ ഭാര്യ ലാലു കുര്യാക്കോസ് (64) അന്തരിച്ചു.

## കെ.ഒ. തോമസ്

**മുണ്ടക്കയം:** വരിക്കാനി കളത്തിമറ്റം കെ.ഒ. തോമസ് (93) അന്തരിച്ചു. ഭാര്യ ചെറുവള്ളി വലിയവീട്ടിൽ അന്നമ്മ തോമസ്. മക്കൾ: സാബു (മസ്കറ്റ്), ബീന, ബിനു (യുഎസ്), മഞ്ജു. മരുമക്കൾ: ആലീസ്, ചാക്കോച്ചൻ ആലഞ്ചേരി (പൊടിമറ്റം), സൈമൺ ഏബ്രഹാം തേപ്പ്കല്ലുങ്കൽ (യുഎസ്), ജോയി ജോസഫ് പറപ്പള്ളിൽ (കുറവിലങ്ങാട്).

**പെരുവ:** ചെമ്മനം കളപ്പുരക്കൽ എത്സി ജോസ് (62) അന്തരിച്ചു.

**അയിരൂർ:** പകലോമറ്റം താഴമൺ മണ്ണിൽ ടി.സി. ചാണ്ടിക്കുഞ്ഞ് (74) അന്തരിച്ചു.

**കൊല്ലം:** പ്രശസ്ത സംഗീതജ്ഞൻ വള്ളിക്കീഴ് സൗപർണികയിൽ കൊല്ലം പി.ജി. ഗോപിനാഥൻ നായർ (92) അന്തരിച്ചു.

## മേരിക്കുട്ടി ആന്റണി

**തിരുവനന്തപുരം:** ശ്രീകാര്യം എൻജിനീയറിങ് കോളജിനു സമീപം തുണ്ടിയിൽ മേരിക്കുട്ടി ആന്റണി (90) അന്തരിച്ചു. പായിപ്പാട് വെട്ടിയാട് വലിയവീട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ടി.കെ. ആന്റണി തുണ്ടിയിൽ. മക്കൾ: ജേക്കബ് ആന്റണി, ടോം ആന്റണി (ഇരുവരും യുഎസ്), അലക്സ് ആന്റണി. മരുമക്കൾ: വിൽമ ജേക്കബ്, ലാലു അലക്സ്, സോളി ടോം.

**കൊച്ചി:** കാനറ ബാങ്ക് റിട്ട. മാനേജർ രവിപുരം ചേലൂർ പുഷ്പക് അപ്പാർട്ടുമെന്റിൽ തിരുവല്ല മതിൽഭാഗം മണിമംഗലത്ത് ബി. രാധാകൃഷ്ണൻ (74) അന്തരിച്ചു.

## മറിയാമ്മ മാമ്മൻ

**തലവടി:** കേളപ്പറമ്പ് മാലിയിൽ മറിയാമ്മ മാമ്മൻ (അമ്മിണി-86) അന്തരിച്ചു. തലവടി തോട്ടടിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.ടി. മാമ്മൻ. മക്കൾ: തോമസ് മാമ്മൻ (സൗദി), ഡോ. എബി മാമ്മൻ (യുഎസ്), വിനു മാമ്മൻ (ബെംഗ്ളൂരു). മരുമക്കൾ: മേപ്രാൽ പുരയ്ക്കൽ സൂസൻ ജൂണോ തോമസ്, മല്ലപ്പള്ളി കാദേശ് മന്ദിരം സുനു ഏബ്രഹാം, ചെറുകര ജൂഡിത് വിനു മാമ്മൻ.

## ടി.എം. തോമസ്

**മുക്കൂട്ടുതറ:** കോട്ടയം ജില്ലാ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ പനയ്ക്കേവേൽ തെക്കേമുറി ടി.എം. തോമസ് (തൊമ്മി-77) അന്തരിച്ചു. ഭാര്യ മുക്കൂട്ടുതറ നരിമറ്റത്തിൽ തങ്കമ്മ. മക്കൾ: ജിജി (യുഎസ്), ജിന (ഡൽഹി), ജീസ (എറണാകുളം). മരുമക്കൾ: ലീന പുതുപ്പറമ്പിൽ കൊരട്ടി (യുഎസ്), ജയൻ ജോസഫ് പനച്ചിക്കൽ വായ്പൂര്, ഷിബു കളപ്പുരയ്ക്കൽ കുഴിത്തൊളു.

## എം.സി. ജോസഫ്

**ചേർപ്പുങ്കൽ:** മുഴയിൽ എം.സി. ജോസഫ് (ഔസേപ്പുകുട്ടി-96) അന്തരിച്ചു. ഭാര്യ ഏറ്റുമാനൂർ ചെറുവള്ളിയിൽ പരേതയായ അന്നമ്മ. മക്കൾ: എം.ജെ. ജേക്കബ്, മാനുവൽ (യുഎസ്), അമ്മിണി, കുഞ്ഞുമോൾ (യുകെ), പരേതയായ ജോളി, മിനി (യുകെ), സോജൻ (മുഴയിൽ ഹാർഡ്‌വെയേഴ്സ്). മരുമക്കൾ: പുഷ്പം, തമ്പി കടമുറിയിൽ, ലിസി തയ്യിൽ (കൂടല്ലൂർ), ഷാജി വേലിയാത്ത് (കുമരകം), ജെയിംസ് കൂവക്കട (വാകത്താനം), സാബു പന്തലാടത്തിൽ (മള്ളൂശേരി), സിജി മുട്ടത്ത് (മള്ളൂശേരി).

**ഹരിപ്പാട്:** ആലപ്പുഴ ജില്ലാ കബഡി അസോസിയേഷൻ ടെക്നിക്കൽ കമ്മിറ്റി പ്രസിഡണ്ടും പിആൻഡ്ടി മുൻ ഇന്ത്യൻ കബഡിതാരവും പരിശീലകനുമായിരുന്ന കരുവാറ്റ വടക്ക് പുതിയാപറമ്പിൽ പി.ബി. ഷാജി (63) അന്തരിച്ചു.

**ഏനാത്ത്:** കിഴക്കേപുറം പ്ലാംതുണ്ടിൽ പുത്തൻവീട്ടിൽ പി.ഡി. തോമസ് (83) അന്തരിച്ചു.

**വാഴക്കുളം:** മടക്കത്താനം തന്നിട്ടാമാക്കൽ സെലിൻ (79) അന്തരിച്ചു.

## കെ.എം. ചാക്കോ

**പിറവം:** വിമുക്തഭടൻ കിഴക്കേൽ കെ.എം. ചാക്കോ (81) അന്തരിച്ചു. ഭാര്യ എൻ.ആർ. സിറ്റി ഇഞ്ചേനാട്ടിൽ അച്ചാമ്മ. മക്കൾ: നിഷ (ഖത്തർ), പ്രിൻസ് (യുഎസ്), ജിൻസ്. മരുമക്കൾ: ബിജു സ്റ്റീഫൻ കണ്ടച്ചാംകുന്നേൽ അരീക്കര, ബബിത പാണാലിക്കൽ പിറവം, ബിജി മടത്താൻചേരിൽ മാറിക.

## ഫ്രാൻസിസ് ചാക്കോ

**കുമ്പൻപാറ:** കുമ്പപ്പിള്ളിൽ ഫ്രാൻസിസ് ചാക്കോ (85) അന്തരിച്ചു. ഭാര്യ കൊടുമ്പിടി ഓടയ്ക്കൽ തങ്കമ്മ. മക്കൾ: സിസ്റ്റർ ഇമ്മാനുവൽ (യുഎസ്), ജയ ഫ്രാൻസിസ്. മരുമകൻ: ആനന്ദ്.

## കെ.വി. ഉലഹന്നാൻ

**മൂവാറ്റുപുഴ:** മാറാടി മണ്ണത്തൂർ കവലയിൽ കൊള്ളിമുട്ടിൽ ടെക്സ്റ്റൈൽസ് ഉടമയും റിട്ട. വെറ്ററിനറി ഫീൽഡ് ഓഫീസറുമായിരുന്ന സൗത്ത് മാറാടി കൊള്ളിമുട്ടിൽ കെ.വി. ഉലഹന്നാൻ (ഓനച്ചൻ-81) അന്തരിച്ചു. ഭാര്യ മണ്ണത്തൂർ നാവോളിമറ്റം പടിഞ്ഞാറേക്കര ശാന്തകുമാരി (റിട്ട. ഹെഡ്മിസ്ട്രസ്). മക്കൾ: ഓജസ് ജോൺ (യുഎസ്), തേജസ് ജോൺ (പ്രസിഡണ്ട് മാറാടി സർവീസ് സഹകരണ ബാങ്ക്). മരുമക്കൾ: മിലി (യുഎസ്), നിമി (അസി. പ്രഫ. കൂത്താട്ടുകുളം മണിമലക്കുന്ന് ഗവ. നേഴ്സിങ് കോളജ്).

## ജോളി ജോസഫ്

**പുതുപ്പള്ളി:** എറികാട് വടശ്ശേരിൽ കണിയാംപറമ്പിൽ ജോളി ജോസഫ് (87) ചെന്നൈയിൽ അന്തരിച്ചു. കോട്ടയം ചക്കാലപ്പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് ജോസഫ് സക്കറിയ (റിട്ട. ജനറൽ മാനേജർ, മധുര കോട്സ് ഫെന്നർ ഇന്ത്യ). മക്കൾ: ഡോ. ബിനോയ് സക്കറിയ (ബോസ്റ്റൺ മെഡിക്കൽ സെന്റർ യുഎസ്), ബിജോയ് ജോർജ് (ജർമ്മനി), ബിബോയ് ജോൺ (മധുര). മരുമക്കൾ: ഡോ. നീന (യുഎസ്), ബീന (ബെംഗ്ളൂരു), റോഷ്നി (മധുര). കാലംചെയ്ത യൂഹാനോൻ മാർ അത്തനാസിയോസ് സഹോദരനാണ്.

**തൃക്കൊടിത്താനം:** ചക്രാത്തികുന്ന് പടിയറ പരേതനായ കെ.ജെ. ജോയിയുടെ (റിട്ട. പ്രധാനാധ്യാപകൻ) ഭാര്യ മേരിക്കുട്ടി ജോയി (81) അന്തരിച്ചു.

## തോമസ് ജോൺ അന്തരിച്ചു



**ന്യൂയോർക്ക്:** ഗൾഫിൽ ബിസിനസ് രംഗത്ത് പ്രവർത്തിച്ച ശേഷം ആൽബനിയിൽ മകനോടൊപ്പം താമസിച്ചിരുന്ന കുണ്ടറ കൊച്ചുവീട്ടിൽ പൊയ്കയിൽ തോമസ് ജോൺ (67) അന്തരിച്ചു. ഭാര്യ ജിജി തോമസ്. മകൻ: അജയ് ജോൺ. മരുമകൾ: അജിനി അജയ്. സംസ്കാരം പിന്നീട് കേരളത്തിൽ. വിവരങ്ങൾക്ക്: സജി ജോൺ 1+405 802 4531.

# Holiday Let

## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ shopping centres. Beautiful view of Kochi City. Location- Vennala near Holiday Inn Hotel.

**Contact NG Jerome**

**Mob: +91 9446211630**




## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**

**845 480 4721 or**

**email drmathai123@gmail.com**


## ചിക്കാഗോയിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ചിക്കാഗോയിലുള്ള കുടുംബത്തിന് നവജാത ശിശുവിനായി മലയാളം സംസാരിക്കുന്ന Baby Sitter-നെ ആവശ്യമുണ്ട്. അനുഭവമുള്ള, വിശ്വാസമർഹിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:**


**Rose Vadakara 708-662-0774**

### ഉപകാരസ്മരണ




*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ




*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*


### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

Visit Our Website: www.keralaexpress.com for Classified Advt.

# ജസ്റ്റിസ് വർമ്മ തെറ്റുകാരനെന്ന് അന്വേഷണ സമിതി

ന്യൂഡൽഹി: വീട്ടിൽനിന്നു കണക്കിൽപ്പെടാത്ത നോട്ടുകെട്ടുകൾ കണ്ടെത്തിയ സംഭവത്തിൽ ഡൽഹി ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമ്മ തെറ്റുകാരനെന്നു വ്യക്തമാക്കി അന്വേഷണ സമിതി റിപ്പോർട്ട്. നോട്ടുകൾ കണ്ടെത്തിയ സ്റ്റോർ റൂമിലേക്ക് ജസ്റ്റിസ് യശ്വന്ത് വർമ്മയ്ക്കും കുടുംബാംഗങ്ങൾക്കും മാത്രമാണ് പ്രവേശനമുണ്ടായിരുന്നത്. ആർക്കൊക്കെ പ്രവേശനാനുമതി നല്കണമെന്ന കാര്യത്തിൽ ജസ്റ്റിസും കുടുംബവുമായിരുന്നു തീരുമാനമെടുത്തിരുന്നത്. ജസ്റ്റിസിന്റെയോ അദ്ദേഹത്തിന്റെ കുടുംബത്തിന്റെയോ മൗനസമ്മതമില്ലാതെ നോട്ടുകെട്ടുകൾ സ്റ്റോർ റൂമിൽ സൂക്ഷിക്കാൻ സാധിക്കില്ലെന്നും സുപ്രീം കോടതിയുടെ ആഭ്യന്തര അന്വേഷണ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. ഇതെല്ലാം ജസ്റ്റിസ് വർമ്മയെ ഇംപീച്ച് ചെയ്യുന്നതിന് മതിയായ കാരണങ്ങളാണെന്നാണ് സമിതിയുടെ കണ്ടെത്തൽ. ആഭ്യന്തര അന്വേഷണ സമിതി സമർപ്പിച്ച 64 പേജുള്ള റിപ്പോർട്ട് ഓൺലൈൻ മാധ്യമത്തിലൂടെ പുറത്തുവന്നു. വിവരാവകാശ നിയമപ്രകാരം ഈ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നെങ്കിലും രഹസ്യാത്മകത കണക്കിലെടുത്ത് സുപ്രീംകോടതി വിസമ്മതിച്ചിരുന്നു.

പഞ്ചാബ്-ഹരിയാന ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഷീൽ നാഗു, ഹിമാചൽപ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് ജി.എസ്. സന്ധവാലിയ, കർണാടക ഹൈക്കോടതി ജഡ്ജിയും മലയാളിയുമായ അനു ശിവരാമൻ എന്നിവരടങ്ങുന്ന സമിതിയായിരുന്നു സുപ്രീംകോടതി നിർദേശപ്രകാരം ജസ്റ്റിസ് വർമ്മയ്ക്കെതിരായ ആരോപണത്തിൽ അന്വേഷണം നടത്തിയത്.



ജസ്റ്റിസ് യശ്വന്ത് വർമ്മ

മുൻ ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ നേതൃത്വത്തിലുള്ള കൊളീജിയമാണ് അന്വേഷണ സമിതി രൂപീകരിച്ചത്. 55 സാക്ഷികളെ അന്വേഷണ സംഘം ചോദ്യം ചെയ്തു. സ്റ്റോർ റൂമിൽനിന്നു കണ്ടെത്തിയ നോട്ടുകളുടെ ദൃശ്യങ്ങൾ സാങ്കേതിക പരിശോധനയ്ക്ക് അയയ്ക്കുകയും അതിന്റെ ആധികാരികത ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. ഗൂഢാലോചനയുടെ ഭാഗമായാണ് നോട്ടുകെട്ടുകൾ തന്റെ വീടിന്റെ പരിസരത്ത് എത്തിയതെന്ന ജസ്റ്റിസിന്റെ വാദം സമിതി നിഷേധിച്ചു. ഉയർന്ന സുരക്ഷാസംവിധാനമുള്ള ഒരു സിറ്റിങ് ജഡ്ജിയുടെ താമസസ്ഥലത്ത് ഇത്തരത്തിൽ നോട്ടുകെട്ടുകൾ നിക്ഷേപിക്കുക അസാദ്ധ്യമാണെന്നും ഇവിടേക്കുള്ള പ്രവേശനത്തിന്റെ പൂർണ്ണ നിയന്ത്രണം ജഡ്ജിക്ക് ഉണ്ടായിരുന്നുവെന്നും സമിതി കണ്ടെത്തി.

ഭരണഘടനാപദവി വഹിക്കുന്ന ജഡ്ജിയുടെ വിശ്വാസ്യത അദ്ദേഹം തന്നെ ഇല്ലാതാക്കിയെന്നും സമിതി റിപ്പോർട്ടിൽ പറയുന്നു. അടുത്തമാസം ആരംഭിക്കുന്ന പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിൽ ജസ്റ്റിസ് വർമ്മയെ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുമെന്ന് കേന്ദ്രസർക്കാർ നേരത്തെ വ്യക്തമാക്കിയിരുന്നു.

# ഇറാനിൽനിന്നുള്ള വിദ്യാർത്ഥികളുടെ ആദ്യസംഘമെത്തി

ന്യൂഡൽഹി: ഇസ്രയേൽ-ഇറാൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇറാനിൽനിന്ന് ഒഴിപ്പിച്ച 110 ഇന്ത്യൻ വിദ്യാർത്ഥികളുമായുള്ള ആദ്യവിമാനം ഡൽഹിയിലെത്തി. കേന്ദ്രസർക്കാരിന്റെ 'ഓപ്പറേഷൻ സിന്ധു' ദൗത്യത്തിന്റെ ഭാഗമായി ഇറാനിൽനിന്ന് അർമേനിയൻ തലസ്ഥാനമായ യെരാവനിലേക്കു മാറ്റിയ വിദ്യാർത്ഥികളാണ് ജൂൺ 19-ന് പുലർച്ചെ ഡൽഹി വിമാനത്താവളത്തിൽ ഇറങ്ങിയത്. വിദ്യാർത്ഥികളിൽ 90 പേരും ജമ്മുകശ്മീരിൽനിന്നുള്ള വരാണ്. സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയതായും സുരക്ഷിതരായി നാട്ടിൽ എത്തിച്ചതിന് നന്ദിയുണ്ടെന്നും വിദ്യാർത്ഥികൾ പറഞ്ഞു. ഇറാനിൽ നിരവധി ഇന്ത്യൻ വിദ്യാർത്ഥികൾ ഇനിയും കുടുങ്ങിക്കിടപ്പുണ്ട്. അവരെ തിരികെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സർക്കാർ എത്രയും വേഗം പൂർത്തിയാക്കണമെന്നും നാട്ടിലെത്തിയ വിദ്യാർത്ഥികൾ ആവശ്യപ്പെട്ടു. ഇസ്രയേൽ-ഇറാൻ സംഘർഷം രൂക്ഷമായതോടെ ഇറാനിലെ വ്യോമപാതകൾ അടച്ചിരുന്നു. ഈ സാഹചര്യത്തിൽ ഇറാനുമായി അതിർത്തി പങ്കിടുന്ന മറ്റു രാജ്യങ്ങളിലേക്ക് ഇന്ത്യൻ പൗരന്മാരെ എത്തിച്ച് അവിടെനിന്നാണ് ഡൽഹിയിലേക്കു കൊണ്ടുവരുന്നത്.

ടെഹ്റാനിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ടിട്ടുള്ള 12 മലയാളി വിദ്യാർത്ഥികളടങ്ങുന്ന മറ്റൊരു സംഘത്തെ വരുംദിവസങ്ങളിൽ നാട്ടിലെത്തിക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചു.

# മോഹൻലാലിനെ ആദരിച്ച് ശ്രീലങ്കൻ പാർലമെന്റ്

ന്യൂഡൽഹി: നടൻ മോഹൻലാലിനെ ആദരിച്ച് ശ്രീലങ്കൻ പാർലമെന്റ്. ഡെപ്യൂട്ടി സ്പീക്കർ ഡോ. റിസ്‌വി സാലിഹിന്റെ ക്ഷണപ്രകാരമാണ് മോഹൻലാൽ പാർലമെന്റിലെത്തിയത്. സമ്മേളനം നടക്കുന്നതിനിടെയായിരുന്നു ആദരം.

മമ്മൂട്ടിയും മുഖ്യവേഷത്തിലെത്തുന്ന മഹേഷ് നാരായണൻ സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന്റെ ഷൂട്ടിങ്ങിനായാണ് താരം ശ്രീലങ്കയിലെത്തിയത്. ഗാലറിയിലാണ് അദ്ദേഹം ഇരുന്നത്.

റിസ്‌വി സാലിഹ് മോഹൻലാലിനെ സഭാംഗങ്ങൾക്ക് പരിചയപ്പെടുത്തി. പേരുവിളിക്കുമ്പോൾ താരം ഗാലറിയിൽനിന്ന് എഴുന്നേൽക്കുന്ന വീഡിയോ പുറത്തുവന്നിട്ടുണ്ട്. ശ്രീലങ്കൻ പാർലമെന്റ് തനിക്കുതന്ന ആദരവിൽ മോഹൻലാൽ സാമൂഹികമാധ്യമത്തിൽ നന്ദിയറിയിച്ചു. പ്രധാനമന്ത്രി ഡോ. ഹരിണി അമരസൂര്യ, സ്പീക്കർ ഡോ. ജഗത് വിക്രമരത്ന, ഡെപ്യൂട്ടി സ്പീക്കർ ഡോ. റിസ്‌വി സാലിഹ് എന്നിവരെ മോഹൻലാൽ സന്ദർശിച്ചു.



ശ്രീലങ്കൻ പാർലമെന്റ് സെക്രട്ടറി ജനറൽ കുശാനി റൊഹനദീരയും കൂടിക്കാഴ്ചയിൽ ഇവർക്കൊപ്പമുണ്ടായിരുന്നു.

# വന്ദേഭാരതിലെ മോശം ഭക്ഷണം: ഈടാക്കിയത് ലക്ഷങ്ങളുടെ പിഴ

തിരുവനന്തപുരം: വന്ദേഭാരത് ട്രെയിനുകളിലെ ഭക്ഷണത്തെക്കുറിച്ച് കാര്യമായ പരാതികളൊന്നും ലഭിച്ചിട്ടില്ലെന്നു റെയിൽവേ വാദിക്കുന്നതിനിടെ, മംഗളൂരു-തിരുവനന്തപുരം വന്ദേഭാരതിൽ മാത്രം പിഴയിനത്തിൽ ഈ വർഷം ജനുവരി മുതൽ ഏപ്രിൽ വരെ ഈടാക്കിയത് ഏകദേശം 15 ലക്ഷം രൂപ. തിരുവനന്തപുരം-കാസർകകോട് വന്ദേഭാരതിൽ 2024 ജൂലൈ മുതൽ 2025 ഏപ്രിൽവരെ പിഴയിനത്തിൽ 6,77,500 രൂപയും ഈടാക്കി. റെയിൽ മദദ് ആപ്പിൽ മാത്രം 2024 ജൂലൈ മുതൽ 2025 ഏപ്രിൽ വരെ ദക്ഷിണ റെയിൽവേക്കു കീഴിലുള്ള ആറ് വന്ദേ ഭാരത് ട്രെയിനുകളിലെ മോശം ഭക്ഷണം സംബന്ധിച്ച് 319 പരാതികൾ ലഭിച്ചിട്ടുണ്ടെന്നു വിവരാവകാശ രേഖകൾ തെളിയിക്കുന്നു. പിഴയടച്ചശേഷവും തെറ്റ് ആവർത്തിച്ചാൽ കരാർ റദ്ദാക്കാനും കമ്പനിയെ വിലക്കുപട്ടികയിൽപെടുത്താനും വ്യവസ്ഥയുണ്ടെങ്കിലും കാര്യമായ നടപടികളുണ്ടായിട്ടില്ല.

കൊച്ചിയിലെ ബേസ് കിച്ചൻ പരിശോധിച്ച റെയിൽവേ ഉദ്യോഗസ്ഥസംഘവും ഗുരുതരമായ പിഴവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൃത്തിയുള്ള പാത്രങ്ങളിലല്ല ഭക്ഷണം പാചകം ചെയ്തിരുന്നത്.

ശുദ്ധജല ടാങ്ക് ശുചീകരിച്ചതിന് തെളിവില്ല. സാധനങ്ങൾ വാങ്ങിയതിന്റെ രേഖകളില്ല. വൃത്തിയില്ലാത്ത സാഹചര്യത്തിലെ പാചകം എന്നീ വീഴ്ചകൾ കണ്ടെത്തിയെന്നു റിപ്പോർട്ടിൽ പറയുന്നു. 24 ജീവനക്കാരിൽ എട്ട് പേർക്കു മാത്രമാണു മെഡിക്കൽ സർട്ടിഫിക്കറ്റുണ്ടായിരുന്നത്. പാചക കേന്ദ്രം കോർപറേഷൻ പൂട്ടിയശേഷം മേയ് 16-നാണ് ഏഴ് പേർ സർട്ടിഫിക്കറ്റ് നേടിയതെന്നും റിപ്പോർട്ടിലുണ്ട്.

വന്ദേഭാരതിനും മറ്റ് ട്രെയിനുകൾക്കുമുള്ള ഭക്ഷണം ഒരേ സ്ഥലത്ത് തയാറാക്കിയതു കരാർ നിബന്ധനകളുടെ ലംഘനമാണെന്നും റിപ്പോർട്ടിൽ പറയുന്നു.

കൊച്ചിയിലെ ബേസ് കിച്ചൻ കോർപറേഷൻ സീൽ വെച്ചതിനു തൊട്ടുപിന്നാലെ കേറ്ററിങ് കമ്പനി ഷൊർണൂരിൽ പുതിയ ബേസ് കിച്ചൻ തുടങ്ങിയിട്ടുണ്ട്.

# പണയസ്വർണത്തിന്റെ മൂല്യം വീണ്ടും കണക്കാക്കാൻ ബാങ്കിന് അധികാരമില്ല

ന്യൂഡൽഹി: സ്വർണം പണയപ്പെടുത്തി വായ്പ എടുത്തുകഴിഞ്ഞാൽ വീണ്ടും അതിന്റെ മൂല്യം പരിശോധിക്കാൻ ബാങ്കുകൾക്ക് അധികാരമില്ലെന്നു സുപ്രീം കോടതി വ്യക്തമാക്കി. സ്വർണം നഷ്ടപ്പെടുത്തിയെന്ന പരാതിയിൽ ബാങ്ക് ഉദ്യോഗസ്ഥർക്കെതിരെ രജിസ്റ്റർ ചെയ്ത എഫ്ഐആർ പുനഃസ്ഥാപിച്ചാണ് ജഡ്ജിമാരായ സഞ്ജയ് കരോൽ, മനോജ് മിശ്ര എന്നിവരുടെ ബെഞ്ചിന്റെ വിധി.

ബീഹാർ സ്വദേശി അഭിഷേക് സിങ്ങിന്റെ ഹർജിയിലാണു വിധി. ബീഹാറിലെ മോതിജീലിലെ ബാങ്ക് ഇന്ത്യ ശാഖയിൽ 254 ഗ്രാം സ്വർണം പണയപ്പെടുത്തി അഭിഷേക് 7.7 ലക്ഷം രൂപ 2020 ജൂലൈയിൽ വായ്പ എടുത്തിരുന്നു. പണം പലിശ ഉൾപ്പെടെ 2023 മാർച്ചിൽ തിരിച്ചടച്ചു.

എന്നാൽ, സ്വർണം തിരികെനൽകാൻ ബാങ്കിനു സാധിച്ചില്ല. കൃത്യസമയത്തു പണം തിരികെ അടയ്ക്കാതെ വന്നപ്പോൾ സ്വർണത്തിന്റെ മൂല്യം വീണ്ടും പരിശോധിച്ചെന്നും ഇതിൽ ആഭരണം വ്യാജമാണെന്നു കണ്ടെത്തിയെന്നും സ്വർണം പുതിയ ആഭരണങ്ങൾ വിറ്റെന്നുമായിരുന്നു ബാങ്കിന്റെ വിശദീകരണം. ഇതിനെതിരെ അഭിഷേക് നൽകിയ പരാതിയിൽ 2023 മേയ് 22-ന് എഫ്ഐആർ രജിസ്റ്റർ ചെയ്തിരുന്നു.

ഇതിനെതിരെ ബാങ്ക് പട്ന ഹൈക്കോടതിയിൽ ഹർജി നൽകുകയും അനുകൂലവിധി നേടുകയും ചെയ്തു. എഫ്ഐആർ റദ്ദാക്കി. ഇതു ചോദ്യംചെയ്താണു അഭിഷേക് സുപ്രീംകോടതിയിൽ അപ്പീൽ നൽകിയത്.

# അസ്ന വിവാഹിതയാകുന്നു



പാനൂർ: 24 വർഷം മുൻപ് രാഷ്ട്രീയ അക്രമത്തിനിടെ ബോംബേറിൽ കാൽ നഷ്ടമായ ചെറുവാഞ്ചേരി പൂവത്തൂർ തരശിപ്പറമ്പിത്ത് ഡോ. അസ്ന ജൂലൈ 5-ന് വിവാഹിതയാകുന്നു. ആലക്കോട് അരങ്ങം വാഴയിൽ വീട്ടിൽ വി.കെ. നാരായണന്റെയും ലീന നാരായണന്റെയും മകനും ഷാർജയിൽ എൻജിനീയറുമായ നിഖിലാണ് വരൻ.

തദ്ദേശ തെരഞ്ഞെടുപ്പിനിടെ 2000 സെപ്റ്റംബർ 27-ന് ബോംബേറിലാണ് 6 വയസുകാരി അസ്നയ്ക്ക് കാൽ നഷ്ടപ്പെട്ടത്. പോളിങ് സ്റ്റേഷനായിരുന്ന പൂവത്തൂർ എൽപി സ്കൂൾ ബൂത്തിനു സമീപം വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരിക്കുകയായിരുന്നു അസ്ന. അമ്മ ശാന്തയ്ക്കും അനിയൻ ആനന്ദിനും സാരമായ പരുക്കേറ്റിരുന്നു.

അസ്നയുടെ വലത്തുകാൽ മുട്ടിനു താഴെ മുറിച്ചു മാറ്റേണ്ടിവന്നു. എല്ലാ പ്രയാസങ്ങളും മറികടന്ന് പഠനത്തിൽ മികച്ച വിജയം നേടിയ അസ്ന 2013-ൽ കോഴിക്കോട് മെഡിക്കൽ കോളജിൽ എംബിബിഎസിനു ചേർന്നു ഡോക്ടറായി. ക്ലാസ് മുറിയിലേക്കു പടികയറാൻ ബുദ്ധിമുട്ടിയപ്പോൾ ഉമ്മൻ ചാണ്ടി സർക്കാർ ലിഫ്റ്റ് നിർമ്മിച്ചുനല്കി. ഇപ്പോൾ വടകരയിലെ സ്വകാര്യ ക്ലിനിക്കിൽ ഡോക്ടറായി ജോലി ചെയ്യുന്നു. അസ്ന ഡോക്ടറായത് ആഘോഷിച്ച നാട് വിവാഹവും ആഘോഷമാക്കാനുള്ള ഒരുക്കത്തിലാണ്.

# ഇസ്രയേൽ വ്യാപാര ബന്ധമുള്ള രാജ്യങ്ങളുടെ കപ്പലുകൾക്ക് ആക്രമണ ഭീഷണി മുന്നറിയിപ്പ്

കൊച്ചി: ഇസ്രയേലുമായി വ്യാപാര ബന്ധം പുലർത്തുന്ന രാജ്യങ്ങളുടെ ചരക്കുകപ്പലുകൾ അറബിക്കടലിലും ഇന്ത്യൻ മഹാസമുദ്രത്തിലും ആക്രമിക്കപ്പെടാൻ സാധ്യതയുണ്ടെന്നു മുന്നറിയിപ്പ്. യുഎസിന്റെ മുൻനിര നയരൂപീകരണ സ്ഥാപനമായ വാഷിങ്ടൺ ഇൻസ്റ്റിറ്റ്യൂട്ടിന്റെ യുദ്ധകാല ബുള്ളറ്റിനിലാണ് ഈ മുന്നറിയിപ്പുള്ളത്.

എന്നാൽ ഈമാസം 18-നു പുറത്തിറക്കിയ ഏറ്റവും പുതിയ റിപ്പോർട്ടിൽ അറബിക്കടലിൽ കേരള തീരത്തുണ്ടായ രണ്ടു ചരക്ക് കപ്പൽ അപകടങ്ങളെ പറ്റി പരാമർശിക്കുന്നില്ല.

അറബിക്കടലിൽ മുങ്ങിയ എംഎസ്‌സി എൽസ-3 കപ്പലിന്റെ ഉടമകളായ മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനിക്കും (എംഎസ്‌സി) അറബിക്കടലിൽ തീപിടിച്ചു നശിച്ച വാൻ ഹയി ലൈൻസിനും ഇറാനുമായും ഇസ്രയേലുമായും വ്യാപാരബന്ധമുണ്ട്. ഇറാനെതിരെ വ്യാപാര ഉപരോധം നിലനിന്നിരുന്ന കാലത്തുപോലും വാൻ ഹയി ലൈന് അവരുമായി ആഴത്തിലുള്ള ബന്ധമുണ്ടായിരുന്നു. ഉപരോധം നീക്കിയ ശേഷം ഇറാന്റെ എണ്ണ ഏറ്റവും അധികം കൈകാര്യം ചെയ്യുന്നതും വാൻഹയി ലൈൻസാണ്.

നിലവിലെ യുദ്ധ സാഹചര്യത്തിൽ യുഎസ് കമ്പനികളുടെ ചരക്കു കപ്പലുകൾ അറബിക്കടൽ മേഖലയിൽ സർവീസ് നടത്തരുതെന്നും വാഷിങ്ടൺ ഇൻസ്റ്റിറ്റ്യൂട്ട് മുന്നറിയിപ്പു നൽകുന്നു.

2023 നവംബറിനും 2024 ജനുവരിക്കും ഇടയിൽ അറബിക്കടലിലും ചെങ്കടലിലുമായി 30 ചരക്കുകപ്പലുകൾ ആക്രമിക്കപ്പെട്ടു. അതിനു ശേഷം ഇതുവരെ വാൻ ഹായി അടക്കം 12 ചരക്കു കപ്പലുകളിൽ അസ്വാഭാവികമായ തീപിടിത്തവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യുഎസ് കപ്പലുകളെ ആക്രമിച്ചതിന്റെ ഉത്തരവാദിത്തം മാത്രം യെമനിലെ ഹൂതി പോരാളികൾ ഏറ്റെടുത്തു.

2024 ജൂണിൽ എംഎസ്‌സിയുടെ സാറ-5 ചരക്കു കപ്പലിനു നേരെ മിസൈൽ ആക്രമണം നടന്നെങ്കിലും ആരും ഉത്തരവാദിത്തം ഏറ്റെടുത്തില്ല.

2023 ഡിസംബറിൽ ഇന്ത്യൻ സമുദ്രാതിർത്തിക്കുള്ളിൽ എംവികെ പ്ലൂട്ടോ ചരക്കുകപ്പലിനു നേരെ ഡ്രോൺ ആക്രമണമുണ്ടായതിനുശേഷം നാവിക സേനയുടെ സുരക്ഷാ പട്രോൾ അറബിക്കടലിൽ ശക്തമാക്കിയിരുന്നു.

ആക്രമണം നടക്കുമ്പോൾ 20 ഇന്ത്യൻ പൗരന്മാർ കപ്പലിൽ ജോലി ചെയ്തിരുന്നു.

ഈ സംഭവത്തിനുശേഷം വാഷിങ്ടൺ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ടുകൾ ഇന്ത്യയ്ക്കും ഔദ്യോഗികമായി കൈമാറാറുണ്ട്. ഇതിനുശേഷമാണു അറബിക്കടലിനു പുറമേ ചെങ്കടലിലെ തന്ത്രപ്രധാന സ്ഥാനങ്ങളിലും ഇന്ത്യൻ നാവിക സേനയുടെ സാന്നിധ്യം ശക്തമാക്കിയത്.

# തെരഞ്ഞെടുപ്പിന്റെ വീഡിയോ 45 ദിവസത്തിനുശേഷം നശിപ്പിക്കാൻ നിർദേശം

ന്യൂഡൽഹി: തെരഞ്ഞെടുപ്പു പ്രക്രിയയുടെ സിസിടിവി, വെബ്കാസ്റ്റിംഗ്, വീഡിയോ ദൃശ്യങ്ങളും ഫോട്ടോകളും ഫലപ്രഖ്യാപനം നടന്ന് 45 ദിവസത്തിനുശേഷം നശിപ്പിക്കാൻ സംസ്ഥാന തെരഞ്ഞെടുപ്പു ഓഫീസർമാർക്കു കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശം. ഇക്കാലയളവിൽ തെരഞ്ഞെടുപ്പുഫലം കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടില്ലെങ്കിലാണ് വിവരങ്ങൾ നശിപ്പിക്കാൻ കഴിയുക. തെരഞ്ഞെടുപ്പു ദൃശ്യങ്ങളുടെ ദുരുപയോഗം തടയുന്നതിനാണ് 45 ദിവസ കാലയളവിനുശേഷം വിവരങ്ങൾ നശിപ്പിക്കുന്നതെന്നാണ് കമ്മീഷന്റെ വിശദീകരണം. മേയ് 30-ന് സംസ്ഥാനങ്ങളിലെ ചീഫ് ഇലക്ടറൽ ഓഫീസർമാർക്ക് അയച്ച കത്തിലാണ് കേന്ദ്ര തെരഞ്ഞെടുപ്പുകമ്മീഷന്റെ നിർദേശമുള്ളത്. തെരഞ്ഞെടുപ്പുപ്രക്രിയുടെ വീഡിയോകളും ഫോട്ടോകളും നിയമപ്രകാരം നിർബന്ധമല്ലെന്നും പക്ഷേ ഇവ 'ആഭ്യന്തര കാര്യനിർവഹണത്തിനുള്ള ഉപകരണ'മാണെന്നും കത്തിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇത്തരം വിവരങ്ങൾ സ്ഥാനാർത്ഥികളല്ലാത്ത മറ്റുള്ളവർ സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കാൻ ദുരുപയോഗിക്കുന്നതിനാലാണ് 45 ദിവസത്തിനുശേഷം വിവരങ്ങൾ നശിപ്പിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടതെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കുന്നു.

# പഞ്ചസാര ഉപയോഗം നിയന്ത്രിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ്

കൊച്ചി: വിദ്യാർത്ഥികളിൽ ടൈപ്പ് 2 പ്രമേഹം വർദ്ധിക്കുന്നതിന്റെ പശ്ചാത്തലത്തിൽ പഞ്ചസാര ഉപയോഗത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പിടിമുറുക്കുന്നു. അമിതമായ പഞ്ചസാര ഉപയോഗം കുറയ്ക്കാൻ വിവിധ പരിപാടികൾ ആവിഷ്കരിച്ചു.

ഇതിനായി സ്കൂളുകളിൽ ഷുഗർ ബോർഡുകൾ സ്ഥാപിക്കും. കഴിക്കാവുന്ന പഞ്ചസാരയുടെ അളവ്, വിദ്യാർത്ഥികളിലെ രക്തത്തിന്റെ പഞ്ചസാരയുടെ അളവ് എത്രയാകാം, പഞ്ചസാരയടങ്ങിയ ഇതര ആരോഗ്യഭക്ഷണങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ഷുഗർ ബോർഡിലുണ്ട്.

കഴിഞ്ഞ മാർച്ചിൽ നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ് കമ്മീഷൻ ടൈപ്പ് 2 പ്രമേഹം വ്യാപിക്കുന്നതിൽ ആശങ്ക പ്രകടിപ്പിച്ച് സർക്കാരിന് കത്ത് നല്കിയിരുന്നു. ഇതുകൂടി പരിഗണിച്ചാണ് പഞ്ചസാര ഉപയോഗം കുറയ്ക്കാൻ തീരുമാനം. കുട്ടികൾ അമിതമായി പഞ്ചസാര ഉപയോഗിക്കുന്നതാണ് ടൈപ്പ് 2 പ്രമേഹം ഉണ്ടാകാൻ കാരണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സർക്കുലറിലൂടെ അറിയിക്കുന്നു.

സ്കൂൾ ഉച്ചഭക്ഷണത്തിലും പഞ്ചസാര കലർന്ന ഭക്ഷണത്തിന്റെ അളവ് കുറയും. സ്കൂൾ പരിസരങ്ങളിലെ മധുരപലഹാര ശീതളപാനീയ കടകളും കുട്ടികളെ ആകർഷിക്കുന്നുണ്ട്. ഇവയുടെ ഉപയോഗവും പ്രമേഹത്തിനു കാരണമാകുന്നുവെന്ന് വകുപ്പ് ചൂണ്ടിക്കാട്ടുന്നു.

അമിതവണ്ണം, ദന്തരോഗം, മറ്റ് ദഹനസംബന്ധിയായ അസുഖങ്ങൾ എല്ലാമാണ് അമിത പഞ്ചസാര ഉപയോഗംമൂലം വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ.

ഷുഗർ ബോർഡിൽ വിപണിയിൽ ലഭിക്കുന്ന ശീതള പാനീയങ്ങളിൽ അടങ്ങിയിരിക്കുന്ന പഞ്ചസാരയുടെ അളവ് ചിത്രങ്ങൾ സഹിതം കാണിക്കും.

# വാൽപ്പാറയിൽ പിഞ്ചുബാലികയെ പുലി കടിച്ചുകൊന്നു



വാൽപാറ: വീടിനു മുന്നിൽ കളിക്കുന്നതിനിടെ പുലി പിടിച്ച നാലര വയസ്സുകാരിയുടെ മൃതദേഹം സമീപത്തെ തേയിലത്തോട്ടത്തിൽ നിന്നു കണ്ടെത്തി. വാൽപാറ നഗരത്തോട് ചേർന്നുള്ള പച്ചമല എസ്റ്റേറ്റ് തെക്ക് ഡിവിഷനിലെ തൊഴിലാളി ഝാർഖണ്ഡ് സ്വദേശി മനോജ് കുന്ദയുടെ മകൾ റോഷ്നിയെയാണ് തൊട്ടടുത്ത തേയിലത്തോട്ടത്തിൽ നിന്നെത്തിയ പുലി ആക്രമിച്ചത്.

കുട്ടിയുടെ മാതാപിതാക്കൾ ഒരാഴ്ച മുമ്പാണ് ഝാർഖണ്ഡിൽ നിന്ന് ഇവിടെ ജോലിക്കെത്തിയത്. തമിഴ്നാട്ടിലെ വാൽപാറയ്ക്കു സമീപം വീട്ടിൽ അമ്മ പൈപ്പിൽനിന്ന് വെള്ളമെടുക്കവേ വീട്ടുമുറ്റത്ത് കളിക്കുകയായിരുന്ന കുട്ടിയെ തേയിലത്തോട്ടത്തിൽ നിന്നെത്തിയ പുലി കുട്ടിയുടെ മേൽ ചാടിവീണ് കടിച്ചുകൊണ്ടുപോകുകയായിരുന്നു. കുട്ടിയെ വലിച്ചിഴച്ചു കൊണ്ടുപോകുന്നത് മറ്റ് തൊഴിലാളികളാണ് കണ്ടത്. കുട്ടിയുടെ അമ്മ പുലിയുടെ പിന്നാലെ ഓടിയെങ്കിലും കണ്ടെത്താനായില്ല. വിവരം അറിയിച്ചതോടെ കൂടുതൽ പേരെത്തി വ്യാപക തെരച്ചിൽ നടത്തി. പോലീസും വനം വകുപ്പും നാട്ടുകാരും സംയുക്തമായാണ് തെരച്ചിൽ നടത്തിയത്. പ്രത്യേക പരിശീലനം ലഭിച്ച നായകളെയും തെരച്ചിലിന് ഉപയോഗിച്ചു.

# ഇംഗ്ലീഷ് ലജ്ജയല്ല, ശക്തീകരണം: രാഹുൽ

ന്യൂഡൽഹി: ഇന്ത്യയിൽ ഇംഗ്ലീഷ് സംസാരിക്കുന്നവർ ലജ്ജിക്കുന്ന കാലം ഉടനെത്തുമെന്ന ആഭ്യന്തരമന്ത്രി അമിത് ഷായുടെ പ്രസ്താവനയെ വിമർശിച്ച് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ഇംഗ്ലീഷ് എന്നതു ലജ്ജയല്ല, ശക്തീകരണമാണെന്നു ചൂണ്ടിക്കാട്ടിയാണ് ആഭ്യന്തരമന്ത്രിയുടെ വിദേശഭാഷാവിരുദ്ധ നിലപാടിനെ പ്രതിപക്ഷ നേതാവ് വിമർശിച്ചത്.

ഇംഗ്ലീഷ് എന്നതു ഡാമല്ല, പാലമാണെന്നും ചങ്ങലയല്ല, ചങ്ങലകൾ തകർക്കാനുള്ള ഉപകരണമാണെന്നും രാഹുൽ ഗാന്ധി എക്സിലൂടെ പ്രതികരിച്ചു.

ഡൽഹിയിൽ ഒരു പുസ്തകപ്രകാശന ചടങ്ങിനിടെയായിരുന്നു ഒരു വിദേശഭാഷയോടെയുള്ള ഇന്ത്യയെ സങ്കൽപ്പിക്കാൻ കഴിയില്ലെന്നും ഇംഗ്ലീഷില്ലാത്ത ഇന്ത്യ ദൂരെയല്ലെന്നും അമിത് ഷാ പറഞ്ഞത്. ആഭ്യന്തരമന്ത്രിയുടെ പ്രസ്താവനയ്ക്കെതിരെ ബിജെപിയെയും രാഹുൽ കടന്നാക്രമിച്ചു. ബിജെപിയും ആർഎസ്എസും ഇന്ത്യയിലെ പാവപ്പെട്ട കുട്ടികൾ ഇംഗ്ലീഷ് പഠിക്കുന്നതിന് എതിരാണെന്നും ഇതിനു കാരണം കുട്ടികൾ ചോദ്യങ്ങളുന്നയിക്കരുതെന്നും മുന്നോട്ടുനീങ്ങരുതെന്നും തുല്യരാകരുതെന്നുമാണ് അവരുടെ ആഗ്രഹമെന്നും രാഹുൽ കുറ്റപ്പെടുത്തി.

ഇന്നത്തെ ലോകത്തിൽ ഇംഗ്ലീഷ് എന്നതു മാതൃഭാഷ പോലെതന്നെ പ്രാധാന്യമുള്ളതാണ്. കാരണം, അതു തൊഴിൽ നൽകുകയും ആത്മവിശ്വാസം വർധിപ്പിക്കുകയും ചെയ്യും. ഇന്ത്യയിലെ എല്ലാ ഭാഷകൾക്കും ആത്മാവും സംസ്കാരവും അറിവുമുണ്ട്. നാം അവ പരിപോഷിപ്പിക്കണം. അതേസമയം എല്ലാ കുട്ടികളെയും ഇംഗ്ലീഷ് പഠിപ്പിക്കുകയും ചെയ്യണം - രാഹുൽ പറഞ്ഞു.

# ഗവർണറുടെ അധികാരവും കടമയും സ്കൂൾ പാഠ്യപദ്ധതിയിലാക്കും

തിരുവനന്തപുരം: രാജ്ഭവനിലെ ഭാരതാംബ ചിത്രവാദത്തിനു പിന്നാലെ ഗവർണറുടെ അധികാരവും കടമയും എന്തൊക്കെയെന്ന് പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പ്. പത്താം ക്ലാസ് സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിലാണ് വിഷയം ഉൾപ്പെടുത്തുകയെന്ന് വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചാണ് പാഠ്യപദ്ധതി പരിഷ്കരിച്ചതെന്നും അത് ജീവിതത്തിൽ പകർത്താൻ ആവശ്യമായ പിന്തുണ പൊതുവിദ്യാഭ്യാസ വകുപ്പ് നല്കുമെന്നും മന്ത്രി പറഞ്ഞു.

ഇന്ത്യയിൽ ഗവർണർമാരെ ഉപയോഗിച്ച്, തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ അസ്ഥിരപ്പെടുത്താനുള്ള ശ്രമങ്ങൾ വർധിച്ചുവരികയാണ്. ജനാധിപത്യത്തിന്റെ മൂല്യങ്ങൾ പഠിക്കേണ്ട യഥാർത്ഥ ഇടങ്ങൾ വിദ്യാലയങ്ങളാണ്. അതിനാലാണ് ഗവർണർമാരുടെ ഭരണഘടനാ അധികാരങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനായി പരിഷ്കരിക്കുന്ന പാഠപുസ്തകങ്ങളിൽ ഇതു പ്രത്യേകം ഉൾപ്പെടുത്തുന്നത്. ഈ വർഷം പത്താംക്ലാസ് സാമൂഹ്യശാസ്ത്രം രണ്ടാം വാല്യത്തിലും ഹയർ സെക്കൻഡറി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്ന വേളയിലും ഈ വിഷയം ഉൾപ്പെടുത്തുമെന്നും മന്ത്രി വി. ശിവൻകുട്ടി വ്യക്തമാക്കി.

# വയോധികർക്കുള്ള കേന്ദ്ര ഇൻഷുറൻസ് കേരളം നടപ്പാക്കിയില്ല

കോട്ടയം: കേന്ദ്രസർക്കാരിന്റെ വയോധികർക്കുള്ള ഇൻഷുറൻസ് പദ്ധതിയായ ആയുഷ്മാൻ ഭാരത് വയോവന്ദന (പിഎം-ജെഎവൈ) കേരളം നടപ്പാക്കിയില്ല. കേന്ദ്രവിഹിതം ലഭിക്കാത്തതും മാർഗനിർദേശങ്ങളുടെ അവ്യക്തതയുമാണ് കാരണമായി ആരോഗ്യവകുപ്പ് ചൂണ്ടിക്കാട്ടുന്നത്.

സംസ്ഥാനത്ത് പത്ത് ലക്ഷത്തിനു മുകളിൽ ആളുകൾ വയോ വന്ദന കാർഡ് എടുത്തെന്നാണ് കണക്ക്. അവർ കാരുണ്യ ആരോഗ്യ സുരക്ഷാ (കാസ്പ്) പോലുള്ള പദ്ധതിയിൽ നിന്നും പുറത്താകുന്ന സ്ഥിതിയും ഉണ്ട്. വയോവന്ദന കാർഡിന്റെ രജിസ്ട്രേഷൻ സമയത്തെ ചോദ്യാവലിയിൽ തന്നെ ഇക്കാര്യം പറയുന്നുണ്ട്. നിലവിൽ സൗജന്യ ചികിത്സ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് അത് കിട്ടാതെപോകും. മെച്ചപ്പെട്ടതെന്നു കരുതിയ പുതിയ പദ്ധതിയിൽ ഉൾപ്പെടുകയുമില്ല എന്ന സ്ഥിതിയാണ്.

2018 സെപ്റ്റംബറിലാണ് കേന്ദ്രസർക്കാർ ആയുഷ്മാൻ ഭാരത് വയോ വന്ദന ഇൻഷുറൻസ് പദ്ധതി ആരംഭിക്കുന്നത്. വരുമാനം നോക്കാതെ 70 വയസ് കഴിഞ്ഞവർക്ക് അഞ്ചു ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ലഭിക്കുന്നതാണ് പദ്ധതി. കേന്ദ്രസർക്കാർ 60 ശതമാനവും സംസ്ഥാന സർക്കാർ 40 ശതമാനവും പ്രീമിയം ഇതിനായി അടയ്ക്കണം.

# പഹൽഗാം ഭീകരാക്രമണം: തീവ്രവാദികൾക്ക് അഭയം നൽകിയ രണ്ടു പേർ അറസ്റ്റിൽ

ന്യൂഡൽഹി: പഹൽഗാമിൽ 26 പേരെ കൊന്നൊടുക്കിയ ഭീകരാക്രമണത്തിനു പിന്നിൽ പ്രവർത്തിച്ച മൂന്നു പേർക്ക് അഭയം നൽകി എന്നാരോപിച്ച് രണ്ടു പേരെ ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) അറസ്റ്റ് ചെയ്തു.

പഹൽഗാം സ്വദേശികളായ പർവേസ് അഹമ്മദ് ജോത്തർ, ബഷീർ അഹമ്മദ് ജോത്തർ എന്നിവരെയാണ് എൻഐഎ കസ്റ്റഡിയിലെടുത്തത്. ആക്രമണത്തിൽ ഉൾപ്പെട്ട മൂന്ന് തീവ്രവാദികൾ നിരോധിത ഭീകരസംഘടനയായ ലഷ്കർ-ഇ-തോയ്ബ (എൽഇടി) യുമായി ബന്ധമുള്ള പാകിസ്ഥാൻ പൗരന്മാരാണെന്ന് പിടിയിലായ രണ്ടു പേരെ ചോദ്യം ചെയ്തതിൽനിന്ന് സ്ഥിരീകരിച്ചതായും അന്വേഷണ ഏജൻസി അറിയിച്ചു.

ആക്രമണം നടത്തുമെന്ന് അറിഞ്ഞുകൊണ്ടുതന്നെ ആയുധധാരികളായ മൂന്നു പേർക്കും പർവേസും ബഷീറും ഹിൽ പാർക്കിലെ താത്കാലിക കുടിലിൽ അഭയം നൽകി. ആക്രമണത്തിനു മുമ്പ് അവർക്കാവശ്യമായ ഭക്ഷണവും മറ്റുചില സഹായങ്ങളും ഇവർ ചെയ്തുനൽകിയതായും എൻഐഎ കണ്ടെത്തി. നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിന്റെ 19-ാം വകുപ്പ് പ്രകാരമാണ് കുറ്റം ചുമത്തിയിരിക്കുന്നത്. നേപ്പാൾ പൗരനടക്കം 26 പേരെ കൊല്ലുകയും 16 പേർക്ക് പരുക്കേൽക്കുകയും ചെയ്ത ഭീകരാക്രമണം നടന്നത് ഏപ്രിൽ 22-നായിരുന്നു. ആക്രമണം നടന്ന രണ്ടുമാസം പിന്നിടുമ്പോഴും തീവ്രവാദികളെ പിടികൂടാൻ അന്വേഷണ സംഘത്തിനു സാധിച്ചിട്ടില്ല. എന്നാൽ, ഇതുമായി ബന്ധപ്പെട്ട് നിരവധി ആളുകളെ എൻഐഎ കസ്റ്റഡിയിലെടുക്കുകയും ചോദ്യം ചെയ്യുകയും ചെയ്യുന്നുണ്ട്.

## കുഞ്ഞാക്കയുടെ ബാപ്പൂട്ടി

(4-ാം പേജിൽനിന്നും)

പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന കാലത്ത് എല്ലാവർക്കും നാലാം ക്ലാസ് വിദ്യാഭ്യാസം ലഭിച്ച ആദ്യപഞ്ചായത്തായി നിലമ്പൂരിനെ മാറ്റിയ 'ജ്യോതിർഗമയാ' പദ്ധതിക്ക് ദേശീയ സാക്ഷരതാ പുരസ്കാരം ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡണ്ടായിരിക്കെ നിലമ്പൂർ താലൂക്ക് ആശുപത്രിയിൽ ആരംഭിച്ച സൗജന്യ ഡയാലിസിസ് സെന്റർ സംസ്ഥാനത്തു തന്നെ ആദ്യത്തേതായിരുന്നു. ഗോത്ര, ദലിത് വിഭാഗങ്ങളെ സമൂഹത്തിന്റെ മുൻനിരയിലേക്ക് എത്തിക്കാൻ അവതരിപ്പിച്ച 'ഒപ്പത്തിനൊപ്പം', സർക്കാർ സ്കൂളിൽ ഇംഗ്ലണ്ടിൽ നിന്ന് അദ്ധ്യാപകരെ എത്തിച്ച് ഇംഗ്ലീഷ് പഠിപ്പിച്ച 'സദ്ഗമയ' സ്ത്രീധനരഹിത ഗ്രാമം, 'വഴികാട്ടി', 'ആയിരംവീട്', 40 വയസുവരെയുള്ള എല്ലാവർക്കും പത്താം ക്ലാസ് യോഗ്യത നേടിക്കൊടുത്ത 'സമീക്ഷ' തുടങ്ങി നിരവധി മാതൃകാപദ്ധതികൾ ഷൗക്കത്തിന്റായിട്ടുണ്ട്. 'പാഠം ഒന്ന് ഒരു വിലാപം', 'ദൈവനാമത്തിൽ', 'വിലാപങ്ങൾക്കപ്പുറം' എന്നിങ്ങനെ മൂന്ന് ചലച്ചിത്രങ്ങളുടെ തിരക്കഥ രചിച്ചതും ഷൗക്കത്താണ്. ആര്യാടൻ മുഹമ്മദ് മൂന്നു പതിറ്റാണ്ടിലേറെ പ്രതിനിധീകരിച്ച നിലമ്പൂരിൽ 2016-ൽ മത്സരിച്ച് നിയമസഭാ തെരഞ്ഞെടുപ്പിൽ അരങ്ങേറ്റം കുറിച്ചെങ്കിലും പി.വി. അൻവറിനു മുന്നിൽ പരാജയപ്പെട്ടു. ഒടുവിൽ കേരളമാകെ ശ്രദ്ധിച്ച നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലൂടെ നിയമസഭാ പ്രവേശനം രാജകീയമാക്കാനും ഷൗക്കത്തിനായി. മുംതാസ് ബീഗമാണ് ഭാര്യ. ഡോ. ഒഷിൻസാഗ, ഒലിൻസാഗ, ഒവിൻസാഗ എന്നിവർ മക്കളാണ്.

## ഏഷ്യൻ ന്യൂ ടാലന്റ് വിഭാഗത്തിൽ മികച്ച നടി മീനാക്ഷി ജയൻ



ന്യൂഡൽഹി: 27-ാമത് ഷാങ്ഹായ് ചലച്ചിത്രോത്സവത്തിൽ ഏഷ്യൻ ന്യൂ ടാലന്റ് വിഭാഗത്തിൽ മികച്ച നടിക്കുള്ള പുരസ്കാരം സ്വന്തമാക്കി മീനാക്ഷി ജയൻ. മലയാള ചിത്രം 'വിക്ടോറിയ'യിലെ പ്രകടനത്തിനാണ് മീനാക്ഷിക്ക് പുരസ്കാരം ലഭിച്ചത്. ഈ വർഷം ഷാങ്ഹായിയിൽ പ്രദർശിപ്പിച്ച ഏക ഇന്ത്യൻ സിനിമയും വിക്ടോറിയയാണ്. അങ്കമാലി പശ്ചാത്തലമാക്കി ബ്യൂട്ടീഷ്യനായ വിക്ടോറിയ എന്ന പെൺകുട്ടിയുടെ കഥയാണ് നവാഗതയായ ശിവരഞ്ജിനി ജെ. സംവിധാനം ചെയ്ത സിനിമ പറയുന്നത്. ചിത്രത്തിന്റെ രചനയും എഡിറ്റിങ്ങും നിർവഹിച്ചിരിക്കുന്നതും ശിവരഞ്ജിനി തന്നെയാണ്.

## വയനാട് പുനരധിവാസം: 104 കുടുംബങ്ങൾക്ക് സഹായം വിതരണം ചെയ്തു

കൽപ്പറ്റ: മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിനു കൽപ്പറ്റയിൽ ഉയരുന്ന ടൗൺഷിപ്പിൽ വീട് വേണ്ടെന്നു തീരുമാനിച്ച 104 കുടുംബങ്ങൾക്ക് സർക്കാർ വാഗ്ദാനം ചെയ്ത 15 ലക്ഷം രൂപ വീതം വിതരണം ചെയ്തു. ഏതാനും ദിവസം മുമ്പാണു ഗുണഭോക്താക്കൾക്കു തുക വിതരണം ചെയ്തത്. ആകെ 16,05,00,000 രൂപയാണു വിതരണം ചെയ്തത്.

ഇതിൽ 2.8 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും (എസ്ഡിആർഎഫ്) 13.52 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുമാണ്. ടൗൺഷിപ്പിൽ ആകെയുള്ള 402 ഗുണഭോക്താക്കളുടെ പുനരധിവാസ പട്ടികയിൽ 107 പേരാണു വീടിനു പകരം 15 ലക്ഷം രൂപ മതി എന്നറിയിച്ചത്. ഇതിൽ രണ്ടു പേർ നേരത്തെ അറിയിച്ചതിൽനിന്നു വ്യത്യസ്തമായി ടൗൺഷിപ്പിൽ വീട് വേണം എന്നു കത്ത് നൽകി. ഒരാൾ എറാട്ടുകുണ്ട് ഉന്നതിയിലെ താമസക്കാരിയാണ്. ഉന്നതിയിൽ ഉൾപ്പെട്ട ദുരന്തബാധിതരായ എല്ലാ കുടുംബങ്ങൾക്കും മേപ്പാടി ഗ്രാമപഞ്ചായത്തിൽ തന്നെ വീട് നൽകി പുനരധിവസിപ്പിക്കാൻ തീരുമാനിച്ചിരുന്നു.

ഈ മൂന്ന് പേർ ഒഴികെ ബാക്കിയുള്ള മുഴുവൻ പേർക്കുമാണു തുക വിതരണം ചെയ്തത്. ടൗൺഷിപ്പിൽ വീടോ 15 ലക്ഷം രൂപയോ ലഭിച്ചു കഴിഞ്ഞവർക്ക് തുക കൈമാറി ലഭിക്കുന്ന മാസവും തൊട്ടടുത്ത മാസവും മാത്രമേ വീട്ടുവാടകയായി നിലവിൽ നൽകുന്ന ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. 402 ഗുണഭോക്താക്കളിൽ 292 പേരാണു ടൗൺഷിപ്പിൽ വീട് തെരഞ്ഞെടുത്തത്.

## ഓപ്പറേഷൻ മിഡ്നൈറ്റ് ഹാമർ

(3-ാം പേജിൽനിന്നും)

അനന്തമായ പരിണതഫലം അമേരിക്ക നേരിടേണ്ടിവരുമെന്ന് ഇറേനിയൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി മുന്നറിയിപ്പു നൽകി. അബ്ബാസ് അരാഗ്ചി റഷ്യയിലെത്തി സ്ഥിതിഗതികൾ അറിയിച്ചു. അമേരിക്കൻ ആക്രമണത്തെ റഷ്യ ശക്തമായി അപലപിച്ചു.

ഇതിനിടെ, ലോകത്തിന്റെ ഊർജ ഇടനാഴി എന്നു വിശേഷിക്കപ്പെടുന്ന ഹോർമുസ് കടലിടുക്ക് അടച്ചിടാൻ ഇറാൻ തയാറെടുക്കുന്നതായി റിപ്പോർട്ടുണ്ട്. ഇന്ത്യയടക്കമുള്ള രാജ്യങ്ങളെ ഗുരുതരമായി ബാധിക്കുന്നതാണിത്. സൗദി, ഇറാക്ക്, കുവൈറ്റ്, ഇറാൻ, യുഎഇ തുടങ്ങിയ രാജ്യങ്ങളെല്ലാം അവരുടെ അസംസ്കൃത എണ്ണ ആഗോള വിപണിയിലെത്തിക്കാൻ ആശ്രയിക്കുന്നത് ഹോർമുസ് കടലിടുക്കിനെയാണ്.

ആണവകേന്ദ്രങ്ങളിലുണ്ടായ ആക്രമണത്തിനു പിന്നാലെ ഇസ്രയേലിലേക്ക് ഇറാൻ മിസൈൽവർഷം നടത്തി. അനവധി പോർമുനകൾ വഹിക്കാൻ കഴിയുന്ന ഖുറംഷഹർ-4 ഉൾപ്പെടെ 40 മിസൈലുകളാണ് ഇസ്രയേലിലേക്കു തൊടുത്തത്. എൺപതിലേറെ പേർക്കു പരുക്കേറ്റു. ടെൽ-അവീവിലെ ബഹുനിലക്കെട്ടിടത്തിനു സാരമായ നാശനഷ്ടമുണ്ടായി. നിരവധി വീടുകൾ പൂർണമായും തകർന്നു. ഇറാനിലെ ഡസൻകണക്കിന് സൈനികകേന്ദ്രങ്ങൾ ആക്രമിച്ച് ഇസ്രയേൽ തിരിച്ചടിച്ചു. 30 യുദ്ധവിമാനങ്ങൾ ഉപയോഗിച്ചായിരുന്നു ആക്രമണം.

## ഉജ്വല വിജയം നേടി ആര്യാടൻ ഷൗക്കത്ത്

(ഒന്നാം പേജിൽ നിന്നും)

എണ്ണിത്തുടങ്ങുമ്പോൾ ഇരുമുന്നണികളുടെയും കണക്കുകൂട്ടലുകൾ തെറ്റിച്ച് മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. വഴിക്കടവ് പഞ്ചായത്തിൽ ഏകദേശം മൂവായിരം വോട്ടുകളുടെ ലീഡാണ് യുഡിഎഫ് ക്യാമ്പ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ, രണ്ടായിരം വോട്ടുകളുടെ ലീഡാണ് നേടാനായത്.

ആദ്യറൗണ്ട് കഴിഞ്ഞപ്പോൾ 410 വോട്ടുകളുടെ ലീഡാണ് യുഡിഎഫിന് ലഭിച്ചത്. രണ്ടാം റൗണ്ട് കഴിയുമ്പോൾ അത് 1239 ആയി ഉയർന്നു. മൂന്നാം റൗണ്ടിൽ 230 വോട്ടുകളുടെ ലീഡും നേടിയതോടെ 1449 വോട്ടുകളുടെ ലീഡിൽ യുഡിഎഫ് എത്തി. മൂന്നു റൗണ്ടുകൾ കഴിഞ്ഞപ്പോൾ 4,119 വോട്ടുകളാണ് അൻവർ നേടിയത്. 13-ാം റൗണ്ട് കഴിഞ്ഞപ്പോൾ പതിനായിരവും കടന്ന് കുതിക്കുകയായിരുന്നു അൻവർ.

നിലമ്പൂരിലേത് കേരളത്തിലെ ജനങ്ങളുടെ വിജയമാണെന്ന് ആര്യാടൻ ഷൗക്കത്ത് പ്രതികരിച്ചു. ഒമ്പതു വർഷമായി അവഗണിക്കപ്പെട്ട നിലമ്പൂരിലെ ജനങ്ങളുടെ വിജയമാണിത്. പിണറായി സർക്കാരിനെതിരായ ജനരോഷം നിലമ്പൂർ ഏറ്റെടുത്തു.

സർക്കാരിനെതിരായ പ്രതിഷേധവും പ്രതികരണവുമാണ് ഈ തെരഞ്ഞെടുപ്പ് ഫലമെന്ന് ഷൗക്കത്ത് പറഞ്ഞു. യുഡിഎഫ് പ്രതീക്ഷിച്ചതിനേക്കാൾ അപ്പുറമൊന്നും നടന്നിട്ടില്ലെന്നായിരുന്നു അൻവറിനെപ്പറ്റിയുള്ള ചോദ്യത്തിന് ഷൗക്കത്തിന്റെ മറുപടി.

## പുനഃസ്ഥാപിക്കില്ല

(3-ാം പേജിൽനിന്നും)

അതാണു തങ്ങൾ ചെയ്തതെന്നും ആഭ്യന്തരമന്ത്രി പറഞ്ഞു. പാകിസ്ഥാന്റെയും ഇന്ത്യയുടെയും അഭിവൃദ്ധിക്കും സമാധാനത്തിനും വേണ്ടിയാണ് കരാറെന്ന് അതിന്റെ ആമുഖത്തിൽ വ്യക്തമാക്കുന്നുണ്ടെങ്കിലും ഒരിക്കൽ അതു ലംഘിച്ചാൽ തുടരാനാകില്ല. പാകിസ്ഥാന് നീതിരഹിതമായി ലഭിച്ചുകൊണ്ടിരുന്ന വെള്ളത്തിൽ അവർക്ക് ക്ഷാമം നേരിടേണ്ടിവരുമെന്നും അമിത് ഷാ കൂട്ടിച്ചേർത്തു.

2029 തെരഞ്ഞെടുപ്പ് 33 ശതമാനം വനിതാസംവരണത്തോടെ നടക്കുമെന്നും അടുത്ത സെൻസസിൽ ജാതി കണക്കെടുപ്പ് നടക്കുമെന്നും ആഭ്യന്തരമന്ത്രി വ്യക്തമാക്കി.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______
Name ______
Address ______
City ______ State ______ Zip ______
Phone: ______ Email: ______
Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______
CARD ACCOUNT NUMBER
SEC. CODE:
Please make the Cheque payable to
KERALA EXPRESS
3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917
Subscription fee non-refundable

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*





K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: 847-724-3020 • Cell: 847-833-6038

CPA SM
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com



പ്രശസ്ത ക്രിസ്തീയ ഗാനകാവ്യരചയിതാവും ക്രൈസ്തവ സാഹിത്യകാരിയുമായ
സിസ്റ്റർ സൂസൻ ബി. ജോൺ ഫ്ളോറിഡ
രചിച്ച് പാരഡൈസ് ഓഡിയോ മിനിസ്ട്രീസ് പുറത്തിറക്കിയ
ഓഡിയോ വീഡിയോ ഗാനങ്ങൾ




പുസ്തകം ലഭിക്കുന്നതിനായി ബന്ധപ്പെടുക
Paradise Audio Ministries Bookstall
26th
North American Church of God
PREPARE CONFERENCE, ATLANTA, GA

www.facebook.com/susan.babu.52493



USA - FL
Sis. Susan B. John
Cell: 954 465 5758
Email: susanbabu627@yahoo.com
www.paradiseaudioministries.com

YouTube channel: susan b. john



Paradise
Audio Ministries FL

INDIA
Br. Jimu Saji: 0091 9048803011
Pr. Peter P. John: 0091 9447339991
Br. John David: 0091 7025474120

YouTube Watch Many More

# ARACKAL VACATION HOME

**UZHAVOOR, KOTTAYAM, KERALA**



5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY

FOR BOOKING:
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM

#1 SERVICE



BROKER / REALTOR®

# Ann Varkey

**Certified Luxury Home Specialist**
RE/MAX Properties S.W., Inc.
(407) 352-5800 Ext. 645
WWW.ANNVARKEY.COM
AnnVarkeyRealtor@gmail.com

#1 RE/MAX ORLANDO FLORIDA

REALTOR 37 YEARS

Lifetime Achievement Award - Chairman's Club Award – Hall of Fame – YMCA Leaders Club Honor

## PHILLIPS LANDING 24 HOUR GUARDED & GATED COMMUITY









**9062 Dancy Tree Court**
6 BR + 4.5 BA
4,111 Sq. Ft. 5,030 Total
Lake Access, Community Playground
**$1,295,000**










PHILLIPS LANDING
9018 SOUTHERN BREEZE DR
6 BR 5 BA + OFFICE
$1,695,000

PHILLIPS LANDING
9331 SOUTHERN BREEZE DR
$6,999/ mo.

PARTICIPATED INSELLING
PHILLIPS LANDING
9049 SOUTHERN BREEZE DR
6 BR 6.5 BA LAKEFRONT, POOL
$4,750,000

WEBSITE
ANNVARKEY.COM
Details

*WHEN YOU ARE LOOKING FOR RESULTS, YOU CALL THE BEST.*
*WHEN YOU WANT THE BEST, YOU CALL ANN. 407-489-4225*

www.AnnVarkey.com
See Testimonials on Ann's Website
Ann gives back to the community

Other Listings, Vacant Lands, Rentals also available. See Letters from Washington.

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**